# താമരമൊട്ടുകൾ

വാല്യം 25 | നവംബർ 2023 | ലക്കം 11 | Price ₹20



All Saints' DAY

താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# Bishop's Programme
# November 2023

| | | |
|---|---|---|
| 01 | 06.45 | Punnackal |
| | 10.00 | East Hill |
| 02 | 06.30 | Koorottupara |
| | 17.00 | Mavoor |
| 03 | | Engaged |
| | 18.30 | Kunnamangalam |
| 04 - 06 | | Gorakhpur |
| 10 | 06.30 | PMOC |
| | 18.30 | Bethania |
| 11 | 10.00 | Thamarassery |
| | 14.00 | Kodanchery |
| | 16.00 | Kallurutty |
| 12 | 07.00 | PMOC |
| 12 - 17 | | Aluva |
| 17 | 16.00 | Cheerattamala |
| 18 | 06.30 | Korangad |
| | 15.00 | Padathukadavu |
| 19 | | Padathukadavu<br>- Pastoral Visit |
| 20 | 18.00 | Kakkadampoil |
| 21 | 10.30 | Chevayur |
| 22 | 18.00 | Vilakkamthode |
| 23 | 10.00 | Koodaranji |
| | 18.00 | Anickampoyil |
| 24 | 18.30 | Bethania |
| 25 | 06.30 | Mariapuram |
| | 14.30 | Kalikavu |
| | 17.00 | Karuvarakundu |
| 26 | 09.30 | Paroppady |
| | 16.00 | Kakkavayal |
| 27 - 29 | | PMOC |
| 30 | 11.00 | Thiruvambady |
| | 18.00 | Mavoor |

താമരമൊട്ടുകൾ നവംബർ 2023
വാല്യം 25 ലക്കം 11

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)




“പ്രാർത്ഥനയോടും ഉപവാസത്തോടും കൂടെ, അവരെ തങ്ങൾ വിശ്വസിച്ച കർത്താവിനു സമർപ്പിച്ചു.”

(അപ്പ. 14:23)

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 761 |
| 2. | പ്രോഗ്രാം നവംബർ 2023 | 762 |
| 3. | സർക്കുലർ | 763 |
| 4. | റോമിൽ നടക്കുന്ന മെത്രാന്മാരുടെ സിനഡ് | 767 |
| 5. | റോമിൽ നടക്കുന്ന മെത്രാന്മാരുടെ സിനഡിനെക്കുറിച്ചുള്ള രണ്ടാമത്തെ കത്ത് | 772 |
| 6. | കച്ചേരിക്കാര്യം | 775 |
| 7. | ഫാ. ജോൺ പ്രകാശ് പുന്നക്കുന്നേൽ ധന്യമായ ജീവിതത്തിന്റെ ഉടമ | 777 |
| 8. | ഒരു യഥാർത്ഥ വൈദികനായ (A True Priest) ഫാ. ഫ്രാൻസിസ് കള്ളികാട്ട് | 780 |
| 9. | ലാളിത്യത്തിന്റെ പര്യായം ഫാ. മാത്യു തകിടിയേൽ | 785 |
| 10. | ബൈബിൾ അപ്പോസ്തൊലേറ്റ് | 789 |
| 11. | ഫാമിലി അപ്പോസ്തൊലേറ്റ് | 790 |
| 12. | വിശ്വാസപരിശീലനം | 791 |
| 13. | ലിറ്റർജി കമ്മീഷൻ | 796 |
| 14. | സെമിനാരി വാർത്തകൾ | 797 |
| 15. | അൾത്താര സംഘടന | 798 |
| 16. | ചെറുപുഷ്പ മിഷൻലീഗ് | 799 |
| 17. | തിരുബാലസഖ്യം | 803 |
| 18. | പോപ്പ് ജോൺ പോൾ കക ഇൻസ്റ്റിറ്റ്യൂട്ട് | 805 |
| 19. | അൽഫോൻസ കോളേജ് തിരുവമ്പാടി | 806 |
| 20. | കെസിവൈഎം – എസ്എംവൈഎം | 809 |
| 21. | എയ്ഡർ എഡ്യുക്കെയർ | 821 |
| 22. | മരിയൻ പ്രോ – ലൈഫ് | 822 |
| 23. | കരിസ്മാറ്റിക് മൂവ്മെന്റ് | 824 |
| 24. | ബഥാനിയ ധ്യാനകേന്ദ്രം | 826 |
| 25. | വികസനവേദി | 829 |
| 26. | യേശുനിധി | 831 |
| 27. | അജപാലനക്കുറിപ്പുകൾ | 832 |

# Birth Day Greetings

Rev. Fathers

| | | |
|---|---|---|
| Kalapurackal Thomas | November | 4 |
| Muringayil Sebastian | | 4 |
| Thevadiyil Thomas | | 8 |
| Vallikunnel James | | 8 |
| Nelliany Pius MSFS | | 10 |
| Embrayil Sebastian (Sr.) | | 11 |
| Panamattamparambil Sebastian | | 12 |
| Poovathinkal Paul | | 12 |
| Kiliyanparambil Joseph | | 13 |
| Koramkottu Mathew | | 14 |
| Puthenveettil Kurakose | | 15 |
| Pulimoottil Mathew (Sr.) | | 17 |
| Kalariparambil John | | 20 |
| Chundayil Joseph | | 20 |
| Kavalakatt Sebastian | | 21 |
| Poriath Thomas | | 22 |
| Kavil Rony Paul | | 28 |

# Feast day greetings

Rev. Fathers

| | | |
|---|---|---|
| Mangarayil Scaria | November | 5 |
| Nedumala Zacharias | | 5 |
| Ponganpara Cheriyan | | 5 |
| Thundathil Scaria | | 5 |

**Mar Remigiose Inchananiyil**

# പ്രോഗ്രാം നവംബർ 2023

| | | |
|---|---|---|
| 01 | ബുധൻ | **സകല വിശുദ്ധരുടെയും തിരുന്നാൾ** |
| 02 | വ്യാഴം | **സകല മരിച്ചവരുടെയും ഓർമ്മ** |
| 04 | ശനി | വി. ചാൾസ് ബൊറോമിയ |
| | | വി. സഖറിയായും, വി. ഏലീശ്വായും |
| 11 | ശനി | ചരമദിനം: ഫാ. ഫിലിപ്പ് കണക്കഞ്ചേരി (2004) |
| 26 | ഞായർ | **മിശിഹായുടെ രാജത്വത്തിരുന്നാൾ** |
| | | ചരമദിനം : ഫാ. അഗസ്റ്റിൻ പന്നിക്കോട്ട് (2011) |
| 27 | തിങ്കൾ | വൈദിക സെമിനാർ (27–30) |
| 30 | വ്യാഴം | അന്ത്രയോസ് ശ്ലീഹ |



# ബൈബിൾ പാരായണ മാസവും ബൈബിൾ ഞായറാഴ്ചാചരണവും സംബന്ധിച്ച് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

**പ്രിയമുള്ളവരേ,**

വചനം മാംസം ധരിച്ച യേശുവിന്റെ തിരുപ്പിറവി ആഘോഷിക്കുന്ന ഡിസംബർ, ബൈബിൾ പാരായണമാസമായും, ഈ വർഷം ഡിസംബർ 17 'ബൈബിൾ ഞായറായും' കേരള കത്തോലിക്കാ സഭ ആചരിക്കുകയാണ്. സിനഡാത്മകതയെക്കുറിച്ചുള്ള മെത്രാന്മാരുടെ പൊതു സിനഡിന്റെയും കേരളസഭാനവീകരണ വർഷങ്ങളുടെയും (2022–2025) ഭാഗമായി ഇപ്പോൾ നമ്മുടെ രൂപതകളിൽ ദിവ്യാരുണ്യ ആഘോഷങ്ങളും പരിചിന്തനങ്ങളും നടന്നുവരികയാണല്ലോ. യോഹന്നാന്റെ സുവിശേഷം 6–ാം അധ്യായം അടിസ്ഥാനമാക്കി 'ജീവന്റെ അപ്പം: വചനവും വിരുന്നും' (6,27–69) പരിചിന്തനം ചെയ്യുന്നത് ഉചിതമാണെന്ന് കരുതുന്നു.

I. യോഹന്നാൻ 6:35 "ഞാനാണ് ജീവന്റെ അപ്പം എന്റെ അടുത്തു വരുന്നവന് ഒരിക്കലും വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവന് ദാഹിക്കുകയുമില്ല". യേശുവുമായുള്ള സമ്പർക്കത്തിന്റെ രണ്ട് തലങ്ങളായോ ചലനങ്ങളായോ മേലുദ്ധരിച്ച വാകൃത്തിലെ "വരുക", "വിശ്വസിക്കുക" എന്ന ആഹ്വാനത്തെ നമുക്ക് മനസിലാക്കാം. സമാന്തരപദങ്ങളായിട്ടാണല്ലോ അവ ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. തന്റെ അടുത്തുവരുന്ന ആളുമായി യേശു സംവദിക്കും; യേശുവുമായുള്ള സംഭാഷണം വഴി അയാൾ തൃപ്തിയടയും. മനുഷ്യന്റെ എല്ലാ അന്വേഷണങ്ങളുടെയും അഭിലാഷങ്ങളുടെയും സഫലത യേശുവിലാണ്, അവിടത്തെ വചനത്തിലാണ്. അതുകൊണ്ടാണ് യേശു സ്വയം ജീവന്റെ അപ്പമെന്ന് വിശേഷിപ്പിക്കുന്നത്. ഫരിസേയപ്രമാണിയായ നിക്കോദേമോസും, (യോഹ 3) ദാഹാർത്ഥയായ സമരിയാക്കാരി സ്ത്രീയും (യോഹ 4) ക്രിസ്തുവാകുന്ന ജീവജലത്തിന്റെ ഉറവയിലാണല്ലോ തങ്ങളുടെ അന്വേഷണത്തിന്റെ ഉത്തരം കണ്ടെത്തുന്നത്. ക്രിസ്തുവിന്റെ അടുത്ത് വരുന്നതിന്റെയും വിശ്വസിക്കുന്നതിന്റെയും ചിത്രങ്ങളാണ് സുവിശേഷകൻ ഇവിടെ അവതരിപ്പിക്കുന്നത്. വചന

ങ്ങൾ ശ്രവിച്ച് തൃപ്തിയടഞ്ഞവരാണവർ.

II. യോഹന്നാൻ 6,51: “സ്വർഗത്തിൽനിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാകുന്നു. ആരെങ്കിലും ഈ അപ്പത്തിൽനിന്നു ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും. ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നല്കുന്ന അപ്പം എന്റെ മാംസമാകുന്നു”. ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണത്തിന്റെ രണ്ടാംഭാഗത്ത് “ജീവന്റെ അപ്പ”മെന്നത് ദിവ്യകാരുണ്യം തന്നെയാണെന്നുള്ള ബോധ്യത്തിലേക്കു നാം ആനയിക്കപ്പെടുന്നു. ആദ്യഭാഗത്ത് “ജീവന്റെ അപ്പം” എന്നത് യേശുവിന്റെ വചനമാണെങ്കിൽ, രണ്ടാംഭാഗത്ത് അത് ദിവ്യകാരുണ്യത്തെ സൂചിപ്പിക്കുന്നു. ലോകത്തിന്റെ ജീവനുവേണ്ടി യേശു നല്കുന്ന പോഷണത്തിന്റെ ഉൽകൃഷ്ടരൂപമാണ് ദിവ്യകാരുണ്യം. എന്നാൽ ജീവന്റെ വചനത്തിൽ വിശ്വസിക്കുന്നവർക്ക് മാത്രമേ ജീവന്റെ അപ്പത്തിന്റെ അതിശ്രേഷ്ഠരൂപമായ ദിവ്യകാരുണ്യത്തിലേക്ക് പ്രവേശിക്കാൻ സാധിക്കുകയുള്ളൂ എന്നതാണ് വാസ്തവം. അതുകൊണ്ടാണ് അവന്റെ ശിഷ്യരിൽ പലരും “ഈ വചനം കഠിനമാണ്. ഇതു ശ്രവിക്കാൻ ആർക്കു കഴിയും?” (6,60) എന്നു പറഞ്ഞ് അവിടുത്തെ വിട്ടുപോയത് (6,66). യേശുവിന്റെ വചനത്തിൽ വിശ്വസിക്കാത്തവർക്ക്, ദിവ്യകാരുണ്യത്തിലൂടെ ക്രിസ്തുവിനെ അനുഭവിക്കാത്തവർക്ക്, ക്രിസ്തു രഹസ്യത്തിന്റെ അർഥത്തിലേക്ക് പ്രവേശിക്കാനാവില്ല. ക്രൈസ്തവ വിശ്വാസത്തിന്റെയും ആരാധനയുടെയും ഉച്ചകോടിയും ഉറവിടവുമായി സഭ ദിവ്യകാരുണ്യത്തെ വീക്ഷിക്കുന്നത് മറ്റൊന്നുകൊണ്ടല്ല. വിശ്വാസികളായ നമുക്ക് ദൈവം സ്വയം സംലഭ്യനാകുന്നത് പരമപരിശുദ്ധ ദിവ്യകാരുണ്യത്തിന്റെ ഇരുമേശകളായ വചനപീഠത്തിന്റെയും ബലിപീഠത്തിന്റെയും വേദിയിലാണ്.

III. “കർത്താവേ, ഞങ്ങൾ ആരുടെ അടുത്തേക്കുപോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്. നീയാണു ദൈവത്തിന്റെ പരിശുദ്ധൻ എന്നു ഞങ്ങൾ വിശ്വസിക്കുകയും അറിയുകയും ചെയ്തിരിക്കുന്നു” (6,68.69). തന്റെ വാക്കുകൾ ആത്മാവും ജീവനുമാണെന്ന് യേശു പഠിപ്പിച്ചു (6,63). താൻ ജീവന്റെ അപ്പമാണെന്നും തന്റെ വചനം ശ്രവിക്കുകയും ശരീരം ഭക്ഷിക്കുകയും ചെയ്യുന്നവന് നിത്യജീവനുണ്ടെന്ന ക്രിസ്തു പ്രഖ്യാപനത്തിനുള്ള വിശ്വാസപൂർണവും യുക്തവുമായ പ്രത്യുത്തരമാണ് മേൽ സൂചിപ്പിച്ച പത്രോസിന്റെ വാക്കുകൾ. ദിവ്യകാരുണ്യകൂദാശയിലൂടെ ക്രിസ്തുവിനെ വചനമായും അപ്പമായും സ്വീകരിക്കുന്ന വിശ്വാസി ദൈവപുത്രന്റെതന്നെ പരിശുദ്ധിയിലും ജീവനിലുമാണ് പങ്കുചേരുന്നത്. ലോകത്തിന്റെ ജീവനുവേണ്ടി യേശു നല്കുന്ന അപ്പം തന്റെ വചനവും മാംസവു

മാണ്. വചന നിറവുള്ളവർക്കേ ദിവ്യകാരുണ്യരഹസ്യത്തിലേക്ക് പ്രവേശിക്കാൻ സാധിക്കുകയുള്ളൂ.

ഒഴിഞ്ഞകുടവുമായി ജലംതേടിവന്ന സമരിയാക്കാരി സ്ത്രീ, യേശുവചനത്താൽ നിറഞ്ഞ് കുടമുപേക്ഷിച്ച് (യോഹ 4,28.29) ഓടിയത് തന്റെ ദാഹം ശമിച്ച വിവരം സന്തോഷപൂർവം തന്റെ നാട്ടുകാരോട് പങ്കുവയ്ക്കാനാണ്. ക്രിസ്തുവിന്റെ വാക്ക് അവളുടെ ജീവിതത്തിൽ ഇതിനകം ജീവന്റെ അപ്പമായിക്കഴിഞ്ഞിരുന്നു. വചനത്തിന്റെ പോഷണത്താൽ സംതൃപ്തരാകുന്നവർക്ക് പ്രേഷിതരാകാതിരിക്കാനാകില്ലെന്നും, അവരോരുത്തരും പ്രേഷിതരായി ഭവിക്കുന്നുവെന്ന് ഫ്രാൻസിസ് പാപ്പ പറയുന്നതിന്റെ പൊരുൾ സമരിയാക്കാരുടെ ജീവിതകഥ നമുക്ക് വ്യക്തമാക്കിത്തരുന്നു. (സുവിശേഷത്തിന്റെ സന്തോഷം *EG. 120*).

**കേരളകത്തോലിക്കാ സഭയും ബൈബിൾ ശുശ്രൂഷയും**

വചനനിറവിലേക്ക് കേരളസഭയെ ഈ നവീകരണ കാലയളവിൽ നയിക്കുന്നതിനായി കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പോസ്തോലേറ്റുകൾക്കും നിർണായകമായ പങ്കാണ് നിർവഹിക്കാനുള്ളത്. മലയാളം ബൈബിളിന്റെ ശ്രവ്യരൂപവും ഇന്റർനെറ്റ് രൂപവും സൈൻ ബൈബിളും ഇന്ന് നമുക്ക് ലഭ്യമാണ്. പരിഷ്ക്കരിച്ച പി.ഒ.സി. ബൈബിൾ പ്രസിദ്ധീകരണത്തിനായി തയ്യാറായി വരുന്നു. ഈ പരിഷ്ക്കരിച്ച പതിപ്പിന്റെ പുതിയനിയമപഠന ബൈബിൾ 2021-ൽ പ്രസിദ്ധീകരിച്ചു. ലക്ഷങ്ങൾ പങ്കെടുക്കുന്ന ലോഗോസ് ക്വിസ് ആഗോളതലത്തിൽ അതുല്യസ്ഥാനം നേടിക്കഴിഞ്ഞു. കുടുംബങ്ങൾക്കായി ഫാമിലി ലോഗോസും ബധിര-ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള ലോഗോസ് പരീക്ഷയും ശ്രദ്ധയാകർഷിച്ചുവരുന്നു. ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് ആഴത്തിൽ അറിവുപകരുന്ന വിജ്ഞാനരീതിയായി മാറിക്കഴിഞ്ഞിരിക്കുന്നു. ബൈബിളിലെ പല പുസ്തകങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിരിക്കുന്ന യുട്യൂബ് - വീഡിയോ ക്ലാസ്സുകൾ ഓൺലൈനിൽ ലഭ്യമാണ്. വചനനിറവിനായി ബൈബിൾ ക്ലാസ്സുകളും ബൈബിൾ അദ്ധ്യാത്മിക പരിശീലന കോഴ്സുകളും ഫലപ്രദമായി നടന്നുവരുന്നു. ഓരോ കുടുംബത്തിലും ഓരോ ബൈബിൾ എന്ന ലക്ഷ്യം കേരളസഭയിൽ സാധ്യമായിട്ടുണ്ട്. ഓരോ വ്യക്തിക്കും ഓരോ ബൈബിൾ എന്നതാണ് നാം ഇനി ലക്ഷ്യം വയ്ക്കേണ്ടത്. പി.ഒ.സി. ബൈബിൾ ആപ്ലിക്കേഷനും, ഓഡിയോ ബൈബിളും കൂടുതൽ പ്രചാരത്തിലെത്തിക്കാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ. ഭവനങ്ങളിലും യാത്രകളിലും ഓഡിയോ ബൈബിൾ ശ്രവിക്കുന്ന ശീലം വളർത്താൻ എല്ലാവരെയും പരിശീലിപ്പിക്കണം.

**ബൈബിൾ പാരായണവും ബൈബിൾ ഞായറും**

ക്രിസ്തുവിന്റെ മാർഗത്തിൽ ആഴപ്പെടുവാൻ പ്രാർഥനാപൂർവകമായ ബൈബിൾ പാരായണത്തിനു സാധിക്കും. നവീകരണ കാലഘട്ടത്തിലെ ഈ വചനയജ്ഞം ഇടവകതലത്തിലും കുടുംബകൂട്ടായ്മയിലും സംഘടിപ്പിക്കാവുന്നതാണ്. ദിവസം മൂന്നര മണിക്കൂർ ബൈബിൾ വായനയ്ക്കായി മാറ്റി വച്ചാൽ ഒരു മാസംകൊണ്ട് മുഴുവൻബൈബിളും വായിച്ചുതീർക്കാൻ നമുക്കു സാധിക്കും എന്നാണ് കണക്കുകൂട്ടൽ. ഇടവകകളിലും സ്ഥാപനങ്ങളിലും ഈ മാസത്തിൽ വചനപാരായണത്തിനായി പ്രത്യേകം സമയവും സാഹചര്യവും ഒരുക്കാൻ തയ്യാറാകുമല്ലോ. വ്യക്തികളും കുടുംബങ്ങളും ഈ പാരായണമാസം സമുചിതമായി നടത്താൻ സ്നേഹപൂർവം ആഹ്വാനം ചെയ്യുന്നു.

ഡിസംബർ 17–ന് ബൈബിൾ ഞായർ ഇടവകകളിൽ ബൈബിൾപ്രതിഷ്ഠയോടും ബൈബിൾ പ്രദക്ഷിണത്തോടുംകൂടെ സമുചിതമായി ആചരിക്കാൻ ആഹ്വാനം ചെയ്യുന്നു. കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും രൂപതാബൈബിൾ അപ്പോസ്തോലേറ്റിന്റെയും ശുശ്രൂഷകൾക്കുവേണ്ടി ബൈബിൾ ഞായറാഴ്ച നടത്തുന്ന ദിവ്യബലി മധ്യേയുള്ള സംഭാവന രൂപതാകേന്ദ്രങ്ങളിൽ എത്തിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ക്രിസ്തുവിന്റെ ശരീരത്തിലെ ഓരോ അവയവവും അതിന്റെ ധർമ്മം പൂർത്തിയാക്കുന്നതോടൊപ്പം മറ്റ് അവയവങ്ങൾക്കും ശക്തിപകർന്ന് ഒരേ ശരീരവും ഭവനവുമായി വളരാൻ നമ്മുടെ ബൈബിൾ ശുശ്രൂഷകൾക്കാകട്ടെ. ദൈവവചനത്തിലധിഷ്ഠിതമായ നവീകരണയജ്ഞത്തിൽ കേരളസഭയോടൊപ്പം നമുക്കോരോരുത്തർക്കും പങ്കുചേരാം.

ദൈവവചനത്തിന്റെ നിറവിൽ അനുഗൃഹീതരാകാനും "പ്രേഷിത ശിഷ്യരാകാനും" നിങ്ങളേവരോടും ആഹ്വാനം ചെയ്തുകൊണ്ടും മനുഷ്യാവതാര തിരുനാളിന്റെ പ്രാർഥനാശംസകൾ നേർന്നുകൊണ്ടും

സ്നേഹാദരങ്ങളോടെ,

**+ ബിഷപ് റൈറ്റ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ**
(ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

**+ ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

**+ ബിഷപ് മാർ ജോൺ നെല്ലിക്കുന്നേൽ**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

# റോമിൽ നടക്കുന്ന മെത്രാൻമാരുടെ സിനഡ്

അഭിവന്ദ്യ പിതാക്കന്മാരേ, വൈദികസഹോദരന്മാരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ!

ഒക്ടോബർ നാലാം തീയതി റോമിൽ ആരംഭിച്ച മെത്രാന്മാരുടെ സിനഡ് രണ്ടാഴ്ച പിന്നിട്ടിരിക്കുന്നു. അതിനാൽ സിനഡിനെക്കുറിച്ച് ഏതാനും ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കാൻആഗ്രഹിക്കുന്നു. സിനഡ് എന്ന പദത്തെക്കുറിച്ചുതന്നെ ആദ്യം പറഞ്ഞുകൊള്ളട്ടെ. 'സിനഡ്' എന്ന വാക്കു ഗ്രീക്കു ഭാഷയിൽ നിന്നാണ് ക്രൈസ്തവ സഭയിലേക്കു കടന്നുവന്നത്. ഈ പദം സിൻ (syn), ഓഡോസ് (odos) എന്നീ രണ്ടു പദങ്ങൾ ചേർന്നുണ്ടായതാണ്. ഗ്രീക്കു ഭാഷയിൽ 'സിൻ' എന്നതിന് 'ഒന്നിച്ച്' എന്നും 'ഓഡോസ്' എന്നാൽ 'വഴി' എന്നുമാണർത്ഥം. 'ഒന്നിച്ച് ഒരേ വഴിയിൽ' എന്നാണ് സിനഡ എന്ന പദത്തിന്റെ മൂലാർത്ഥം. 'ഞാനാണ് വഴി' എന്ന് ഈശോ പറയുന്നുണ്ടല്ലോ. ഗ്രീക്കു ബൈബിളിൽ ഈ ഭാഗത്ത് ഉപയോഗി ച്ചിരിക്കുന്ന പദം 'ഓഡോസ്' എന്നാണ്.

സഭയുടെ സിനഡൽ സ്വഭാവം കർത്താവായ ഈശോയിൽ നിന്നുതന്നെയാണു രൂപം കൊണ്ടിട്ടുള്ളത്. സ്വർഗാരോഹണത്തിനു ശേഷം തന്റെ ദൗത്യം ലോകത്തിൽ തുടരാൻ ഈശോ പിൻഗാമിയായി ഒരാളെ നിയമിക്കുകയല്ല, പന്ത്രണ്ടുപേരുടെ ഒരു സംഘത്തെയാണു നിയോഗിച്ചത്. അവരുടെ സ്നേഹക്കൂട്ടായ്മയിൽ സഭ നയിക്കപ്പെടണം എന്ന് അവിടുന്ന് നിശ്ചയിച്ചു. അതാണു പിന്നീടു മെത്രാന്മാരുടെ സംഘമായി രൂപപ്പെട്ടത്. പന്ത്രണ്ടുപേരുടെ സംഘ ത്തിനു പരിശുദ്ധാത്മശക്തിയും നല്കപ്പെട്ടു. അതെ ആത്മാവിന്റെ ശക്തി പന്തക്കുസ്തായിൽ വിശ്വസിച്ചു സ്നാനപ്പെട്ട വർക്കും ലഭിച്ചു. ഈ പരിശുദ്ധാത്മദാനം ഇന്ന് ഈശോമിശിഹായിൽ വിശ്വസിച്ചു മാമ്മോദീസ സ്വീകരിക്കുന്നവർക്കു ദാനമായി ലഭിക്കുന്നു. അതു പോലെ പന്ത്രണ്ടുശ്ലീഹന്മാരുടെ പിൻഗാമികളായ മെത്രാന്മാർക്കും അവരോടു ചേർന്നു പൗരോഹിത്യശുശ്രൂഷ നിർവ്വഹിക്കുന്ന വൈദി കർക്കും ഈ ദാനം വിശേഷവിധിയായി ലഭിക്കുന്നു. ഇപ്രകാരം ആത്മാവിനാൽ ന

യിക്കപ്പെടുന്ന എല്ലാവരും മിശിഹായാകുന്ന വഴിയിൽ സത്യത്തിലും സ്നേഹത്തിലുമധിഷ്ഠിതമായ കൂട്ടായ്മാ യനുഭവത്തിൽ, സുവിശേഷം പ്രസംഗിക്കുകയും മിശിഹായുടെ സ്നേ ഹത്തിനു സാക്ഷ്യം വഹിക്കുകയും ചെയ്യണമെന്നതായിരുന്നു അവി ടുത്തെ ഉദ്ദേശ്യം. ജെറുസലേം സൂനഹദോസു മുതൽ ഈശോമി ശിഹായിലൂടെ ലഭിച്ച ഈ ദൗത്യം സഭയിൽ നിറവേറിക്കൊണ്ടിരിക്കു കയാണ്.

പൗരസ്ത്യസഭകൾ സിനഡലായി പ്രവർത്തിക്കുന്ന സഭകളാണല്ലോ എന്നു നിങ്ങൾ ചിന്തിക്കുന്നുണ്ടാവാം. അതു ശരിയാണ്. സീറോമലബാർസഭയും സിനഡൽ സഭയാണ്. എന്നാൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2023–24 വർഷങ്ങളിലെ സിനഡൽ സമ്മേളനങ്ങളിലൂടെ പ്രാവർത്തികമാക്കാനാഗ്രഹിക്കുന്ന സിനഡാത്മകത, പൗരസ്ത്യ സഭകൾ പാലിക്കുന്ന സിനഡാത്മക തയെക്കാൾ വ്യാപ്തിയുള്ളതാണ്. മാമ്മോദീസാ സ്വീകരിക്കുന്ന എല്ലാ ക്രൈസ്തവർക്കും സഭാ കൂട്ടായ്മയിലുള്ള കൂട്ടുത്തരവാദിത്വത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഈ സിനഡിലെ വിചിന്തനങ്ങൾ രൂപപ്പെടുന്നത്. മാമ്മോദീസ സ്വീകരിക്കുന്ന എല്ലാവർക്കും സഭയിൽ ഒരേ സ്ഥാന (dignity)മാണുള്ളത്. ഓരോരുത്തർക്കുമുള്ള പ്രത്യേക വിളികളുടെ അടിസ്ഥാനത്തിൽ അവരവരുടെ ഉത്തരവാദിത്വങ്ങൾ കൂട്ടായ്മയുടെ അവബോധത്തോടെ നിർവ്വഹിക്കുന്ന സിനഡാത്മകതയാണ് ഇപ്പോൾ ഉരുത്തിരിഞ്ഞുവരുന്നത്. ഈ സിനഡാത്മകത പ്രാർത്ഥനാപൂർവ്വമായ വിചിന്തനങ്ങളിലൂടെ സ്വന്തമാക്കുന്ന ശൈലിയാണു സിനഡൽ സമ്മേളനങ്ങളിൽ സ്വീകരിച്ചിരിക്കുന്നത്. രൂപതാതലങ്ങളിലും ബിഷപ്സ് കോൺഫറൻസുകളുടെയും പൗരസ്ത്യസഭകളുടെ സിനഡുകളുടെയും ആഭിമുഖ്യത്തിൽ നടത്തപ്പെട്ട സിനഡൽ സമ്മേളനങ്ങളിലും ഭൂഖണ്ഡാടിസ്ഥാനത്തിൽ നടത്തപ്പെട്ട സിനഡൽ അസംബ്ലികളിലും ഇതേ ശൈലിതന്നെയാണ് അവലംബിക്കപ്പെട്ടത്. ഇപ്പോൾ റോമിൽ നടക്കുന്ന സിനഡൽ സമ്മേളനത്തിലും ഈ സിനഡാത്മകത വിജയകരമായി നടന്നുവരുന്നു. പരിശുദ്ധാ ത്മാവിൽ ശക്തിപ്പെട്ടു ദൈവപിതാവിന്റെ മക്കളെന്ന നിലയിൽ ഈശോമിശിഹായോടൊപ്പം ദൈവവചനശ്രവണത്തിലൂടെയും കൂദാശകളുടെ സ്വീകരണത്തിലൂടെയും പ്രാർത്ഥനയിലൂടെയും ദൈവൈക്യത്തിൽ സഹോദരങ്ങളോടുള്ള കൂട്ടായ്മയിൽ സഭയിലും സമൂഹത്തിലും വ്യാപരിക്കുന്ന ദൈവജനമാണു സിനഡാത്മക സഭ. ദൈവത്തോടും സഹോദരങ്ങളോടും നിരന്തരം ബന്ധത്തിലായി

രിക്കുന്ന ഈ ജീവിതശൈലി സഭയിൽ സന്തോഷവും ഐക്യവും സമാധാനവും സംജാതമാക്കുന്നു. പ്രാദേശികസഭകളിലും വ്യക്തി സഭകളിലും സാർവ്വത്രികസഭയിലും ഈ സിനഡാത്മകത നടപ്പിൽ വരുമ്പോഴാണു ഭൂമിയിൽ ദൈവരാജ്യം സ്ഥാപിച്ചുകൊണ്ടുള്ള ഈശോമിശിഹായുടെ രക്ഷാകരപ്രവർത്തനം സഭയിലും സമൂഹ ത്തിലും സംജാതമാകുന്നത്. ചുരുക്കത്തിൽസഭയുടെ എല്ലാ സംവിധാ നങ്ങളിലും പരിശുദ്ധാത്മാവിന്റെ ശക്തി സംഭരിച്ചു പ്രാർത്ഥനാ പൂ ർവ്വം സിനഡാത്മകജീവിതശൈലി വളർന്നു വികസിക്കേണ്ടിയിരി ക്കുന്നു. ക്രമേണ സാക്ഷാത്ക്കരിക്കപ്പെടേണ്ട പുതിയ ഒരു സഭാ ജീവിതശൈലിയാണിത്. ഈ ശൈലി ശരിയായി അനുവർത്തിച്ചാൽ മാത്രമേ സഭ, മിശിഹാ വിഭാവനം ചെയ്ത രീതിയിൽ അവിടത്തെ നീ തിക്കും സത്യത്തിനും സ്നേഹത്തിനും കാരുണ്യത്തിനും സാക്ഷ്യം വഹിക്കുന്നു എന്നുപറയാൻ സാധിക്കുകയുള്ളൂ.

ഈശോമിശിഹായുടെ പരസ്യജീവിതകാലത്ത് അവിടുന്നു സിന ഡാത്മകതക്കു സമാനമായ ഒരു പ്രവർത്തനശൈലിയാണ് അവലംബി ച്ചത്. അവിടുന്നു പിതാവുമായി നിരന്തരബന്ധത്തി ലായിരുന്നു. ആത്മാവിൽ ശക്തിപ്പെട്ടാണ് അവിടുന്ന് എല്ലാം ചെയ്തത്. അപ്രകാരം ത്രിത്വൈക ദൈവാനുഭവത്തിലായിരുന്ന അവിടുന്നു മനുഷ്യരോടും സമാനമായ ബന്ധം സ്ഥാപിച്ചുകൊണ്ടി രുന്നു. അവിടുത്തേയ്ക്കു പന്ത്രണ്ടു ശ്ലീഹന്മാരും, എഴുപത്തിരണ്ടു ശിഷ്യന്മാരുമുണ്ടായിരുന്നു. തന്റെ ശുശ്രൂഷയിൽ ഈ പന്ത്രണ്ടു പേരെയും എഴുപത്തിരണ്ടുപേ രെയും അവിടുന്നു പങ്കാളികളാക്കി. ഇതു കൂടാതെ അവിടുത്തേക്ക് ഒറ്റപ്പെട്ട വ്യക്തികളോടുള്ള സംവേദന മുണ്ടായിരുന്നു, കുടുംബങ്ങൾ സന്ദർശിച്ചു വചനം നല്കിയിരുന്നു. കടൽത്തീരത്തും സമതലങ്ങളി ലും ജനക്കൂട്ടത്തോട് അവിടുന്നു സംസാരിച്ചിരുന്നു, രോഗികൾക്കും അംഗവിഹീനർക്കും അധ്വാനിക്കു ന്നവരും ഭാരംവഹിക്കുന്നവ രുമായ ജനങ്ങൾക്കും കാരുണ്യപൂർവ്വം അനുഗ്രഹങ്ങൾ വാരിവിതറി യിരുന്നു. അങ്ങനെ അവിടുന്നു ദൈവ ത്തിന്റെയും മനുഷ്യരുടെയും സംസർഗത്തിലായിരുന്നു. ഈശോ യുടെ ഈ ശൈലിയാണ് സഭാമക്കൾക്കെല്ലാവർക്കും കൈവരേണ്ടത്.

ആദിമസഭയിൽ ജറുസലേം സൂനഹദോസിൽ പന്ത്രണ്ടുശ്ലീഹ ന്മാർ ഈ സിനഡാത്മകത പ്രാവർത്തികമാക്കിയതായി നമ്മൾ കാണുന്നുണ്ട്. പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ ഈശോ

ഭരമേല്പിച്ച ശുശ്രുഷ സഭയുടെനന്മയ്ക്കുവേണ്ടി അവർ നിറവേറ്റി. ക്രൈസ്തവസമൂഹത്തിൽ സിനഡാത്മകത ആത്മീയതലത്തിലും ഭൗതികതലത്തിലും നിറവേറിയിരുന്നു. അവർ അപ്പസ്തോലൻ മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർഥന എന്നിവ യിൽ സദാ താത്പര്യപൂർവ്വം പങ്കുചേർന്നു. വിശ്വസിച്ചവർ എല്ലാവരും ഒറ്റ സമൂഹമാവുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായി ക്കരുതുകയും ചെയ്തു. (അപ്പ. 2: 4244).


ലത്തീൻസഭയിൽ ആദ്യനൂറ്റാണ്ടുകൾക്കുശേഷം രണ്ടാം വത്തിക്കാൻ കൗൺസിൽ വരെയും ഓരോ രൂപതയും അതതിന്റെ ഭരണനിർവഹണത്തിൽ മാർപാപ്പയുടെ കീഴിൽ, സഭയുടെ കാനൻ നിയമമനുസരിച്ച്, വൈദികരുടെയും അല്മായരുടെയും ആലോചനാ സമിതികളുടെ സഹായത്തോടെ, മെത്രാന്മാർ ഭരണം നടത്തുന്ന രീതിയാണ് പാലിച്ചുപോന്നത്. രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷം സഭയെക്കുറിച്ചുള്ള പ്രമാണരേഖയുടെ അടിസ്ഥാനത്തിൽ രൂപതാ ഭരണത്തിനായി വൈദിക സമിതികളും പാസ്റ്ററൽ കൗൺ സിലുകളും കൂടി മെത്രാന്മാരുടെ ആലോചനസമിതികളായി രൂപവത് കരിക്കാൻ പോൾ ആറാമൻ മാർപാപ്പ നിർദേശം നൽകി. സഭ മുഴുവ നും വേണ്ടി വത്തിക്കാൻ കൗൺസിലിന്റെ തുടർച്ചയെന്ന നിലയിൽ ഓരോ നാലു വർഷത്തിലും മെത്രാന്മാരുടെ സിനഡുകൾ നടത്താനും തുടങ്ങി. ഫ്രാൻസിസ് മാർപാപ്പ വന്നപ്പോൾ ഈ മെത്രാൻസിന ഡിലേക്ക് അല്മായരുടെയും സമർപ്പിതരുടെയും വൈദികരുടെയും പ്രതിനിധികളെ കൂടുതലായി ക്ഷണിക്കുന്ന ഒരു പതിവു വന്നു. ഇത്തവണത്തെ സിനഡിൽ അങ്ങനെയുള്ള പ്രതിനിധികളുടെ സാന്നിധ്യം വളരെയേറെയുണ്ട്. ഇത്തവണ സിനഡിൽ പങ്കെടുക്കുന്ന 446 പേരിൽ 363 പേർക്കാണ് വോട്ടവകാ ശമുള്ളത്. സഹോദരപ്ര തിനിധികളെന്ന നിലയിൽ ഓർത്തഡോക്സ് സഭകളിൽ നിന്നും പ്രൊട്ടസ്റ്റന്റ് സഭകളിൽ നിന്നുമുള്ള പ്രതിനിധി കൾ പൂർണമായും ചർച്ചയിൽ പങ്കെടുക്കുന്നുണ്ടെങ്കിലും വിശ്വാസ സംബന്ധമായ വി ഷയങ്ങളിൽ അവർക്കു വോട്ടു രേഖപ്പെടുത്താൻ കഴിയില്ല എന്നു സെക്രട്ടറി ജനറൽ കർദിനാൾ മാരിയോ ഗ്രേക്ക് അറിയിച്ചിരുന്നു. 266 പേർ മാത്രമാണു മെത്രാൻ സംഘത്തിൽ നിന്നുള്ള പ്രതിനിധികൾ. ബാക്കിയുള്ളവരിൽ 46 പേരും അല്മായ പ്രതിനിധികളാണ്.

പൗരസ്ത്യസഭകളിൽ പൊതുവെ പറഞ്ഞാൽ മെത്രാൻ സംഘ ത്തിൽ പൂർണമായ സിനഡാലിറ്റി പ്രാവർത്തികമാകുന്നുണ്ട്. ആ

സിന ഡാലിറ്റിയുടെ ഭാഗമായി മെത്രാന്മാരും, അല്മായരുടെയും സമർപ്പിത രുടെയും വൈദികരുടെയും പ്രതിനിധികളും ഉൾപ്പെടുന്ന അസംബ്ലി കൾ നടന്നു വരുന്നു. ഉദാഹരണത്തിനു, സീറോമലബാർ സഭയിൽ അഞ്ചാമത്തെ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി 2024 ആഗസ്റ്റ് മാസം നടക്കാനുള്ള ഒരുക്കങ്ങൾ തുടങ്ങിക്കഴിഞ്ഞു. രൂപത കളിലും സമാനമായ രീതിയിൽ പ്രാദേശിക സിനഡൽ അസം ബ്ലികൾ, സഭയുടെ പ്രത്യേക നിയമം നിർദേശിക്കുന്നതനു സരിച്ചു നടന്നു വരുന്നുണ്ട്. പൗരസ്ത്യസഭകളിലെ ഈ സിനഡാത്മ കത മാമ്മോദീസ സ്വീകരിക്കുന്നവരുടെ എല്ലാവരുടെയും സിനഡാത്മ കതയാക്കി എപ്രകാരം പൂർണതയിലെത്തിക്കാമെന്ന് ഓരോ പൗരസ് ത്യസഭയും പ്രാർത്ഥനാപൂർവ്വം ചിന്തിച്ചു തീരുമാനങ്ങളെടുക്കുകയും നടപ്പിലാക്കു കയും ചെയ്യേണ്ടിയിരിക്കുന്നു.

സ്നേഹമുള്ളവരേ, സിനഡിന്റെ സമാപനത്തോടുകൂടി കുറേക്കൂടി വിചിന്തനങ്ങൾ നിങ്ങളുമായി പങ്കുവെക്കാമെന്നു കരുതുന്നു.

സ്നേഹപൂർവ്വം,






**കർദിനാൾ ജോർജ് ആലഞ്ചേരി,**
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

# റോമിൽ നടക്കുന്ന മെത്രാൻമാരുടെ സിനഡിനെക്കുറിച്ചുള്ള രണ്ടാമത്തെ കത്ത്

മിശിഹായിൽ പ്രിയ മെത്രാപ്പോലീത്താമാരേ, മെത്രാന്മാരേ, വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ!

വത്തിക്കാനിൽ നടന്നുകൊണ്ടിരിക്കുന്ന ആഗോളസിനഡിന്റെ രണ്ടാമത്തെ ആഴ്ചയിൽ, ചർച്ചയ്ക്കും വിവേചനത്തിനുമുള്ള വിഷയം ദൗത്യം (Mission) എന്നതായിരുന്നു. ലോകത്തിൽ മിശിഹായുടെ ദൗത്യം തുടരാനാണു സഭ വിളിക്കപ്പെട്ടിരിക്കുന്നത്. സഭ നിലനിൽക്കുന്നതുതന്നെ ഒരു ദൗത്യനിർ വഹണത്തിനാണ്. രണ്ടാം വത്തി ക്കാൻ കൗൺസിലിന്റെ 'തിരുസഭ' (Lumen Gentium) എന്ന പ്രമാണരേഖ ഈ ദൗത്യത്തെ ഇപ്രകാരം വിശദീകരിക്കുന്നു: സഭ നിലനില്ക്കുന്നതു സുവിശേഷവത്ക്കരണത്തിനായാണ്. അതായത്, പ്രസംഗിക്കാനും പഠിപ്പിക്കാനും കൃപയുടെ നീർച്ചാലാകാനും പാപികളെ ദൈവവുമായി അനുരഞ്ജിപ്പിക്കാനും മിശിഹായുടെ ജീവിതത്തിന്റെയും മരണത്തിന്റെയും മഹത്തായ പുനരുത്ഥാനത്തിന്റെയും സ്മാരകമായ പെസഹാര ഹസ്യങ്ങൾ ഉജ്ജീവിപ്പിക്കാനുമാണത് (നം. 17). വിശുദ്ധ പോൾ ആറാമൻ മാർപാപ്പ 'എക്ലേസിയാം സുവാം' എന്ന ചാക്രികലേഖനത്തിൽ ഇതുതന്നെ ആവർത്തിക്കുന്നു: സഭ എങ്ങനെ ആയിരുന്നുവോ അതുപോലെതന്നെ വിമോചകന്റെ സന്ദേശങ്ങൾക്കു പുതുജീവൻ നൽകാൻ സമകാലീന മാനവികതയുടെലോകത്തേക്കു ചുവടുവെച്ചു സുമനസുള്ള എല്ലാ സ്ത്രീകളോടും പുരുഷന്മാരോടും സംവദിക്കാൻ തയ്യാറാവണം (നം. 17).

സഭ യുടെ ഈ ദൗത്യം സിനഡാത്മകമായാണു നിറവേറ്റേണ്ടത്. നമ്മുടെ കർത്താവായ ഈശോമിശിഹായുടെ സുവിശേഷം പ്രസംഗിക്കാനും അവിടത്തെ സ്നേഹത്തിനും കാരുണ്യത്തിനും സാക്ഷ്യം വഹിക്കാനും മെത്രാന്മാരും വൈദികരും സമർപ്പിതരും അല്മായരും അവിടത്തോടുചേർന്നു ഒരുമിച്ചു പ്രവർത്തിക്കേണ്ടതുണ്ട്. സഭയുടെ

ഓരോ പ്രവൃത്തിയിലും ദൈവാത്മാവിനെ ശ്രവിക്കുക എന്നതു സിനഡൽ രീതിയുടെ ഒരു സവിശേഷതയാണ്. സഭയിലെ എല്ലാ അംഗങ്ങളും പരസ്പരം ശ്രവിക്കുകയും തങ്ങൾക്കിടയിൽ നല്ല ബന്ധങ്ങളും സൗഹൃദങ്ങളും രൂപപ്പെടുത്തുകയും വേണം. മിശിഹായുടെ സഭയിൽ എല്ലാവരും തുല്യരായതുകൊണ്ട് തുല്യമായി ബഹുമാനിക്കപ്പെടുകയും ആദരിക്കപ്പെടുകയും വേണം. കൂദാശകളിൽനിന്നു ലഭിക്കുന്ന ദൈവകൃപ, പ്രത്യേകിച്ചു വിശുദ്ധ കുർബാനയുടെ ആഘോഷത്തിൽ പങ്കുവയ്ക്കപ്പെടുന്ന ഈശോയുടെ ജീവിതം, എല്ലാ ക്രിസ്ത്യാനികളെയും ഈശോമിശിഹായിലും ഈശോമിശിഹായിലൂടെയും ഒരു ശരീരം പടുത്തുയർത്താൻ പ്രാപ്തമാക്കണം. പ്രാർഥനയിൽ ആത്മാവിനെ ശ്രവിക്കുന്നത് മിശിഹായുമായുള്ള ഈ കൂട്ടായ്മയെ കൂടുതൽ മനോഹരമാക്കുന്നു.

പരിശുദ്ധാത്മാവിൽനിന്നു സ്വീകരിച്ച വരങ്ങൾക്കും ദാനങ്ങൾക്കും അനുസൃതമായി ഓരോ സഭാംഗവും ഈ ദൗത്യത്തിൽ പങ്കുചേരണം. സഭയിലെ എല്ലാ ദൈവവിളികളും ക്രൈസ്തവസമൂഹങ്ങൾ രൂപീകരിക്കുന്നതിനും അവയെ പരിപോഷിപ്പിക്കുന്നതിനും സംയോജിതമായി പ്രവർത്തിക്കേണ്ടതുണ്ട്. ഒരു അംഗമോ ഏതാനും അംഗങ്ങളുടെ ഒരു സമൂഹമോ അവരുടെ വീക്ഷണങ്ങളും അഭിപ്രായങ്ങളും സഭയിലെ മറ്റ് അംഗങ്ങളുടെമേൽ അടിച്ചേൽപ്പിക്കാൻ പാടില്ല. സിനാഡാത്മക വിവേചനത്തിനു ശേഷം എടുക്കുന്ന എല്ലാ തീരുമാനങ്ങളും എല്ലാവരും പരിപൂർണ്ണമായ ഐക്യത്തിൽ അംഗീകരിക്കണം.

വിശുദ്ധ പൗലോസ്ശ്ലീഹാ പറയുന്നതുപോലെ പലതരത്തിലുള്ള വരങ്ങളും ദാനങ്ങളുമുണ്ട്, എന്നാൽ, അവയെല്ലാം മിശിഹായുടെ ശരീരം പണിതുയർത്തുന്നതിനായി പ്രവർത്തിക്കണം. "ദൈനങ്ങളിൽ വൈവിധ്യമുണ്ടെങ്കിലും, ആത്മാവ് ഒന്നുതന്നെ. ശുശ്രൂഷകളിൽ വൈവിധ്യം ഉണ്ടെങ്കിലും കർത്താവ് ഒന്നുതന്നെ. പ്രവർത്തികളിൽ വൈവിധ്യമുണ്ടെങ്കിലും എല്ലാവർക്കും എല്ലാറ്റിലും പ്രചോദനം നൽകുന്ന ദൈവം ഒന്നുതന്നെ. ഓരോരുത്തരിലും ആത്മാവ് വെളിപ്പെടുത്തുന്നത് പൊതുനന്മയ്ക്കുവേണ്ടിയാണ്." (1 കോറി. 12:4–7).

സിനഡാത്മകരീതിയിൽ തുടർച്ചയായി നൽകുന്ന ബോധനം സഭയിലെ സിനഡാത്മക ജീവിത ശൈലിയിലേക്ക് കടന്നുവരാൻ കുട്ടികളെ യുവജനങ്ങളെയും പ്രാപ്തരാക്കും. സ്ത്രീകൾക്ക് സഭ

യിൽ പ്രത്യേക സ്ഥാനമുണ്ട്. സഭാ സമൂഹത്തിന്റെ പ്രവർത്തനത്തിൽ പുരുഷന്മാരോടൊപ്പം അവർക്ക് സജ്ജീവമായ പങ്കുണ്ടായിരിക്കണം. ഇന്ത്യയിൽ പാർലമെന്റ് തിരഞ്ഞെടുപ്പിൽ സ്ത്രീകൾക്ക് 33% സംവരണം നല്കുന്ന നിയമം അടുത്തകാലത്ത് ഇന്ത്യൻ പാർലമെന്റിന്റെ ഇരു സഭകളും പാസാക്കിയതായി നമുക്കറിയാം. നമ്മുടെ സഭ അതിന്റെ പ്രത്യേക നിയമത്തിൽ ഇടവക പ്രതിനിധി യോഗത്തിലെ സ്ത്രീകളുടെ പങ്കാളിത്തം 30% ആകാമെന്ന് നിജപ്പെടുത്തിയിട്ടുണ്ട്. നിലവിൽ, നമ്മുടെ സഭയിലെ മതബോധന, സാമൂഹിക, ജീവകാരുണ്യ ശുശ്രൂഷകളിൽ സ്ത്രീകൾ വലിയ പങ്കുവഹിക്കുന്നു. സമൂഹത്തിന്റെ രാഷ്ട്രീയ ഭരണരംഗങ്ങളിലും അവർ നല്ല സാക്ഷ്യം നൽകിക്കൊണ്ടിരിക്കുന്നു. സ്ത്രീകളുടെ ദൗത്യം സഭയിൽ ഇനിയും ശക്തിപ്പെടുന്നതിന് നാം ഒരുമിച്ച് ചിന്തിക്കുകയും വിവേചിക്കുകയും ചെയ്യേണ്ടതുണ്ട്.

സിനഡൽ വിചിന്തനങ്ങളെക്കുറിച്ച് ഇനി ഇന്ത്യയിൽ തിരിച്ചെത്തിയതിനുശേഷം നിങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കാമെന്നു കരുതുന്നു.

സ്നേഹപൂർവ്വം,

+ Geo Alencherry

**കർദിനാൾ ജോർജ് ആലഞ്ചേരി,**
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

MAR GEORGE ALENCHERRY
MAJOR ARCHBISHOP OF THE SYRO-MALABAR CHURCH

# കച്ചേരിക്കാര്യം

**1. New appointments**

Rev. Fr. Thomas Pulayanparambil : Asst. Director IFAE

**2. ക്ലർജി സെമിനാർ**

ഈ വർഷത്തെ ക്ലർജി സെമിനാർ പി.എം.ഒ.സി.യിൽ വച്ച് 2023 നവംബർ 27–ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 7 മണിക്ക് ആരംഭിക്കുന്നതും 30–ാം തീയതി വ്യാഴാഴ്ച സമാപിക്കുന്നതുമാണ്. സംഘടനകളുടെയും സ്ഥാപനങ്ങളുടെയും ബഹു. ഡയറക്ടറച്ചന്മാർ പ്രവർത്തന റിപ്പോർട്ടും സാമ്പത്തിക റിപ്പോർട്ടും തയ്യാറാക്കേണ്ടതാണ് എന്ന കാര്യം ഓർമ്മിപ്പിക്കുന്നു. എല്ലാ വൈദികരും സെമിനാറിൽ മുഴുവൻ സമയവും പങ്കെടുക്കേണ്ടതാണ്.

റവ. ഫാ. മാത്യു മാവേലി അച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയും റവ. ഫാ. സ്കറിയ മങ്കരയിൽ, റവ. ഫാ. ജോൺസൺ കൊച്ചീലാത്ത്, റവ. ഫാ. ജേക്കബ് പ്ലാക്കൂട്ടത്തിൽ, റവ. ഫാ. ജോസഫ് കളരിക്കൽ എന്നിവരുടെ പൗരോഹിത്യ രജതജൂബിലിയും വൈദിക സെമിനാറിനോടനുബന്ധിച്ച് ആഘോഷിക്കുന്നതാണ്.

**3. ആദരാഞ്ജലികൾ**

കൂടരഞ്ഞി ഇടവകാംഗമായ **ബഹു. ഫാ. ജോൺ പ്രകാശ് പുന്നക്കുന്നേൽ** നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. കുടുംബാംഗങ്ങൾക്ക് അനുശോചനവും അച്ചന്റെ ആത്മാവിന് നിത്യശാന്തിയും നേരുന്നു.

താമരശ്ശേരി രൂപതാ വൈദിക കൂട്ടായ്മയിൽ നിന്ന് നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ട ബഹു. ഫ്രാൻസിസ് കള്ളികാട്ട്, ബഹു. മാത്യു തകിടിയേൽ എന്നീ വൈദികർക്ക് നിത്യശാന്തി നേരുന്നു. അച്ചന്മാരുടെ വേർപ്പാടിൽ വേദനിക്കുന്ന കുടുംബാംഗങ്ങളോട് രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു.

**4. സ്മരണാഞ്ജലി**

3 – 11 – 2001 – മോൺ. തോമസ് മൂലക്കുന്നേൽ
10 –11 – 2006 – റവ. ഫാ. തോമസ് നിലയ്ക്കപ്പള്ളി
**11 –11 – 2004 – റവ. ഫാ. ഫിലിപ്പ് കണക്കഞ്ചേരി**
18 –11 – 1982 – റവ. ഫാ. സെബാസ്റ്റ്യൻ ഇളംതുരുത്തിയിൽ
**26 –11 – 2011 – റവ. ഫാ. അഗസ്റ്റിൻ പന്നിക്കോട്ട്**

**പ്രോട്ടോസിഞ്ചെല്ലൂസ്**

## പാവനസ്മരണയ്ക്ക്



**റവ. ഫാ. ഫിലിപ്പ് കണക്കഞ്ചേരി**
**(11.11.2004)**





**റവ. ഫാ. അഗസ്റ്റിൻ പന്നിക്കോട്ട്**
**(26.11.2012)**

# ഫാ. ജോൺ പ്രകാശ് പുന്നക്കുന്നേൽ

## ധന്യമായ ജീവിതത്തിന്റെ ഉടമ



1930 മെയ് 9ന് പാലാ രൂപതയിലെ വലവൂർ ഇടവകയിൽ പരേതരായ പുന്നക്കുന്നേൽ ജോൺ – ഏലിയാമ്മ ദമ്പതികളുടെ നാലു മക്കളിൽ രണ്ടാമനായി ജനിച്ചു. ഇടനാട്, കുടക്കച്ചിറ എന്നിവടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം സലേഷ്യൻ സഭയിൽ ചേർന്ന് സെമിനാരി പഠനം ആരംഭിച്ചു. ഡോൺ ബോസ്കോ സഭയുടെ കൽക്കട്ട പ്രോവിൻസിലും ഷില്ലോങ്ങിലും ബ്രദറായി നിരവധി വർഷങ്ങൾ സേവനം ചെയ്തു. ഫിലോസഫി പഠനം പൂർത്തിയാക്കിയ ജോണച്ചൻ ആലുവ, മംഗലപ്പുഴ സെമിനാരിയിൽ ദൈവശാസ്ത്രപഠനം പൂർത്തിയാക്കി. വെല്ലൂർ രൂപതയ്ക്കുവേണ്ടി, മാതൃ ഇടവകയായ കൂടരഞ്ഞിയിൽ വെച്ച് 1979 ഡിസംബർ 23ന് തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്ന് വൈദികപട്ടം സ്വീകരിച്ച് പ്രഥമ ദിവ്യബലി അർപ്പിച്ചു.

അധികം താമസിയാതെ, മിഷൻ പ്രവർത്തനത്തിനായി കാനഡയിലേക്ക് പോവുകയും ഏതാനും വർഷങ്ങൾ അവിടെ അജപാലന ശുശ്രൂഷ നിർവഹിക്കുകയും ചെയ്തു. തുടർന്ന്, അമേരിക്കയിലെ ന്യൂയോർക്ക് അതിരൂപതയിലും പിന്നീട് ബ്രിഡ്ജ്പോർട്ട് (Bridgeport) രൂപതയിലും ചേർന്ന് വിവിധ ഇടവകകളിൽ തന്റെ പൗരോഹിത്യ ശുശ്രൂഷ നിർവഹിച്ചു. അതോടൊപ്പം വിവിധ ആശുപത്രികളിൽ ചാപ്ലിൻ

(Chaplain) ആയും അവധിക്കാലങ്ങളിൽ യാത്രാകപ്പലുകളിൽ ചാപ്ലിനായും (Cruise Ship Priest) 40 വർഷക്കാലം അമേരിക്കയിൽ വിവിധ തലങ്ങളിൽ ജോണച്ചൻ സേവനം ചെയ്തു. 75 വയസ്സിൽ റിട്ടയർ ആകണമെങ്കിലും 90 വയസ്സുവരെ തീഷ്ണതയോടെ തന്റെ അജപാലന ശുശ്രൂഷ തുടർന്നു. അമേരിക്കയിലുള്ള മലയാളികൾക്ക് വേണ്ടി ഞായറാഴ്ചകളിൽ ദീർഘദൂരം യാത്രചെയ്ത് സീറോ മലബാർ കുർബാന അർപ്പിക്കുമായിരുന്നു. പ്രായമേറെ ആയിട്ടും സ്പാനിഷ് മുതലായ വിവിധ ഭാഷകൾ പഠിക്കുവാനും പലവിധ കോഴ്സുകൾ പൂർത്തീകരിക്കുവാനും അച്ചന് സാധിച്ചു. 2020 ഏപ്രിൽ മാസം മുതൽ ഈരൂട് പ്രീസ്റ്റ് ഹോമിൽ വിശ്രമ ജീവിതം നയിച്ചുവരികയായിരുന്നു.

കണ്ടുമുട്ടുന്ന എല്ലാവരെയും നിറപുഞ്ചിരിയേടെ സ്വീകരിക്കുവാൻ അച്ചനു കഴിയുമായിരുന്നു. ഓർമ്മകൾക്ക് ഓർമ്മയില്ലാതായ അച്ചന്റെ വിശ്രമകാലത്തും കണ്ടുമുട്ടുന്ന എല്ലാവർക്കും അച്ചന്റെ ചിരിച്ചുകൊണ്ടുള്ള സംസാരം വളരെ അതിശയകരമായിരുന്നു. ഒരപ്പനെ പ്പോലെയും അമ്മെപ്പോലെയും ജ്യേഷ്ഠനെപ്പോലെയും സുഹൃ ത്തിനെപ്പോലെയും കൊച്ചു കുഞ്ഞുങ്ങളെപ്പോലെയും പെരുമാറുവാൻ പുന്നക്കുന്നേലച്ചന് സാധിച്ചിരുന്നു. ലളിത ജീവിതവും കഠിനാധ്വാനവും ആയിരുന്നു അച്ചന്റെ മുഖമുദ്ര. മാർ പോൾ ചിറ്റിലപ്പള്ളി പിതാവിനോടും തുടർന്ന് മാർ റെമീജിയോസ് പിതാവിനോടും താമരശ്ശേരി രൂപതയോടും നല്ല അടുപ്പം പുലർത്തിയിരുന്ന ജോണച്ചൻ, 2020ൽ 40 വർഷത്തെ അമേരിക്കയിലെ അജപാലന ശുശ്രൂഷകളിൽനിന്ന് വിരമിച്ച് വിശ്രമജീവിതം നയിക്കുവാൻ മനസ്സില്ലാ മനസ്സോടെ സ്വദേശത്തേക്ക് എത്തിയപ്പോൾ വിശ്രമിക്കാനായി തെരഞ്ഞെടുത്തത് അച്ചന്റെ മാതൃരൂപതയായ താമരശ്ശേരി രൂപതയിലെ ഈരൂട് വിയാനി വൈദിക വിശ്രമ മന്ദിരമായിരുന്നു. 2023 സെപ്റ്റംബർ മാസം 7ന് രാവിലെ കൂടുതൽ ശാരീരിക അസ്വസ്ഥത അനുഭവപ്പെടുകയും സ്ട്രോക്ക് വരികയും ചെയ്തപ്പോൾ തുടർപരിശോധനകൾക്കായി കോഴിക്കോട് മേരിക്കുന്ന് ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു. 2023 സെപ്റ്റംബർ 27ന് ഉച്ചകഴിഞ്ഞ് 2.30 ഓടെ, തന്നെ ഇത്രയും നാൾ പരിപാലിച്ച ദിവ്യനാഥനോട് ചേരാൻ ജോണച്ചൻ വിളിക്കപ്പെട്ടു. ധന്യമായ ജീവിതം നയിച്ച് നമുക്കേവർക്കും മാതൃകയായ ജോണച്ചനു വേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

ജോണച്ചൻ തന്റെ മൊമെന്റോ കാർഡിൽ ഇങ്ങനെ എഴുതിയി

ട്ടുണ്ട്; I shall pass this way but once, therefore any good that I can do or any kindness I can show, For I shall not pass this way again എന്ന്. 'ഒരേയൊരു തവണ മാത്രമേ എനിക്കീ വഴി കടന്നുപോകാനാകൂ, എന്നാൽ എനിക്ക് ചെയ്യാനാവുന്ന നന്മയും കാണിക്കാനാകുന്ന ദയാവായ്പും ഞാൻ പ്രകടമാക്കും; കാരണം മറ്റൊരിക്കൽ കൂടി ഈ വഴി കടന്നുപോകാനാകില്ല.' ഇതിൽ പറയുന്നതുപോലെ നന്മ ചെയ്യാതെയും മറ്റുള്ളവരോട് ദയ കാണിക്കാതെയും കടന്നുപോകാൻ ജോണച്ചന് സാധിക്കുമായിരുന്നില്ല. എത്രയേറെ സഹായങ്ങൾ തന്നെക്കൊണ്ട് ചെയ്യാൻ സാധിക്കുമെന്നതായിരുന്നു ജോണച്ചന്റെ ചിന്ത. തന്റെ സമ്പാദ്യം മുഴുവൻ പാവങ്ങൾക്കായി ചെലവഴിക്കുവാനാണ് അച്ചൻ ആഗ്രഹിച്ചത്. ധാരാളം പാവപ്പെട്ട കുട്ടികളെ നഴ്സിംഗ് പഠിപ്പിക്കുവാൻ സാമ്പത്തിക സഹായം നൽകി. താമരശ്ശേരി രൂപതയിലെ ഈസ്റ്റ് ഹിൽ പള്ളി നിർമ്മിക്കുവാനും ജോണച്ചൻ സഹായിച്ചിരുന്നു.

ബഹു. ജോൺ പുന്നക്കുന്നേലച്ചന്റെ ഭൗതികദേഹം 28.09.2023, വ്യാഴാഴ്ച വൈകുന്നേരം 4 മണി മുതൽ 5 മണി വരെ ഈരൂട് സെന്റ് ജോസഫ് ദൈവാലയത്തിലും തുടർന്ന് 6 മണി മുതൽ കൂടരഞ്ഞിയിലുള്ള സഹോദര പുത്രന്റെ ഭവനത്തിലും പൊതു ദർശനത്തിനു വെച്ചു. മൃതസംസ്കാര ശുശ്രൂഷകൾ 29.09.2023 വെള്ളിയാഴ്ച ഉച്ചയ്ക്ക് 1.15ന് ഭവനത്തിൽ ആരംഭിച്ച് കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ, അഭിവന്ദ്യ താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ കാർമ്മികത്വത്തിൽ ദിവ്യബലിയോടെ നടത്തി. ദിവ്യബലിയിൽ താമരശ്ശേരി രൂപത വികാരി ജനറാൾ പെരിയ ബഹു. അബ്രഹാം വയലിൽ, ബഹു. ഫാ. സെബാസ്റ്റ്യൻ പൂക്കുളം, ബഹു. ഫാ. വിൻസെന്റ് കറുകമാലിൽ, ബഹു. ഫാ. ബിജു കൊച്ചുപറമ്പിൽ എന്നിവർ സഹകാർമ്മികരായിരുന്നു.

ബഹുമാനപ്പെട്ട പുന്നക്കുന്നേലച്ചന്റെ പ്രിയപ്പെട്ട കുടുംബാംഗങ്ങളോട് താമരശ്ശരി രൂപതയ്ക്കുള്ള കടപ്പാടും സ്നേഹവും ഇവിടെ പങ്കുവെക്കട്ടെ. ധന്യമായ ജീവിതം നയിച്ച് എല്ലാവർക്കും മാതൃക നൽകി കടന്നുപോയ ജോണച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ അനുസ്മരിക്കാം.

# ഒരു യഥാർത്ഥ വൈദികനായ (A True Priest) ഫാ. ഫ്രാൻസിസ് കള്ളികാട്ട്



1937 സെപ്റ്റംബർ 25 ന് പാലാ രൂപതയിലെ തുടങ്ങനാട് ഇടവകയിലെ കള്ളികാട്ട് തോമസ് – അന്നമ്മ ദമ്പതികളുടെ ഏഴു മക്കളിൽ മൂന്നാമനായി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം മുതൽ ഹൈസ്ക്കൂൾ വിദ്യാഭ്യാസം വരെ തൊടുപുഴയിൽ പൂർത്തിയാക്കിയ ശേഷം പാലാ രൂപതയിലെ മൈനർ സെമിനാരിയിൽ ചേർന്ന് പഠനം ആരംഭിച്ചു. ആലുവ, മംഗലപ്പുഴ സെന്റ് ജോസഫ്സ് പൊന്റിഫിക്കൽ സെമിനാരിയിൽ തത്വശാസ്ത്ര – ദൈവശാസ്ത്രപഠനങ്ങൾ പൂർത്തിയാക്കി, അവിഭക്ത തലശ്ശേരി രൂപതയ്ക്കുവേണ്ടി 1967 മാർച്ച് 13 ന് തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്ന് തുടങ്ങനാട് ഇടവകയിൽ വച്ച് വൈദികപട്ടം സ്വീകരിക്കുകയും തുടർന്ന് പ്രഥമ ദിവ്യബലി അർപ്പിക്കുകയും ചെയ്തു.

അവിഭക്ത തലശ്ശേരി അതിരൂപതയിലെ (ഇപ്പോൾ മാനന്തവാടി രൂപത) സുൽത്താൻ ബത്തേരി ഇടവകയിൽ അസിസ്റ്റന്റ് വികാരിയായും, മാങ്ങോട്, ചന്ദനക്കാംപാറ, ശ്രീപുരം, മാംപൊയിൽ, കോഴിച്ചാൽ, രാജഗിരി എന്നിവിടങ്ങളിലും, താമരശ്ശേരി രൂപത സ്ഥാപനത്തിനു ശേഷം വേനപ്പാറ, പശുക്കടവ്, തേക്കുംകുറ്റി, പടത്തുകടവ്,

കുളത്തുവയൽ, ചെമ്പുകടവ്, പെരിന്തൽമണ്ണ, കുണ്ടുതോട് എന്നീ ഇടവകകളിൽ വികാരിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2017 ൽ ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിച്ച് ഈരൂട് വിയാനി പ്രീസ്റ്റ് ഹോമിൽ വിശ്രമ ജീവിതം നയിക്കുകയായിരുന്നു.

അസൗകര്യങ്ങൾ മാത്രം കൈമുതലുണ്ടായിരുന്ന കുടിയേറ്റ ജനതയുടെ മനസ്സറിഞ്ഞ ഇടയനായിരുന്നു ഫ്രാൻസിസച്ചൻ. തന്നെ ഏല്പിച്ച എല്ലാ ഉത്തരവാദിത്വങ്ങളും തികഞ്ഞ ആത്മാർത്ഥതയോടും വിശ്വസ്തതയോടും കൂടി പൂർത്തിയാക്കുവാൻ അച്ചന് സാധിച്ചിട്ടുണ്ട്. ഇടവകകളിൽ തന്റെ ശക്തമായ നേതൃത്വവും കഠിനാദ്ധ്വാനവും കൊണ്ട് ഇടവകജനത്തെ മുന്നോട്ട് നയിക്കാൻ അച്ചന് സാധിച്ചിരുന്നു.

വേനപ്പാറ ഇടവകയിലെ പള്ളിമുറി നവീകരിക്കുകയും പുതിയ മണിമാളിക നിർമ്മിക്കുകയും ചെയ്തത് ഫ്രാൻസിസച്ചന്റെ കാലത്തായിരുന്നു. പശുക്കടവ് ഇടവകയിലെ പല സ്ഥലങ്ങളിലും വൈദ്യുതി എത്തിച്ചേരാതിരുന്ന 1989 കാലഘട്ടത്തിൽ, കള്ളികാട്ടച്ചൻ ഗവൺമെന്റ് തലത്തിൽ സ്വാധീനം ചെലുത്തി പശുക്കടവ് പ്രദേശത്ത് വൈദ്യുതി എത്തിക്കുന്നതിനും ഗതാഗത സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി റോഡുകളുടെ നിർമ്മാണത്തിലും അച്ചന്റെ ശക്തമായ നേതൃത്വം ഉണ്ടായിരുന്നുവെന്നത് ജനമനസ്സിൽ കുടികൊള്ളുന്ന അച്ചനോടുള്ള നല്ല സ്മരണകളാണ്. തേക്കുംകുറ്റി ഇടവകയിൽ പള്ളിയോട് ചേർന്ന് ഒരു പാരീഷ് ഹാൾ നിർമ്മിച്ചത് അച്ചന്റെ കാലഘട്ടത്തിലായിരുന്നു. ഈ കെട്ടിടമാണ് ഇപ്പോൾ നേഴ്സറി സ്കൂളായി പ്രവർത്തിക്കുന്നത്. പടത്തുകടവ് ഇടവകയിൽ സേവനം ചെയ്യുമ്പോൾ ബഹു. ഫ്രാൻസിസ് അച്ചൻ നിർമ്മിച്ച മനോഹരമായ ദൈവാലയമാണ് ഇപ്പോഴും അനേകർക്ക് ആശ്വാസമായി നിലകൊള്ളുന്നത്. കൂടാതെ യാത്രാസൗകര്യങ്ങൾ വളരെ കുറവായ ആ പ്രദേശത്തേയ്ക്ക് ഒരു കെ.എസ്.ആർ.ടി.സി. ബസ് റൂട്ട് ക്രമീകരിക്കുവാൻ അച്ചൻ നിരന്തരം പരിശ്രമിക്കുകയും അത് യാഥാർത്ഥ്യമാക്കിത്തീർക്കുകയും ചെയ്തു.

കുളത്തുവയൽ ഇടവകയിൽ പാരീഷ് ഹാൾ നിർമ്മിക്കുകയും കുളത്തുവയൽ ഇടവകയുടെ കീഴിലുള്ള കരികണ്ടൻപാറ സ്വതന്ത്ര കുരിശുപള്ളിയുടെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. ചെമ്പുകടവ് ഇടവക ദൈവാലയത്തിന്റെ സങ്കീർത്തി ഇന്ന് കാണുന്ന രീതിയിൽ നവീകരിച്ചതും പാരീഷ് ഹാളിന്റെ നിർമ്മാണം, പള്ളിമുറി വിപുലീകരണവും നവീകരണവും തുടങ്ങിയ കാര്യങ്ങളെല്ലാം ബഹു.

ഫ്രാൻസിസ് കള്ളികാട്ടച്ചന്റെ കാലഘട്ടത്തിലായിരുന്നു. കുണ്ടുതോട് ഇടവകയിൽ പള്ളിമുറിയുടെ നവീകരണത്തിലും അച്ചന്റെ ശ്രദ്ധ ഉണ്ടായിരുന്നു. അച്ചൻ സേവനം ചെയ്ത ഇടവകകളിലെയെല്ലാം ജനങ്ങൾ ഒരുമയോടെ പറയുന്ന ഒരു കാര്യം അച്ചന്റെ കർഷകരോടും കാർഷിക മേഖലയോടുമുള്ള സ്നേഹമായിരുന്നു. എല്ലാ ഇടവകകളിലും തന്നെ കൃഷിഭൂമി ഫലപ്രദമായി ഉപയോഗിക്കാനുള്ള പ്രായോഗിക കാര്യങ്ങളിൽ വളരെയധികം ശ്രദ്ധ അച്ചന് ഉണ്ടായിരുന്നു. സേവനം ചെയ്യുമ്പോൾ താൻ ശുശ്രൂഷ ചെയ്ത ഇടവകകളിൽ കുടിയേറ്റ കർഷകരുടെ ന്യായമായ ആവശ്യങ്ങൾക്കുവേണ്ടി നേതൃത്വം വഹിക്കുവാൻ അച്ചന് കഴിഞ്ഞിട്ടുണ്ട്. കണ്ടുമുട്ടുന്ന എല്ലാവരെയും സഹോദരനായും സഹോദരിയായും സുഹൃത്തായും നിറപുഞ്ചിരിയേടെ സ്വീകരിക്കുവാൻ അച്ചനു കഴിയുമായിരുന്നു. അച്ചന്റെ ആ പുഞ്ചിരി അവസാന കാലം വരെയും മുഖത്ത് നിന്നും മാഞ്ഞിരുന്നില്ല. ഒരപ്പനെപ്പോലെയും അമ്മയെപ്പോലെയും ജ്യേഷ്ഠ നെപ്പോലെയും സുഹൃത്തിനെപ്പോലെയും കൊച്ചുകുഞ്ഞുങ്ങളെ പ്പോലെയും പെരുമാറുവാൻ കള്ളികാട്ടച്ചന് അപാരമായ സിദ്ധി ഉണ്ടായിരുന്നു.

2017 ൽ അജപാലന ശുശ്രൂഷകളിൽനിന്ന് വിരമിച്ച് വിശ്രമജീവിതം നയിച്ചുവരികയായിരുന്ന അച്ചന് പ്രായാധിക്യത്തിന്റെ ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നു. ആരോടും പരാതിയോ പരിഭവമോ ഇല്ലാതെ തന്റെ രോഗപീഡകളെ സന്തോഷത്തോടെ അച്ചൻ സ്വീകരിച്ചു. ആരോഗ്യപരമായ ബുദ്ധിമുട്ടുകൾ അച്ചനെ അലട്ടിയപ്പോൾ കൂടുതൽ ചികിത്സകൾക്കായി സ്വദേശത്തേയ്ക്ക് പോവുകയും ചികിത്സകൾ തേടുകയും ചെയ്തു. ആരോഗ്യസ്ഥിതി വീണ്ടെടുത്തപ്പോൾ സന്തോഷത്തോടെ തിരിച്ച് താമരശ്ശേരി, ഈരൂടുള്ള വിയാനി വൈദിക മന്ദിരത്തിലേക്കെത്തുകയും സന്തോഷവാനായി കഴിയുകയും ആയിരുന്നു. ഫിസിയോതെറാപ്പി ചെയ്യുവാനായി ഒക്ടോബർ 18, ബുധനാഴ്ച താമരശ്ശേരി ചാവറ ഹോസ്പിറ്റലിൽ പ്രവേശിപ്പിക്കുകയും തുടർചികിത്സയ്ക്കിടെ 2023 ഒക്ടോബർ 20, വെള്ളിയാഴ്ച രാവിലെ 10.40 ഓടെ ഹൃദയാഘാതമുണ്ടാകുകയും, തന്നെ ഇത്രയും നാൾ പരിപാലിച്ച ദിവ്യനാഥനോട് ചേരാൻ ഫ്രാൻസിസച്ചൻ വിളിക്കപ്പെടുകയും ചെയ്തു. ധന്യമായ ജീവിതം നയിച്ച് നമുക്കേവർക്കും മാതൃകയായ ഫ്രാൻസിസച്ചനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. “മനുഷ്യപുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും സ്വന്തം

ജീവൻ അനേകർക്കുവേണ്ടി മോചനദ്രവ്യമായി നൽകാനുമത്രേ" എന്നുള്ള ആപ്തവാക്യം സ്വീകരിച്ച കള്ളികാട്ട് ഫ്രാൻസിസച്ചൻ അതിനനുസരിച്ചുള്ള ജീവിതമാണ് നയിച്ചതെന്ന് നിസ്സംശയം പറയാം.

86 വർഷം ഈ ഭൂമിയിൽ തന്നെ എല്പിച്ച ദൗത്യങ്ങൾ വിശ്വസ്തതയോടെ നിർവ്വഹിച്ച്, നല്ലവണ്ണം യുദ്ധം ചെയ്ത്, ഓട്ടം പൂർത്തിയാക്കി, വിശ്വാസം സംരക്ഷിച്ച് നീതിയുടെ ന്യായാധിപന്റെ അടുക്കലേക്ക് ഫ്രാൻസിസ് അച്ചൻ യാത്രയായിരിക്കുന്നു. തന്റെ മുന്നിൽ കാണുന്ന എല്ലാവരെയും സഹോദരാ എന്നോ സഹോദരി എന്നോ അല്ലെങ്കിൽ സുഹൃത്തേ എന്നോ വിളിച്ചിരുന്ന, നിറഞ്ഞ പുഞ്ചിരിയോടെ ഇടപഴകിയിരുന്ന ലാളിത്യത്തിന്റെ ഉദാത്ത മാതൃക സമ്മാനിച്ച്, ആലംബഹീനർക്ക് അത്താണിയും ആശയറ്റവർക്ക് പ്രതീക്ഷയും ആരോരുമില്ലാത്തവർക്ക് ആശ്രയവും അഗതികൾക്ക് ആലംബവുമായി കടന്നുപോയ ധന്യമായ ജീവിതത്തിന്റെ ഉടമയെയാണ് താമരശ്ശേരി രൂപതയ്ക്കും തിരുസ്സഭയ്ക്കും കള്ളികാട്ട് കുടുംബത്തിനും തുടങ്ങനാട് ഇടവകയ്ക്കും നഷ്ടമായിരിക്കുന്നത്. ആരെയും പിണക്കാത്ത, ശാന്തസ്വഭാവക്കാരനായിരുന്ന കള്ളികാട്ടച്ചനെയേ നമ്മൾ കണ്ടിട്ടുള്ളൂ. പഠനത്തിനും, ഭവന നിർമ്മാണത്തിനും, ചികിത്സയ്ക്കും മറ്റുമായി അച്ചനിൽ നിന്നും സഹായം ലഭിച്ചവർ അച്ചന്റെ ഭൗതിക ദേഹത്തിനടുത്തെത്തി കണ്ണുനീർ പൊഴിക്കുമ്പോഴാണ് അച്ചൻ നിശ്ശബ്ദമായി അവർക്കുവേണ്ടി ചെയ്ത മഹനീയ കാര്യങ്ങൾ മറ്റുള്ളവർക്ക് മനസ്സിലാക്കാനായത്. അച്ചൻ ജീവിച്ചിരുന്നപ്പോൾ ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ മുഖമായി മാറി എന്നതിന്റെ സത്യമായ സാക്ഷ്യങ്ങളാണ്.

ബഹു. ഫ്രാൻസിസ് കള്ളികാട്ടച്ചന്റെ ഭൗതികദേഹം 23.10.2023 തിങ്കളാഴ്ച രാവിലെ 8 മണി മുതൽ ഉച്ചയ്ക്ക് 12.30 വരെ ഈരൂടുള്ള സെന്റ് ജോസഫ് ദൈവാലയത്തിൽ പൊതു ദർശനത്തിന് വയ്ക്കുകയും തുടർന്ന് പാലായിലുള്ള സഹോദരൻ അഗസ്റ്റിൻ കള്ളികാട്ടിന്റെ ഭവനത്തിലേക്ക് കൊണ്ടുപോവുകയും ചെയ്തു. പാലാ രൂപത മെത്രാൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. സംസ്കാര കർമ്മങ്ങൾ 24.10.2023 ചൊവ്വാഴ്ച ഉച്ചയ്ക്ക് 1.30ന് ഭവനത്തിൽ ആരംഭിക്കുകയും തുടർന്ന് തുടങ്ങനാട് സെന്റ് തോമസ് ദൈവാലയത്തിൽ, അഭിവന്ദ്യ താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ

പിതാവിന്റെ കാർമ്മികത്വത്തിൽ ദിവ്യബലിയോടെ നടത്തുകയും ചെയ്തു. ദിവ്യബലിയിൽ താമരശ്ശേരി രൂപത വികാരി ജനറാൾ പെരിയ ബഹു. അബ്രഹാം വയലിൽ, ബഹു. രൂപത പ്രൊക്കുറേറ്റർ ഫാ. കുര്യാക്കോസ് മുഖാല, ബഹു. ഫാ. ജോൺ ഒറവുങ്കര, കോഴിച്ചാൽ ഇടവക വികാരി ബഹു. ജോസഫ് കോയിപ്പുറത്ത് എന്നിവർ സഹ കാർമ്മികരായിരുന്നു.

ബഹുമാനപ്പെട്ട ഫ്രാൻസിസച്ചനെ താമരശ്ശേരി രൂപതയ്ക്ക് നൽകിയ പ്രിയപ്പെട്ട കള്ളികാട്ട് കുടുംബാംഗങ്ങളോട് താമരശ്ശരി രൂപതയ്ക്കുള്ള കടപ്പാടും സ്നേഹവും ഇവിടെ പങ്കുവെക്കട്ടെ. ധന്യമായ ആത്മീയ ജീവിതം നയിച്ച് എല്ലാവർക്കും മാതൃക നൽകി കടന്നുപോയ ഫ്രാൻസിസ് അച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ അനുസ്മരിക്കാം.

# ലാളിത്യത്തിന്റെ പര്യായം
# ഫാ. മാത്യു തകിടിയേൽ



1950 ജൂൺ 30 ന് താമരശ്ശേരി രൂപതയിലെ ചാപ്പൻതോട്ടം ഇടവകയിലെ പരേതരായ തകിടിയേൽ ജോസഫ് – മേരി ദമ്പതികളുടെ പന്ത്രണ്ടു മക്കളിൽ രണ്ടാമനായി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം മുതൽ ഹൈസ്ക്കൂൾ വിദ്യാഭ്യാസം വരെ ഭരണങ്ങാനത്ത് പൂർത്തിയാക്കിയ ശേഷം തലശ്ശേരി രൂപതയിലെ മൈനർ സെമിനാരിയിൽ ചേർന്ന് പഠനം ആരംഭിച്ചു. ആലുവ, മംഗലപ്പുഴ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ തത്വശാസ്ത്ര – ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി, അവിഭക്ത തലശ്ശേരി രൂപതയ്ക്കുവേണ്ടി 1975 ഡിസംബർ 23 ന് തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്ന് ചാപ്പൻതോട്ടം ഇടവകയിൽ നിന്നുള്ള ആദ്യവൈദികരായി തലശ്ശരി രൂപതയിലെ ജോസഫ് കറുകമാലിൽ അച്ചനോടൊപ്പം വൈദികപട്ടം സ്വീകരി ക്കുകയും തുടർന്ന് പ്രഥമ ദിവ്യബലി അർപ്പിക്കുകയും ചെയ്തു.

വിലങ്ങാട് ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി സേവനം ആരംഭിച്ച മാത്യു അച്ചൻ തുടർന്ന് കൂടരഞ്ഞി ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി നിയമിക്കപ്പെട്ടു. മഞ്ഞക്കടവ്, തലശ്ശേരി അതിരൂപതയിലെ വിജയപുരി (കൊട്ടോടി), പൂഴിത്തോട്, ചെമ്പുകടവ്, ചക്കിട്ടപാറ, പുഷ്പഗിരി, വിലങ്ങാട്, പെരുവണ്ണാമൂഴി എന്നീ ഇടവകകളിൽ വികാരിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

പൂഴിത്തോട് ഇടവകയിലെ പഴയപള്ളിയുടെ നിർമ്മാണം പൂർത്തീകരിച്ചത് അച്ചന്റെ കാലഘട്ടത്തിലായിരുന്നു. ഇടവകയിലെ ആദ്യ കുരിശുപള്ളിയുടെ നിർമ്മാണവും അച്ചന്റെ നേതൃത്വത്തിൽ ആണ് നടന്നത്. താമരശ്ശേരി രൂപത സ്ഥാപിതമായപ്പോൾ  നിർമ്മിച്ച ബിഷപ്പ്സ് ഹൗസിന്റെ നിർമ്മാണത്തിനായി പൂഴിത്തോട് ഇടവകയിൽ നിന്നും യുവജനങ്ങളെ പലപ്പോഴായി പൊതുപണിക്കൾക്കായി എത്തിക്കുന്നതിനും ബഹു. തകിടിയേലച്ചൻ നേതൃത്വം നൽകി. താമരശ്ശരി രൂപതയിലെ മേജർ സെമിനാരിക്കാരുടെ സഹവാസ ക്യാമ്പിനോടനുബന്ധിച്ച് ഇവകയിൽ രണ്ട് ഭവനങ്ങൾ നിർമ്മിച്ചു നൽകുന്നതിൽ ആവശ്യമായ നേതൃത്വം നൽകിയത് മാത്യു അച്ചന്റെ കാലത്തായിരുന്നുവെന്നത് അന്ന് ഈ ക്യാമ്പിൽ ഉണ്ടായിരുന്നവർ സ്നേഹപൂർവ്വം പങ്കുവെച്ചിരുന്നു.

ചെമ്പുകടവ് ഇടവകയിൽ ഇന്നു കാണുന്ന മനോഹരമായ ദൈവാലയം ബഹു. തകിടിയേലച്ചന്റെ കാലത്ത് നിർമ്മിച്ചതാണ്. കൂടാതെ ജീരകപ്പാറ വനസംരക്ഷണ സമിതിക്ക് നേതൃത്വം നൽകിക്കൊണ്ട് ശക്തമായ നിലപാടുകൾ കൈക്കൊള്ളുകയും സമരങ്ങൾക്ക് മുന്നിൽ നിൽക്കുകയും ചെയ്ത മാത്യു അച്ചനെ അത്ര പെട്ടെന്ന് ചെമ്പുകടവ് നിവാസികൾക്ക് മറക്കാനാവുന്നതല്ല.

ചക്കിട്ടപാറ ഇടവകയിൽ നാം ഇന്നു കാണുന്ന മനോഹരമായ ദൈവാലയം പണിതത് അച്ചന്റെ കാലഘട്ടത്തിലായിരുന്നുവെന്നതിൽ നമുക്കഭിമാനിക്കാം.

പുഷ്പഗിരി ഇടവകയിൽ നീണ്ട 17 വർഷക്കാലമാണ് അച്ചൻ വികാരിയായിരുന്നത്.  താമരശ്ശേരി രൂപതയുടെ ചരിത്രത്തിൽ ഒരു വൈദികനും ഇത്രയും കാലം ഒരു ഇടവകയിൽ തന്നെ സേവനം ചെയ്തിട്ടില്ല. അതുകൊണ്ടുതന്നെ ഓരോ കുടുംബത്തിലേയും ഒരു അംഗമായി മാറാൻ പുഷ്പഗിരി ഇടവകയിൽ അച്ചന് സാധിച്ചിട്ടുണ്ട്. ചെറിയ കുട്ടി മുതൽ പ്രായമുള്ളവർ വരെ അച്ചനെ തങ്ങളുടെ കുടുംബത്തിലെ ഒരാളെപ്പോലെ ആണ് കണക്കാക്കിയിരുന്നത്, ഒപ്പം അച്ചന് ഓരോരുത്തരെയും പേരെടുത്ത് വിളിക്കാൻ തരത്തിലുള്ള ബന്ധവും പൂഷ്പഗിരി ഇടവകയുമായിട്ടുണ്ട്. പുഷ്പഗിരി ഇടവകയിലെ ദൈവാലയം, പള്ളിമുറി, സ്കൂൾ, സിമിത്തേരി എന്നിവ ബഹു. മാത്യു അച്ചന്റെ കരവിരുതിലാണ് നിർമ്മിക്കപ്പെട്ടിരിക്കുന്നത്.

കോവിഡിന്റെ നിയന്ത്രണങ്ങൾ ഉണ്ടായിരുന്നപ്പോൾ പോലും വിലങ്ങാട് ഇടവകയിൽ നിർമ്മാണത്തിലിരിക്കുന്ന സ്കൂൾ ബിൽഡിംഗിന്റെ പണികൾ പൂർത്തീകരിക്കുവാൻ മാത്യു അച്ചന് സാധിച്ചു. 2018ൽ ഉണ്ടായ പ്രളയത്തെത്തുടർന്ന് വിലങ്ങാട് പ്രദേശത്ത് ഉരുൾപൊട്ടലുണ്ടായപ്പോൾ മരണമടഞ്ഞവരുടെയും കൃഷിസ്ഥലങ്ങൾ പൂർണ്ണമായും നഷ്ടപ്പെടവരുടെയും കണ്ണീരൊപ്പാൻ മാത്യു അച്ചൻ മുന്നിലുണ്ടായിരുന്നു. വീടുകളും സ്വത്തും നഷ്ടപ്പെട്ടവർക്ക് പുതുതായി സ്ഥലം വാങ്ങി 12 മനോഹരമായ വീടുകൾ നിർമ്മിച്ച് നൽകിയതിന്റെ പിന്നിൽ മാത്യു അച്ചന്റെ പ്രതിഫലേച്ഛയില്ലാത്ത അദ്ധ്വാനമുണ്ടായിരുന്നുവെന്നത് കാലത്തിനുപോലും മറക്കാനാവാത്തതാണ്.

പെരുവണ്ണാമൂഴിയിൽ ഇന്നു കാണുന്ന മനോഹരമായ യു.പി. സ്കൂൾ കെട്ടിടം പൂർത്തീകരിച്ചത് മാത്യു അച്ചന്റെ കാലത്തായിരുന്നു. കഴിഞ്ഞ ഓഗസ്റ്റ് 9ന് ചെറിയ ശാരീരിക ബുദ്ധിമുട്ട് വന്നപ്പോൾ ചികിത്സയ്ക്കായി, താൻ വികാരിയായിരിക്കുന്ന പെരുവണ്ണാമൂഴി ഇടവകയിൽ നിന്ന് സ്വഭവനത്തിലേക്ക് പോവുകയും ചികിത്സയിൽ ആയിരിക്കുകയുമായിരുന്നു. കണ്ടുമുട്ടുന്ന എല്ലാവരെയും സ്വതസിദ്ധമായ ശൈലിയിൽ നിറപുഞ്ചിരിയോടെ സ്വീകരിക്കുവാൻ അച്ചനു കഴിഞ്ഞിരുന്നു. അച്ചന്റെ ആ പുഞ്ചിരി അവസാന കാലം വരെയും മുഖത്ത് നിന്നും മാഞ്ഞിരുന്നില്ല.

2023 ഒക്ടോബർ 23, തിങ്കളാഴ്ച ശാരീരികമായി അല്പം അവശത തോന്നിയപ്പോൾ കോഴിക്കോട് മേരിക്കുന്ന് ഹോസ്പിറ്റലിൽ പ്രവേശിപ്പിക്കുകയും തുടർചികിത്സയ്ക്കിടെ 2023 ഒക്ടോബർ 25, ബുധനാഴ്ച രാത്രി 10.50 ഓടെ, തന്നെ ഇത്രയും നാൾ പരിപാലിച്ച ദിവ്യനാഥനോട് ചേരാൻ മാത്യു അച്ചൻ വിളിക്കപ്പെടുകയും ചെയ്തു. ആരെയും പിണക്കാത്ത, ആരോടും ദേഷ്യപ്പെടാനറിയാത്ത, ശാന്ത സ്വഭാവക്കാരനായിരുന്ന തകിടിയേലച്ചനെയേ നമ്മൾ കണ്ടിട്ടുള്ളൂ.

73 വർഷം ഈ ഭൂമിയിൽ തന്നെ എല്പിച്ച ദൗത്യങ്ങൾ വിശ്വസ്തതയോടെ നിർവ്വഹിച്ച്, നല്ലവണ്ണം യുദ്ധം ചെയ്ത്, ഓട്ടം പൂർത്തിയാക്കി, വിശ്വാസം സംരക്ഷിച്ച് നീതിയുടെ ന്യായാധിപന്റെ അടുക്കലേക്ക് മാത്യു അച്ചൻ യാത്രയായിരിക്കുന്നു. അച്ചനെ അറിയാവുന്നവർക്കെല്ലാം ഒരുപാട് നല്ല ഓർമ്മകൾ മാത്രം സമ്മാനിച്ച ഒരു നല്ല ഇടയനായിരുന്നു മാത്യു അച്ചൻ. നീലയും വെള്ളയും നിറത്തിലുള്ള ഹവായ് ചെരുപ്പുമിട്ട്, ആർഭാടങ്ങളോ ആരവങ്ങളോ

ഇല്ലാതെ നിറഞ്ഞ പുഞ്ചിരിയോടെ ഇടപഴകിയിരുന്ന ലാളിത്യത്തിന്റെ ഉദാത്ത മാതൃക സമ്മാനിച്ച്, ആലംബഹീനർക്ക് അത്താണിയും ആശയറ്റവർക്ക് പ്രതീക്ഷയും ആരോരു മില്ലാത്തവർക്ക് ആശ്രയവു മായി കടന്നുപോയ ധന്യമായ ജീവിതത്തിന്റെ ഉടമയെയാണ് താമര ശ്ശേരി രൂപതയ്ക്കും തിരുസ്സഭയ്ക്കും തകിടിയേൽ കുടുംബത്തിനും ചാപ്പൻതോട്ടം ഇടവകയ്ക്കും നഷ്ടമായിരിക്കുന്നത്. അച്ചന്റെ ലാളി ത്യം ഏവരും ശരിവെക്കുന്ന ഒന്നാണ്. സാധാരണക്കാരുടെയൊപ്പം അവരിലൊരുവനായി മാറുന്നതായിരുന്നു അച്ചന്റെ പ്രവർത്തന രീതി. യാത്രചെയ്യുന്നതിന് പൊതുഗതാഗത സംവിധാനങ്ങൾ ആയിരുന്നു അച്ചൻ എന്നും ഉപയോഗിച്ചിരുന്നത്. എല്ലാവരോടും പുഞ്ചിരിയോടെ, സ്നേഹത്തോടെ സംസാരിച്ചിരുന്ന, ആരോടും ദേഷ്യപ്പെടാത്ത, എല്ലാ കുടുംബങ്ങൾക്കും അപ്പനായ, മനുഷ്യത്വമുള്ള ഒരു അച്ചനെയാണ് ബഹുമാനപ്പെട്ട തകിടിയേൽ അച്ചന്റെ വിയോഗത്തോടെ നമുക്ക് ന ഷ്ടപ്പെടുന്നത്.

ബഹു. മാത്യു തകിടിയേൽ അച്ചന്റെ ഭൗതികദേഹം 26.10.2023 വ്യാഴാഴ്ച ഉച്ചയ്ക്ക് 1 മണി വരെ ചാപ്പൻതോട്ടത്തിലുള്ള സഹോ ദരൻ വക്കച്ചന്റെ ഭവനത്തിൽ പൊതു ദർശനത്തിന് വയ്ക്കുകയും തുടർന്ന് ചാപ്പൻതോട്ടം സെന്റ് ജോസഫ് ദൈവാലയത്തിൽ പൊ തു ദർശനത്തിന് വെച്ചു. വൈകുന്നേരം 4.00 മണിക്ക്, അഭിവന്ദ്യ കല്ല്യാൺ രൂപതാദ്ധ്യക്ഷൻ മാർ തോമസ് ഇലവനാൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയോടെ സംസ്കാര കർമ്മങ്ങൾ നടത്തുകയും ചെയ്തു. ദിവ്യബലിയിൽ താമരശ്ശേരി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവും തലശ്ശേരി അതിരൂപത മുൻ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോർജ്ജ് വലിയ മറ്റം പിതാവും താമരശ്ശേരി രൂപത വികാരി ജനറാൾ പെരിയ ബഹു. അബ്രഹാം വയലിൽ അച്ചനും ബഹു. സഖറിയാസ് ഇലവനാൽ അച്ചനും സഹകാർമ്മികരായിരുന്നു.

ബഹുമാനപ്പെട്ട മാത്യു അച്ചനെ താമരശ്ശേരി രൂപതയ്ക്ക് ന ൽകിയ തകിടിയേൽ കുടുംബാംഗങ്ങളോട് താമരശ്ശേരി രൂപതയുടെ ന ന്ദിയും കടപ്പാടും അറിയിക്കുന്നു. ധന്യമായ ആത്മീയ–ലളിത ജീവിതം നയിച്ച് എല്ലാവർക്കും ലാളിത്യത്തിന്റെ മാതൃക നൽകി കടന്നുപോ യ മാത്യു തകിടിയേൽ അച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ അനു സ്മരിക്കാം.

# ബൈബിൾ അപ്പോസ്തൊലേറ്റ്

**ലോഗോസ് ക്വിസ് 2023**

സെപ്തംബർ 24 നു നടന്ന അഖില കേരള ലോഗോസ് ബൈബിൾ ക്വിസ്സിൽ താമരശ്ശേരി രൂപതയിൽ നിന്നും 15182 പേർ പങ്കെടുത്തു. ലോഗോസ് ക്വിസ്സ് വിജയകരമായി നടത്താൻ നേതൃത്വം നൽകിയ വികാരിയച്ചന്മാരെയും, മതാദ്ധ്യാപകരെയും നന്ദിയോടെ ഓർക്കുന്നു. ഓരോ ഇടവകയിൽ നിന്നും എ ഗ്രൂപ്പിൽ 60% മറ്റു ഗ്രൂപ്പുകളിൽ 70% മുകളിൽ മാർക്ക് ലഭിച്ചവർക്ക് സർട്ടിഫിക്കറ്റ് ഉായിരിക്കുന്നതാണ്. രൂപതയിൽ നിന്ന് ഓരോ ഗ്രൂപ്പിലും വിജയിച്ച് സംസ്ഥാന മത്സരത്തിന് അർഹരായവരുടെ പേരുകൾ താഴെ കൊടുക്കുന്നു.

**Category - A**

1. Sanjeev Joshy Arackaparambil (Padathukadavu)
2. Deon D. Mathew kunnath (Padathukadavu)
3. Levin Sunil Kezhaplakkal (Koorottupara)

**Category - B**

1. Liya Treesa Sunil Kezhaplakkal (Koorottupara)
2. Salviya Sanish Thonakkara (Koodaranji)
3. Ann Maria George Nangakulath (Pulloorampara)

**Category - C**

1. Simi Maria Kollanoor (Paroppady)
2. Aleesha Thomas Pulickal (Chippilithode)
3. Sr. Josna Maria FCC (Paoppady)

**Category - D**

1. Simi Jose Karukayil ( Ashokapuram)
2. Shince Sebastian Pynadath (Padathukadavu)
3. Nimmy Shaji Vadakkeparambil (Kunnamangalam)

**Category - E**

1. Dr. Celeena Perumpally (East hill)
2. Beena Joseph Vayalil (Mankavu)
3. Shaila Varghese Madhavath (Koodaranji)

**Category - F**

1. Mathew Thykkunnumpurath (Koorachundu)
2. Rosamma Jose Madappattu (Paroppady)
3. Lucy Manjakkunnel (Mukkam)

**ഫാ. മാറ്റസ് കോരംകോട്ട്**
ഡയറക്ടർ, ബൈബിൾ അപ്പോസ്തൊലേറ്റ്

## ഫാമിലി അപ്പോസ്തൊലേറ്റ്

**പ്രീകാനാ കോഴ്സുകൾ**

നവംബർ – 9, 10, 11

ഡിസംബർ – 7, 8, 9

ജനുവരി – 11, 12, 13

കൂടുതൽ വിവരങ്ങൾക്കും ബുക്കിങ്ങിനും : 8075935240

**ഫാ. മാറ്റസ് കോരംകോട്ട്**
ഡയറക്ടർ, ഫാമിലി അപ്പസ്തൊലേറ്റ്

# വിശ്വാസപരിശീലനം

'കർത്താവിന്റെ നാമം ബലിഷ്ഠമായ ഒരു ഗോപുരമാണ്;
നീതിമാൻ അതിൽ ഓടിക്കയറി സുരക്ഷിതനായിക്കഴിയുന്നു'
(സുഭാഷിതങ്ങൾ 18:10)

### അഭിവന്ദ്യ പിതാവിന് തിരുനാൾ ആശംസകൾ

താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ നാമഹേതുക തിരുനാൾ ദിനത്തിൽ രൂപതാ മതബോധന സമതി പിതാവിന് തിരുനാൾ ആശംസകൾ നേരുകയും, മന്നാ പദ്ധതിയിലേക്ക് സംഭാവന നൽകുകയും ചെയ്തു.

### ലൂമിന

ഒക്ടോബർ 24 തിങ്കളാഴ്ച്ച തിരുവമ്പാടി മേഖലയിലെ HCC II കുട്ടികൾക്കായുള്ള ലൂമിന പ്രോഗ്രാം കൂടരഞ്ഞി പള്ളിയിൽ വച്ച് നടന്നു. 250 യുവജനങ്ങൾ പങ്കെടുത്തു.

### Power Cell (മതാധ്യാപക സംഗമം)

ഒക്ടോബർ 5 വ്യാഴാഴ്ച്ച പേരാമ്പ്ര സെന്ററിൽ വച്ച് നടന്ന പവർസെൽ-9ൽ ചക്കിട്ടപ്പാറ, കുളത്തുവയൽ, മുതുകാട്, പേരാമ്പ്ര, പെരുവണ്ണാമൂഴി, നരിനട എന്നീ ഇടവകകളിൽ നിന്നും 70 അധ്യാപകർ പങ്കെടുത്തു. ഒക്ടോബർ 11 ബുധനാഴ്ച്ച കൂരോട്ടുപ്പാറ സെന്ററിൽ വച്ച് നടന്ന പവർസെൽ-10 ൽ വലിയകൊല്ലി, കൂരോട്ടുപ്പാറ, മഞ്ഞുമല, മഞ്ഞുവയൽ, ചെമ്പുകടവ് എന്നീ ഇടവകകളിൽ നിന്നും 57 അധ്യാപകർ പങ്കെടുത്തു. ഒക്ടോബർ 20 വെള്ളിയാഴ്ച്ച ചാത്തങ്കോട്ടുനട ധ്യാനകേന്ദ്രത്തിൽ വച്ച് നടന്ന പവർ സെൽ 11 ൽ ചാത്തങ്കോട്ടുനട, ചാപ്പൻതോട്ടം, പൊയിലോംചാൽ, പി.ടി.ചാക്കോ നഗർ, പൂതംപാറ, കരിങ്ങാട് എന്നീ ഇടവകകളിൽ നിന്നും അധ്യാപകർ പങ്കെടുത്തു. ഒക്ടോബർ 30 തിങ്കളാഴ്ച്ച മഞ്ചേരി സെന്ററിൽ വച്ച് നടന്ന പവർ സെൽ 12 ൽ കൂമംകുളം, മഞ്ചേരി, പന്തല്ലൂർ, പയ്യനാട് എന്നീ ഇടവകകളിൽ നിന്നും അധ്യാപകർ പങ്കെടുത്തു. ഒക്ടോബർ 31 ചൊവ്വാഴ്ച്ച മഞ്ഞക്കടവ് സെന്ററിൽ വച്ച് നടന്ന പവർ സെൽ 13 ൽ കൂടരഞ്ഞി, തേക്കുംകുറ്റി, കുളിരാമുട്ടി, പൂവാറൻതോട്, മഞ്ഞക്കടവ് എന്നീ ഇടവകകളിൽ നിന്നും അധ്യാപകർ പങ്കെടുത്തു.

### ലഹരി വിരുദ്ധ ദിനം

ഒക്ടോബർ 1 ഞായറാഴ്ച്ച താമരശ്ശേരി രൂപതയിലെ എല്ലാ ഇടവകകളിലും ലഹരി വിരുദ്ധ ദിനം ആചരിച്ചു. എല്ലാ സൺഡേ സ്കൂളുകളിലും ലഹരി വിരുദ്ധദിന പ്രതിജ്ഞ ചൊല്ലുകയും, 6 മുതൽ 12 വരെയുള്ള ക്ലാസ്സിലെ കുട്ടികൾക്കായി കത്തെഴുത്ത് മത്സരം നടത്തുകയും ചെയ്തു. മിക്ക ഇടവകകളിലും പോസ്റ്റർ നിർമ്മാണം, റാലികൾ, ബോധവത്കരണ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിച്ചു.

### Faith @ Parish

സെപ്റ്റംബർ 24 ഞായറാഴ്ച്ച അടക്കാക്കുണ്ട് ഇടവകയിൽ രൂപത മതബോധന ഡയറക്ടർ ഫാ. ജോൺ പള്ളിക്കാവയലിൽ സന്ദർശനം നടത്തുകയും, വിശുദ്ധ ബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും, കുട്ടികൾക്ക് സന്ദേശം നൽകുകയും, മതാധ്യാപകരെ കണ്ട് വിശ്വാസ പരിശീലനം വിലയിരുത്തുകയും ചെയ്തു.

ഒക്ടോബർ 1 ഞായറാഴ്ച്ച കൽക്കുണ്ട് ഇടവകയിൽ ഫാ. ജോൺ പള്ളിക്കാവയലിൽ സന്ദർശനം നടത്തുകയും, വിശുദ്ധ ബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും, വിശ്വാസ പരിശീലനം വിലയിരുത്തുകയും ചെയ്തു. ഒക്ടോബർ 08 ഞായറാഴ്ച്ച കൂമംകുളം ഇടവകയിൽ സന്ദർശനം നടത്തുകയും, വിശുദ്ധ ബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും, കുട്ടികളേയും മതാധ്യാപകരേയും കണ്ട് വിശ്വാസ പരിശീലനം വിലയിരുത്തുകയും, മാതാപിതാക്കൾക്ക് ക്ലാസ്സുകൾ എടുക്കുകയും ചെയ്തു.

### അർധവാർഷിക പരീക്ഷ

2023–24 ലെ അർധവാർഷിക പരീക്ഷ ഒക്ടോബർ 29 ഞായറാഴ്ച്ച 11 മാ –1 ുാ വരെ ഇടവകളിൽ നടന്നു. STD 3 ൽ കഴിഞ്ഞ വർഷത്തേതുപോലെ എഴുത്തു  പരീക്ഷ ആയിരിന്നു. STD 1, 2 ക്ലാസ്സുകളിലെ അധ്യാപകർക്ക് ചോദ്യപ്പരീക്ഷയ്ക്ക് സഹായകമായ മാതൃകാ ചോദ്യങ്ങളും നൽകി. പൊതുവിജ്ഞാനം 'ക്രിസ്തീയ വിജ്ഞാനമുത്തുകൾ' എന്ന പുസ്തകത്തിൽ നിന്നായിരന്നു ചോദ്യങ്ങൾ തയ്യാറിക്കിയത്.

### ACC 13,14 ക്ലാസ്സുകൾ

ഒക്ടോബർ മാസത്തെ ACC13 ന്റെ 2 ക്ലാസ്സുകൾ, ACC14ന്റെ

2 ക്ലാസ്സുകളും കാറ്റിക്കിസം യൂട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു.

ACC 13 ൽ 'യേശു ഏക രക്ഷകൻ' എന്ന വിഷയത്തെ കുറിച്ച് റവ.ഫാ. മാത്യു തൂമുള്ളിൽ, 'ക്രിസ്തീയത നേരിടുന്ന വെല്ലുവിളികൾ' എന്ന വിഷയത്തിൽ റവ.ഫാ. പീറ്റർ പുതർമണ്ണിൽ എന്നിവർ ക്ലാസ്സുകൾ എടുത്തു. ACC14 ൽ 'ഉത്ഥിതനായ ക്രിസ്തുവിന്റെ സാന്നിദ്ധ്യം ക്രൈസ്തവേതര മതങ്ങളിൽ' എന്ന വിഷയത്തിൽ റവ. ഫാ. ചെറിയാൻ പൊങ്ങൻപാറ, 'ജീവന്റെ മൂല്യം' എന്ന വിഷയത്തിൽ സോണിമോൻ സേവ്യർ കരിവേലിക്കൽ എന്നിവർ ക്ലാസ്സുകളെടുത്തു.

ACC 13,14 Mr. Johnson Poovathinkal ന്റെ ഇതേ ക്ലാസ്സുകൾ പവർ പോയിന്റ് പ്രസന്റേഷനോടുകൂടി സംപ്രേക്ഷണം ചെയ്തു.

**മീഡിയ കാറ്റക്കേസിസ്**

ഒക്ടോബർ മാസത്തിൽ നടന്ന ലൂമിന, പവർ സെൽ, Faith @ Parish, ACC ക്ലാസ്സുകൾ എന്നിവയുടെ വീഡിയോസ് കാറ്റക്കിസം യൂട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു.

**Channel Catechesis**

താമരശ്ശേരി രൂപതയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനു വേണ്ടി Channel Catechesis (Diocese of Thamarassery) എന്ന WhatsApp Channel ആരംഭിച്ചു.

**Mission Quest 2023**

സീറോ മലബാർ മിഷൻ ഓഫീസും, കാറ്റക്കിസം ഡിപ്പാർട്ട്മെന്റും ചേർന്ന് സംയുക്തമായി നടത്തുന്ന Mission Quest 2023 എന്ന ഓൺലൈൻ ക്വിസ് പ്രോഗ്രാം 2023 ഒക്ടോബർ 28 വെള്ളിയാഴ്ച്ച വൈകുന്നേരം 8 മണിക്ക് നടന്നു. രണ്ട് വിഭാഗങ്ങളായി നടത്തപ്പെടുന്ന ക്വിസ് പ്രോഗ്രാമിൽ രൂപതയിലെ വിവിധ ഇടവകകളിൽ നിന്നും മുതിർന്നവരും കുട്ടികളും പങ്കെടുത്തു.

**HCC II രൂപതാതല പ്രതിഭാ സംഗമം**

നവംബർ 10,11,12 (വെള്ളി, ശനി, ഞായർ) തിയതികളിൽ PMOC യിൽ വച്ച് നടക്കുന്നു. വെള്ളിയാഴ്ച്ച വൈകിട്ട് 4.30ന് ആരംഭിച്ച് ഞായറാഴ്ച്ച രാവിലെ 10 ന് സമാപിക്കുന്നതാണ്. രൂപതാതല പ്ര

തിഭാ സംഗമത്തിനു മുമ്പ് ഓരോ മേഖലയിലും പ്രതിഭാ സംഗമങ്ങൾ നടത്തി 2 ആൺകുട്ടികളേയും 2 പെൺകുട്ടികളേയും തിരഞ്ഞെടുക്കേണ്ടതാണ്. പ്രതിഭകളെ തിരഞ്ഞെടുക്കേണ്ടതിന്റെ മാനദണ്ഡങ്ങൾ മതബോധന കലണ്ടർ പേജ് 28ൽ നൽകിയിട്ടുണ്ട്.

സിലബസ്: വി. മത്തായി 1 മുതൽ 20 വരെ അധ്യായങ്ങൾ
അപ്പസ്തോല പ്രവർത്തനങ്ങൾ 1 മുതൽ 10 വരെ അധ്യായങ്ങൾ
സീറോ മലബാർ സഭയുടെ ചരിത്രം
സഭയെ സംബന്ധിച്ച പൊതു വിവരങ്ങൾ
വി. ദേവസഹായം പിള്ള

**നവംബർ 2023**

| | | |
|---|---|---|
| 01–11–23 | ബുധൻ | സകല വിശുദ്ധരുടെയും തിരുനാൾ |
| 02–11–23 | വ്യാഴം | സകല മരിച്ചവരുടെയും ഓർമ |
| 04–11–23 | ശനി | വി. ചാൾസ് ബൊറോമിയോ<br>HCC ചോദ്യപേപ്പർ കമ്മറ്റി മീറ്റിംഗ് (Q.com)<br>Power Cell: 14 കുന്ദമംഗലം സെന്റർ (കുന്ദമംഗലം, അമലാപുരി, ഈസ്റ്റ് ഹിൽ, അശോകപുരം, കട്ടാങ്ങൽ) |
| 05–11–23 | ഞായർ | പള്ളിക്കൂദാശാക്കാലം 1–ാം ഞായർ<br>വി. സഖറിയായും വി. ഏലീശ്വായും<br>മതാധ്യാപക ദിനം (ഇടവകകളിൽ മതാധ്യാപകരെ ആദരിക്കുന്നു)<br>ACC 13, 14 Online Class |
| 07–11–23 | ചൊവ്വ | Power Cell: 15 തേഞ്ഞിപ്പാലം സെന്റർ (തേഞ്ഞിപ്പാലം, കടലുണ്ടി, കുണ്ടായിത്തോട്, പരപ്പനങ്ങാടി, മാങ്കാവ്) |
| 08–11–23 | ബുധൻ | Power Cell: 16 തോട്ടുമുക്കം സെന്റർ (ചുണ്ടത്തുംപൊയിൽ, മരഞ്ചാട്ടി, പനംപ്ലാവ്, തോട്ടുമുക്കം, വാലില്ലാപ്പുഴ, വെറ്റിലപ്പാറ) |
| 10–11–23 | വെള്ളി | രൂപതതാതല പ്രതിഭാസംഗമം (HCC II), PMOC |
| 11–11–23 | ശനി | രൂപതതാതല പ്രതിഭാസംഗമം (HCC II), PMOC |
| 12–11–23 | ഞായർ | പള്ളിക്കൂദാശാക്കാലം 2–ാം ഞായർ |

| | |
|---|---|
| | രൂപതതാതല പ്രതിഭാസംഗമം (HCC II), PMOC |
| 13–11–23 തിങ്കൾ | Power Cell: 17 പുതുപ്പാടി സെന്റർ (മൈലെള്ളാംപാറ, ചിപ്പിലിത്തോട്, പുതുപ്പാടി, വള്ളിയാട്, നൂറാംതോട്, കാക്കവയൽ) |
| 19–11–23 ഞായർ | പള്ളിക്കൂദാശാക്കാലം 3–ാം ഞായർ<br>ACC 13, 14 Online Class |
| 20–11–23 തിങ്കൾ | Power Cell: 18 കക്കാടംപൊയിൽ സെന്റർ (കക്കാടംപൊയിൽ, വെണ്ടേക്കുംപൊയിൽ, പീടികപ്പാറ, പുഷ്പഗിരി, കോനൂർകണ്ടി) |
| 22–11–23 ബുധൻ | Power Cell: 19 വിളക്കാംതോട് സെന്റർ (തിരുവമ്പാടി, മുക്കം, കല്ലുരുട്ടി, വേനപ്പാറ, വിളക്കാംതോട്) |
| 23–11–23 വ്യാഴം | Power Cell: 20 ആനക്കാംപൊയിൽ സെന്റർ (പുല്ലൂരാംപാറ, ആനക്കാംപൊയിൽ, മുത്തപ്പൻപുഴ, കരിമ്പ്) |
| 26. 11. 23 ഞായർ | പള്ളിക്കൂദാശാക്കാലം 4–ാം ഞായർ<br>മിശിഹായുടെ രാജത്വ തിരുനാൾ |
| 30–11–23 വ്യാഴം | വി. അന്ത്രയോസ് ശ്ലീഹാ<br>Power Cell: 21 മാവൂർ സെന്റർ (ചേവായൂർ, മാവൂർ, ദേവഗിരി, പാറോപ്പടി) |

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം

# ലിറ്റർജി കമ്മീഷൻ

**മർഗാനീസ ക്ലാസ് രണ്ടാം ഭാഗം**

വിശുദ്ധ കുർബാനയാകുന്ന മഹാരഹസ്യത്തെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കാൻ വിശ്വാസികളെ സഹായിക്കുന്ന ഓൺലൈൻ പഠന പരമ്പരയായ മർഗാനീസയുടെ രണ്ടാം ഭാഗം ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നു.

ഒക്ടോബർ മാസത്തിലെ ക്ലാസുകൾ നയിച്ചത് സീറോ മലബാർ സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റി അംഗവും പ്രസിദ്ധ വചന പ്രഘോഷകനുമായ ശ്രീ. ചെറിയാൻ കവലയ്ക്കൽ സാറാണ്. 'പരിശുദ്ധ കുർബാനയും പഴയ നിയമ പശ്ചാത്തലവും' എന്ന വിഷയത്തെ ആസ്പദമാക്കിയായിരുന്നു അദ്ദേഹം ക്ലാസുകൾ നയിച്ചത്. വൈകിട്ട് 8.30 മുതൽ 9.30 വരെ സൂം മീറ്റിലൂടെ നടത്തിയ ഈ ക്ലാസുകളിൽ വിവിധ സ്ഥലങ്ങളിൽ നിന്നായി നൂറോളം പേർ സംബന്ധിച്ചു.

ഈ ക്ലാസുകൾ നടത്താൻ ആവശ്യമായ എല്ലാ സാങ്കേതിക സഹായങ്ങളും നൽകിയ പോപ്പ് ജോൺപോൾ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ബഹു. കുര്യൻ പുരമഠത്തിൽ, കോട്ടയ്ക്കൽ ലിറ്റിൽ ഫ്ളവർ ഇടവക പാരിഷ് സെക്രട്ടറി ശ്രീ. ഷിജു കുഴികണ്ടത്തിൽ എന്നിവർക്ക് പ്രത്യേകം നന്ദി അർപ്പിക്കുന്നു.

എല്ലാ മാസത്തെയും രണ്ടാമത്തെയും നാലാമത്തെയും ആഴ്ചയിൽ നടക്കുന്ന ഈ ക്ലാസുകളിൽ പങ്കെടുക്കാൻ ബഹു. അച്ചന്മാർ ഇടവകാംഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും ഇതുമായി ബന്ധപ്പെട്ട് അയച്ചുതരുന്ന പോസ്റ്ററുകൾ ഇടവക വാട്സ്ആപ്പ് കൂട്ടായ്മകളിൽ ഷെയർ ചെയ്യുകയും ചെയ്യുമല്ലോ.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

# സെമിനാരി വാർത്തകൾ

താമരശ്ശേരി രൂപതയുടെ ഇടയനായ അഭിവന്ദ്യ മാർ റെമീജിയോസ് പിതാവിന്റെ നാമഹേതുക തിരുനാൾ മൈനർ സെമിനാരിയിൽ സെപ്തംബർ 30 ന് വിശുദ്ധ കുർബാനയോടെ ആഘോഷിച്ചു.

**ജൂബിലി ആഘോഷം**

നമ്മുടെ രൂപതയിൽ സുവർണ്ണജൂബിലി ആഘോഷിക്കുന്ന മാത്യു മാവേലിയിൽ അച്ചന്റെയും സിൽവർ ജൂബിലി ആഘോഷിക്കുന്ന ഫാ. ജോൺസൻ കൊച്ചീലാത്ത്, ഫാ. സ്കറിയ മങ്കരയിൽ, ഫാ. ഷിബു കളരിക്കൽ, ഫാ. മനോജ് പ്ലാക്കൂട്ടം എന്നിവരുടെയും ജൂബിലി ആഘോഷം മൈനർ സെമിനാരിയിൽ വച്ച് ഒക്ടോബർ 10 ന് നടത്തി. അന്ന് 6 മണിക്ക് അഭിവന്ദ്യ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന വി. കുർബാനയോടെ ജൂബിലി ആഘോഷങ്ങൾ ആരംഭിച്ചു. തുടർന്ന 7.30ന് നടന്ന മീറ്റിംഗിൽ ജൂബിലിയേറിയൻസിനെ ആദരിക്കുകയും ആശംസകൾ നേരുകയും ചെയ്തു. അതോടൊപ്പം നീണ്ടകാലം സെമിനാരിയിൽ ശുശ്രൂഷ ചെയ്ത ശേഷം വിരമിക്കുന്ന മത്തൻ ചേട്ടനെയും പെണ്ണമ്മ ചേച്ചിയെയും ആദരിക്കുകയും അവർക്ക് കൃതജ്ഞത അർപ്പിക്കുകയും ചെയ്തു. തുടർന്ന് നടന്ന സ്നേഹവിരുന്നോടെ ജൂബിലി ആഘോഷം സമാപിച്ചു.

**വോളീബോൾ, ബാസ്ക്കറ്റ് ബോൾ മാച്ച്**

സെമിനാരി വിദ്യാർത്ഥികളുടെ കായിക ഉന്നമനത്തിനായി മൈനർ സെമിനാരിയിൽ വച്ച് മേജർ സെമിനാരി വിദ്യാർത്ഥികളുമായി ബാസ്ക്കറ്റ് ബോൾ, വോളീബോൾ മാച്ചുകൾ നടത്തപ്പെട്ടു.

**ഒക്ടോബർ ഡിവോഷൻ**

ജപമാല ഭക്തിക്കായി പ്രത്യേകമാം വിധം മാറ്റി വച്ചിരിക്കുന്ന ഒക്ടോബർ മാസത്തിൽ സെമാനാരിയിൽ ആഘോഷമായ ജപമാല ആചരണം ഒക്ടോബർ 15 മുതൽ 25 വരെയുള്ള ദിവസങ്ങളിൽ നടത്തി.

**ഹോം ഡേ മത്സരങ്ങൾ**

സെമിനാരി കുടുംബത്തിന്റെ സാഹോദര്യവും സ്നേഹവും ദൃശ്യ മാകുന്ന ഹോം ഡേ ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. വൈദിക വിദ്യാർത്ഥികളുടെ കഴിവുകൾ വളർത്തിയെടുക്കുന്ന കുടുംബദിന മത്സരങ്ങൾ ഒക്ടോബർ 11 ന് ആരംഭിച്ചു.

**ഫാ. ജേക്കബ് അരീത്തറ**
റെക്ടർ, അൽഫോൻസ സെമിനാരി

## അൾത്താരാ സംഘടന (SMART)

**ഇംഗ്ലീഷ് കോഴ്സ്**

സ്റ്റാർട്ടിന്റെ ആഭിമുഖ്യത്തിൽ അൾത്താര ശുശ്രൂഷകർക്കുവേണ്ടി യുള്ള ഇംഗ്ലീഷ് കോഴ്സ് നല്ല രീതിയിൽ നടക്കുന്നു. ഇടവകകളിൽ ബഹു. വൈദികരും ആനിമേറ്റേഴ്സും നൽകുന്ന സഹകരണത്തിന് ന ന്ദി. നവംബർ 11 ന് ഇംഗ്ലീഷ് കോഴ്സിന്റെ ആദ്യ സെമസ്റ്റർ എക്സാം നടത്തപ്പെടുന്നതായിരിക്കും. ബഹു. വൈദികരും സിസ്റ്റേഴ്സും കു ട്ടികളെ ഇതിനായി ഒരുക്കമല്ലോ.

**വ്ളോഗ് മത്സരം**

ഒക്ടോബർ 1 ന് നമ്മുടെ ഇടവകകളിൽ നല്കപ്പെട്ട ഇടയലേഖ നത്തിന്റെ പശ്ചാത്തലത്തിൽ സ്മാർട്ട് അംഗങ്ങൾക്കുവേണ്ടി വ്ളോഗ് കോമ്പറ്റീഷൻ നടത്തപ്പെട്ടു. പരി. അമ്മയെ ഭവനങ്ങളിൽ അലങ്കരിച്ച് അമ്മയുടെ രൂപത്തിന് മുമ്പിൽ നിന്ന് പരി. അമ്മയെക്കുറിച്ച് ഒരു മിനി റ്റിൽ കവിയാതെ ചെറിയ ചിന്ത പങ്കുവയ്ക്കുന്ന മത്സരത്തിൽ നിര വധി കുട്ടികൾ പങ്കെടുത്തു. കുട്ടികളെ ഒരുക്കിയ ബഹു. വികാരിയച്ച ന്മാർക്കും ആനിമേറ്റേഴ്സിനും മാതാപിതാക്കൾക്കും പ്രത്യേകം നന്ദി.

**ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ**
ഡയറക്ടർ, SMART

# ചെറുപുഷ്പ മിഷൻലീഗ്

**1 Holy Rasary Mission Month 2k23**

പരിശുദ്ധ അമ്മയോട് ചേർന്ന് മിഷൻ പ്രവർത്തനങ്ങൾക്കായി പ്രത്യേകം പ്രാർത്ഥിക്കാനും കഴിയുന്ന സഹായം ചെയ്യാനും ഒക്ടോബർ മാസം തിരഞ്ഞെടുത്തു. ഈ മാസത്തിൽ ലഭിക്കുന്ന മിഷൻ ചൈതന്യം മറ്റ് മാസങ്ങളിലും നിലനിൽക്കട്ടെ. ഇതിന്റെ ഭാഗമായി ആറ് വ്യത്യസ്ത പ്രോഗ്രാമുകളിലൂടെ മിഷൻ ചൈതന്യം കുഞ്ഞുമിഷനറിമാരിലെത്തിക്കാൻ പരിശ്രമിച്ചു.

**A) ഒക്ടോബർ 1 : മിഷൻ റോസറി**

വി. കൊച്ചു ത്രേസ്യായുടെ തിരുനാൾ ദിനത്തിൽ വികാരിയച്ചൻ വെഞ്ചിരിച്ചു നൽകിയ മൂന്ന് ജപമാലകൾ ശാഖയിലെ കുഞ്ഞുമിഷനറിമാരിലൂടെ കൈമാറി തങ്ങൾക്ക് ലഭിച്ച മിഷൻഗ്രാമത്തിനായി ഒക്ടോബർ മാസം മുഴുവൻ ജപമാല ചൊല്ലി സാധിച്ചവരെല്ലാവരും പ്രാർത്ഥിച്ചു.

**B) മിഷൻ ഡൈജസ്റ്റ്**

സീറോ മലബാർ മിഷൻ രൂപതകളെ പരിചയപ്പെടുത്തുന്ന ചെറിയ ഓൺലൈൻ സ്റ്റാറ്റസ് കാർഡുകൾ ഉണ്ടാക്കി കുഞ്ഞു മിഷനറിമാർക്ക് നൽകി.

**C) ഒക്ടോബർ 15 : മിഷൻ മീറ്റ്**

താമരശ്ശേരി രൂപത ദത്തെടുത്ത ഭദ്രാവതി രൂപതയിലെ മിഷൻ ഗ്രാമങ്ങളെ പരിചയപ്പെടുത്താൻ ഓൺലൈൻ സംഗമം നടത്തി. അഭിവന്ദ്യ മാർ റെമീജിയോസ് പിതാവ് അനുഗ്രഹ പ്രഭാഷണം നടത്തി. അഭിവന്ദ്യ മാർ ജോസഫ് അരുമച്ചാടത്ത് പിതാവും ബഹു. ജെയിംസ് പുൽത്തകിടിയിൽ അച്ചനും ഈ പ്രോഗ്രാമിന് നേതൃത്വം നൽകി.

**D) മിഷൻ സഹായനിധി**

മിഷൻ പ്രവർത്തനങ്ങളുടെ വിജയത്തിനായി ഒരു നേരത്തെ ഭക്ഷണം ഒഴിവാക്കി മിഷൻ ലീഗ് അംഗങ്ങൾ എല്ലാവരും ആ തുക മിഷൻ സഹായ നിധിക്ക് നൽകുന്ന പ്രോഗ്രാം ശാഖാതലത്തിൽ സംഘടിപ്പിച്ചു.

**E) മിഷൻ ഞായർ ആഘോഷം**

മിഷൻ പ്രവർത്തനങ്ങളെ കൂടുതലായി മനസ്സിലാക്കാൻ അവസരം ഒരുക്കുന്ന മിഷനുവേണ്ടി പ്രവർത്തിക്കുന്ന മിഷൻ ലീഗിന്റെ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് ശേഖരിക്കാൻ വിവിധ പദ്ധതികൾ, ആവിഷ്ക്കരിച്ച് നടപ്പിലാക്കി.

**F) മിഷൻ ക്വിസ്**

മിഷൻ ഡൈജസ്റ്റിന്റെ വെളിച്ചത്തിൽ വിവിധ ശാഖകളിൽ മിഷൻക്വിസ് നടത്തി.

**വി. കൊച്ചുത്രേസ്യായുടെ തിരുനാൾ**

ഒക്ടോബർ 1–ാം തിയ്യതി ഞായറാഴ്ച വി.കൊച്ചുത്രേസ്യായുടെ തിരുനാൾ ആശംസകൾ കുഞ്ഞുമിഷനറിമാർക്ക് കൈമാറി. അന്നേ ദിനം അഭിവന്ദ്യ മാർ റെമീജിയോസ് പിതാവിന്റെ തിരുനാൾ ആയതുകൊണ്ട് മുപ്പതോളം ചെറുപുഷ്പ മിഷൻ ലീഗ് അംഗങ്ങൾ രൂപത കേന്ദ്രത്തിൽ എത്തിച്ചേരുകയും ഈ സംഘടനയുടെ രക്ഷാധികാരിയായ പിതാവിന് തിരുനാൾ ആശംസകൾ നേരുകയും ചെയ്തു. കുഞ്ഞുമിഷനറിമാരുടെ വിവിധ കലാപരിപാടികൾ തിരുനാൾ ആശംസ വേളയെ കൂടുതൽ ഹൃദ്യമാക്കി.

**തിരുനാൾ ആശംസാകാർഡ് നിർമ്മാണ മത്സരം**

മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ നാമഹേതുക തിരുനാളിനോട് അനുബന്ധിച്ച് ആശംസാകാർഡ് നിർമ്മാണ മത്സരം നടത്തി. നൂറ്റിപതിനെട്ടോളം ശാഖയിൽ നിന്ന് ആശംസാകാർഡുകൾ എത്തി. അതിൽ നിന്ന് സമ്മാനർഹരായ ശാഖകളുടെ പേജുകൾ ചുവടെ ചേർക്കുന്നു.

1st – കൂരാച്ചുണ്ട് ശാഖ

2nd – വിലങ്ങാട് & പയ്യനാട് ശാഖകൾ

3rd – ആനക്കാംപൊയിൽ & മാലാപറമ്പ് ശാഖകൾ

4. ചെറുപുഷ്പ മിഷൻ ലീഗ് സ്ഥാപകദിനം

ഒക്ടോബർ 3 ചെറുപുഷ്പ മിഷൻ ലീഗിന്റെ സ്ഥാപക ദിനത്തിൽ അഭിവന്ദ്യ മാർ റെമീജിയോസ് പിതാവിനോടൊപ്പം ഒരു ആശംസ വീഡിയോ തയ്യാറാക്കി എല്ലാ കുഞ്ഞു മിഷനറിമാർക്കും കേരള സംസ്ഥാന സമിതിക്കും നൽകി.

**6. പ്രേഷിതം 2സ23 – ചെറുപുഷ്പ മിഷൻ ലീഗ് രൂപത കലോത്സവം**

14–10–2023 ശനിയാഴ്ച തിരുവമ്പാടി അൽഫോൻസാ കോളേജിൽ വെച്ച് പ്രേഷിതം 2സ23 രൂപത കലോത്സവം സംഘടിപ്പിച്ചു. രാവിലെ 9 മണിക്ക് തിരുവമ്പാടി ഫോറോന വികാരി റവ. ഫാ. തോമസ് നാഗപറമ്പിൽ കലോത്സവം ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന സമ്മേളനത്തിൽ വച്ച് 2022–23 പ്രവർത്തന വർഷത്തെ മികച്ച മേഖലകൾ, മികച്ച ശാഖകൾ എന്നിവയ്ക്ക് ട്രോഫികൾ സമ്മാനിച്ചു. കൂടാതെ കഴിഞ്ഞ മാസങ്ങളിൽ ചെറുപുഷ്പ മിഷൻ ലീഗ് രൂപത സമിതി കുഞ്ഞുമിഷനറിമാർക്കായി സംഘടിപ്പിച്ച ഒമ്പതുമത്സരങ്ങളുടെ സമ്മാനങ്ങളും നൽകി.

പതിനൊന്ന് മേഖലകളുടെ സജീവമായ സഹകരണത്തോടെ നടന്ന രൂപത കലോത്സവത്തിൽ തിരുവമ്പാടി മേഖല ഒന്നാം സ്ഥാനവും, കൂരാച്ചുണ്ട് മേഖല രണ്ടാം സ്ഥാനവും, കോടഞ്ചേരി മേഖല മൂന്നാം സ്ഥാനവും കരസ്ഥമാക്കി. കലോത്സവത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടിയ ശാഖകളിൽ പുല്ലൂരാംപാറ ശാഖയും ചക്കിട്ടപ്പാറ ശാഖയും ഒന്നാം സ്ഥാനം പങ്കിട്ടപ്പോൾ കോടഞ്ചേരി ശാഖ രണ്ടാം സ്ഥാനവും വിലങ്ങാട് ശാഖ മൂന്നാം സ്ഥാനവും നേടി. സമാപന സമ്മേളനത്തിൽ തിരുവമ്പാടി അൽഫോൻസ കോളേജ് മാനേജർ റവ. ഫാ. സ്ക്കറിയ മങ്കരയിൽ മുഖ്യാതിഥിയായി പങ്കെടുത്ത് വിജയികൾക്ക് സമ്മാനദാനം നടത്തുകയും ചെയ്തു. വിജയികൾക്കും പങ്കെടുത്തവർക്കും അഭിനന്ദനങ്ങളും ഇതിനായി മക്കളെ ഒരുക്കിയ വൈദികർക്കും, സിസ്റ്റർമാർക്കും, മാതാപിതാക്കൾക്കും, ടീച്ചേഴ്സിനും നന്ദിയും നേരുന്നു.

**പ്രേഷിതം 2സ23 സ്കോർ ബോർഡ്**

| | | |
|---|---|---|
| തിരുവമ്പാടി | – | 548 |
| കൂരാച്ചുണ്ട് | – | 528 |
| കോടഞ്ചേരി | – | 495 |
| പെരിന്തൽമണ്ണ | – | 431 |
| മലപ്പുറം | – | 341 |
| കരുവാരകുണ്ട് | – | 165 |
| പാറോപ്പടി | – | 492 |
| തോട്ടുമുക്കം | – | 409 |

| | | |
|---|---|---|
| വിലങ്ങാട് | – | 443 |
| താമരശ്ശേരി | – | 428 |
| മരുതോങ്കര | – | 466 |

**6. ചരിത്രമായി പ്രേഷിതം 2സ23**

നവയുഗ മാധ്യമങ്ങളുടെ സഹായത്തോടെ ഈ വർഷത്തെ രൂപത കലോത്സവം ചരിത്രമാക്കി മാറ്റിയ ചെറുപുഷ്പ മിഷൻലീഗ് രൂപത സമിതിയ്ക്കും ഇങ്ഘ മീഡിയ സെല്ലിനും അഭിനന്ദനങ്ങൾ നേരുന്നു.

**The main features of Preshitham 2k23**

Online Registration
Venue status on mobile
Arrangements
Live Result from anywhere
Live photos and videos
Room info
My stage
Online Support

**നവംബർ മാസത്തിലെ പ്രോഗ്രാം**

| | | |
|---|---|---|
| 01 ബുധൻ | – | സകല വിശുദ്ധരുടേയും തിരുനാൾ |
| 02 വ്യാഴം | – | സകല മരിച്ചവരുടെയും ഓർമ്മ, കുഞ്ഞുമിഷനറിമാരുടെ സിമിത്തേരി സന്ദർശനം |
| 04 ശനി | – | വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ – മതാധ്യാപകരുടെ മദ്ധ്യസ്ഥൻ |
| 05 ഞായർ | – | വി. സഖറിയാ, വി. ഏലീശ്വാ, ചെറുപുഷ്പ മിഷൻ ലീഗ് അംഗങ്ങൾ മതാധ്യാപകരെ ആദരിക്കുന്നു. |
| 11 ശനി | – | സംസ്ഥാന മിഷൻ കലോത്സവം – കോതമംഗലം രൂപത |
| 22 ബുധൻ | – | വി. സിസിലി, ഗായക സംഘത്തെ ആദരിക്കുന്നു. |
| 26 ഞായർ | – | **മിശിഹായുടെ രാജത്വതിരുനാൾ,** ക്രിസ്തുമസ്സ് സുകൃതമഞ്ജരി നൽകുന്നു |
| 30 വ്യാഴം | – | അന്ത്രയോസ് ശ്ലീഹാ |

*പ്രവർത്തനങ്ങൾ*

* സിമിത്തേരി സന്ദർശനം
* രാജത്വ തിരുനാൾ ദിനത്തിൽ റാലി നടത്തുന്നു
* സുകൃതമഞ്ജരി നൽകുന്നു

**ഫാ. ജോർജ്ജ് വെള്ളാരംകാലായിൽ**
ഡയറക്ടർ, ചെറുപുഷ്പ മിഷൻലീഗ്

## തിരുബാലസഖ്യം

പരി. അമ്മയ്ക്ക് പ്രതിഷ്ഠിതമായ ഒക്ടോബർ മാസത്തിൽ തിരുബാലസഖ്യം കുഞ്ഞുങ്ങൾ പരി. അമ്മയോടുള്ള ഭക്തിയിലും ജപമാല ഭക്തിയിലും കൂടുതലായി വളരുവാനുള്ള പരിപാടികൾ ആസൂത്രണം ചെയ്തു. "സ്നേഹപൂർവ്വം പരിശുദ്ധ അമ്മയ്ക്ക്" എന്ന പേരിൽ പരിശുദ്ധ അമ്മയുടെ ജനനതിരുനാളിനോട് അനുബന്ധിച്ച് നടത്തിയ കത്തെഴുത്ത് മത്സരത്തിൽ വിവിധ ഇടവകകളിൽ നിന്നായ് 250 കുട്ടികൾ പങ്കെടുത്തു. ഇതിൽനിന്ന് ഇവാഞ്ചലിൻ ടോം താഴത്തെമുറിയിൽ (ഒന്നാം സ്ഥാനം) ഈരൂട്, ജിയന്ന റോസ് അനിൽ തേക്കുംകാട്ടിൽ (രണ്ടാം സ്ഥാനം) വിളക്കാംതോട്, അബി ഇമ്മാനുവേൽ വേളുക്കുന്നേൽ (മൂന്നാം സ്ഥാനം) കുളത്തുവയൽ എന്നിവർ സമ്മാനാർഹരായി. വിജയികൾക്കും പങ്കാളികളായവർക്കും അഭിനന്ദനങ്ങൾ.

Jesus' Talk എന്ന പ്രോഗ്രാമിലൂടെ കുഞ്ഞുങ്ങൾക്കായി വ്യത്യസ്തമായ രീതിയിലുള്ള കുഞ്ഞറിവുകളും പ്രാർത്ഥനാനുഭവങ്ങളും നല്കി വരുന്നു.

**നവംബർ മാസ പ്രോഗ്രാം**

ക്രിസ്തുരാജന് പ്രതിഷ്ഠിതം

| | |
|---|---|
| പരിചയപ്പെടുന്ന വിശുദ്ധർ | വി. സിസിലി |
| പ്രാർത്ഥനാ നിയോഗം | എല്ലാ കുടുംബങ്ങൾക്കും വേണ്ടി |
| സുകൃതജപം | അവൻ ശിശുക്കളെ എടുത്ത്, അവരുടെ മേൽ കൈകൾ വച്ച് അനുഗ്രഹിച്ചു. (വി. മർക്കോസ് 10:16) |

| | |
|---|---|
| വചനം | ഞാൻ നിങ്ങളോട് പറഞ്ഞ വാക്കുകൾ ആത്മാവും ജീവനുമാണ് (യോഹ. 6:63) |
| 01 ബുധൻ | സകല വിശുദ്ധരുടേയും തിരുനാൾ |
| 02 വ്യാഴം | സകല മരിച്ചവരുടെയും ഓർമ്മ |
| 04 ശനി | വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ – മതാധ്യാപകരുടെ മദ്ധ്യസ്ഥൻ |
| 05 ഞായർ | വി. സഖറിയാ, വി. ഏലീശ്വാ. |
| 06 തിങ്കൾ | മതാധ്യാപകരെ ഇടവകളിൽ ആദരിക്കുന്നു. |
| 22 ബുധൻ | വി. സിസിലി (ഗായക സംഘ ത്തിന്റെ മദ്ധ്യസ്ഥ) |
| 26 ഞായർ | മിശിഹായുടെ രാജത്വതിരുനാൾ, ക്രിസ്തുമസ്സ് സുകൃതമഞ്ജരി നൽകുന്നു<br>മംഗളവാർത്ത 1–ാം ഞായർ (ക്രിസ്തുമസ് ഫ്രണ്ടിനെ തെരഞ്ഞെടുക്കുന്നു) |
| 30 വ്യാഴം | അന്ത്രയോസ് ശ്ലിഹാ |
| പ്രവൃത്തി | ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി<br>പ്രാർത്ഥിക്കുക, സിമിത്തേരി സന്ദർശിക്കുക. |
| ഗീതം | സകലവിശുദ്ധരുടെയും ലുത്തിനിയ |

**ഫാ. ജോർജ്ജ് വെള്ളാരംകാലായിൽ**
ഡയറക്ടർ, തിരുബാലസഖ്യം

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

**കൗൺസിലിംഗ്**

കൗൺസിലിംഗ് രംഗത്ത് നൂതന അദ്ധ്യായങ്ങൾ രചിച്ചുകൊണ്ടു കോഴിക്കോട് മേരിക്കുന്ന് ആസ്ഥാനമായി പ്രവർത്തിക്കുന്ന പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് കൗൺസിലിംഗ് നടത്തുന്നു. സൈക്കോള ജിയിൽ ദിവസവും ഓൺലൈൻ ആയും ഓഫ്ലൈൻ കൗൺസിലിംഗ് രംഗത്തേക്ക് പുതു തലമുറയെ വാർത്തെടുക്കുന്നതിനായി, രാജസ്ഥാനി ലെ സിംഗാനിയ യൂണിവേഴ്സിറ്റിയുമായി കൊളാബറേറ്റ് ചെയ്ത്, കൗൺസിലിംഗ് സൈക്കോളജിയിൽ മാസ്റ്റേഴ്സ് പ്രോഗ്രാം കോഴ്സു കളും നടത്തുന്നു.

**കോഴ്സുകൾ**

പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയിൽ നടത്തപ്പെടുന്ന കോഴ്സുകൾ:-

**1. എം.എസ്.സി ഇൻ കൗൺസിലിംഗ് സൈക്കോളജി ( ഓഫ് ലൈൻ).**

എല്ലാ ഞായറാഴ്ചകളിലും, രണ്ടാം ശനിയാഴ്ചകളിലും 9 am to 3.30 pm ക്ലാസുകൾ നടക്കുന്നു.

**2. എം.എസ്.സി ഇൻ ഗൈഡൻസ് ആൻഡ് കൗൺസിലിംഗ് (ഓൺലൈൻ)**

എല്ലാ ബുധനാഴ്ചകളിലും ശനിയാഴ്ചകളിലും 5.30 pm to 8 pm ക്ലാസുകൾ നടക്കുന്നു.

**അഡ്മിഷൻ തുടരുന്നു:** പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയിൽ നടത്തപ്പെടുന്ന കോഴ്സുകളിലേക്കുള്ള അഡ്മിഷൻ പുരോഗമിക്കുന്നു ഈ കോഴ്സു കളിൽ ചേരാൻ താൽപര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക: 9496575018, 9037379180.

എം.എസ്.സി. 3rd ബാച്ചിന്റെ യൂണിവേഴ്സിറ്റി പരീക്ഷാഫലം പു റപ്പെടുവിച്ചു. പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഏറെ അഭിമാനത്തോടെ 100% ഉന്നത വിജയം കരസ്ഥമാക്കി. എം.എസ്.സി. 4th ബാച്ച് ഒന്നാം വർഷ വിദ്യാർത്ഥികളും ഉയർന്ന മാർക്കോടെ നൂറു ശതമാനം വിജയം കരസ്ഥമാക്കി.

ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജി one year കോഴ്സിന്റെ പരീക്ഷകൾ നടക്കുന്നു.

**ഫാ. കുര്യൻ പുരമഠത്തിൽ**

ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

# അൽഫോൻസ കോളേജ് തിരുവമ്പാടി

**അൽഫോൻസാ കോളജിന് ഡിസ്ട്രിക്ട് ഇക്കോ എസ്ഡിജി ചാമ്പ്യൻ പദവി**

2023ലെ ഡിസ്ട്രിക്ട് ഇക്കോ എസ്ഡിജി ചാമ്പ്യൻ പദവിക്ക് ഔട്ട്സ്റ്റാൻഡിംഗ് പെർഫോമെൻസ് എന്ന ഗ്രേഡോടുകൂടി തിരുവ മ്പാടി അൽഫോൻസ കോളജ് അർഹത നേടി. കേന്ദ്ര സർക്കാർ എം എസ്എംഇ (മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ് മന്ത്രാലയം) രജിസ്ട്രേ ഷനിൽ പ്രവർത്തിക്കുന്ന അപ്പക്സ് എസ്ഡി ജിയുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വ്യവസായങ്ങൾ ക്കും കോർപ്പറേറ്റുകൾക്കും, ബിസിനസ് സംരംഭകർക്കുമുള്ളതാണ് ഡിസ്ട്രിക്ട് ഇക്കോ എസ്ഡിജി ചാമ്പ്യൻ പദവി.

ഇന്ത്യയിലെ 28 സംസ്ഥാനങ്ങൾ, എട്ട് കേന്ദ്രഭരണ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് ചാമ്പ്യൻഷിപ്പിൽ പങ്കെടുത്തത്. എസ് ഗ്രേഡോടുകൂടി മലബാർ മേ ഖലയിൽ ഈ ചാമ്പ്യൻഷിപ്പിന്അർഹമായ ഏക കോളജാണ് അൽ ഫോൻസാ കോളജ്. സുസ്ഥിര വികസനവും സാമൂഹ്യ ഉത്തരവാ ദിത്വവും ലക്ഷ്യമാക്കി നടത്തിയ പ്രവർത്തനങ്ങൾക്കുള്ള അംഗീകാ രമായാണ് ചാമ്പ്യൻ പദവി ലഭിച്ചത്. പ്ലാസ്റ്റിക്ക് നിർമ്മാർജനത്തിന് മുൻഗണന നൽകിക്കൊണ്ടുള്ള 'ബീറ്റ് ദ പ്ലാസ്റ്റിക്ക് പൊലൂഷൻ', 'ആഹാരമാണ് ഔഷധം' എന്ന മുദ്രാവാക്യവുമായി സംഘടിപ്പിച്ച മി ല്ലറ്റ് മേള ആരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായി നടത്തിയ ചലഞ്ച് വാക്കിങ് ആന്റ് സ്ലോ സൈക്കിളിങ് കോമ്പറ്റീഷൻ, സേഫ്റ്റിഡിസാ സ്റ്റർ റിസ്ക്ക് ആന്റ് ക്രൗഡ്മാനേജ്മെന്റ് പരിശീലനം, ഇവേസ്റ്റ് ശേഖരണം, 'ശാന്തിവനം' തുറന്ന ക്ലാസ്സ്റൂം പരിശീലനം തുടങ്ങി, കഴിഞ്ഞ മൂന്നു മാസത്തെ പ്രധാനപ്പെട്ട പ്രവർത്തനങ്ങളാണ് നേട്ട ത്തിന് പിന്നിൽ.

ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് അസിസ്റ്റന്റ് പ്രൊഫസറും കോ-ഓർഡിനേറ്ററുമായ ഷീബ മോൾ, ഇംഗ്ലീഷ് വിഭാഗം മേധാവി എം. സി സെബാസ്റ്റ്യൻ, അനീഷ്, വിദ്യാർത്ഥി പ്രതിനിധികളായ അലൻ

ഇമ്മാനുവേൽ, അച്ചുനാഥ്, ലിവിന സിബി, കെ. എസ് ഷബീർ, അമല റോസ്, അലൻ മാത്യു, കെ. എ രാഹുൽ ലിനെറ്റ് തങ്കച്ചൻ, എം. അരവിന്ദ്, ജെറാൾഡ് ടോം, ആൽബിൻ പോൾസൺ തുടങ്ങിയവരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളും അധ്യാപകരും അനധ്യാപകരും ആത്മാർത്ഥമായി പ്രവർത്തിച്ചതിന്റെ ഫലമായിയാണ് കോളജിന് ബഹുമതി ലഭിച്ചതെന്ന് പ്രിൻസിപ്പൽ ഡോ. ചാക്കോ കാളംപറമ്പിൽ, മാനേജർ ഫാ. സജി മങ്കരയിൽ എന്നിവർ പറഞ്ഞു.

**റിസർച്ച്മെത്തഡോളജി വർക്ക്ഷോപ്പ് നടത്തി**

അൽഫോൻസ കോളേജിലെ മൂന്നാം വർഷ ബികോം ബിബിഎ വിദ്യാർത്ഥികൾക്കും പിജി വിദ്യാർത്ഥികൾക്കുമായി റിസർച്ച്മെത്തഡോളജിയെക്കുറിച്ചുള്ള വർക്ക് ഷോപ്പ് നടത്തി. അൽഫോൻസാ കോളേജ് പ്രിൻസിപ്പൽ ഡോ. ചാക്കോ കെ. വി. വർക്ക് ഷോപ്പ് ഉദ്ഘാടനം ചെയ്തു. കോടഞ്ചേരി ഗവൺമെന്റ് കോളേജ് എക്കണോമിക്സ് വിഭാഗം തലവൻ മിസ്റ്റർ ഷബീർ കെ പി റിസർച്ച്മെത്തഡോളജി സെഷൻ നയിച്ചു. കോമേഴ്സ് ഡിപ്പാർട്മെന്റ് എച്ച് ഒ ഡി മി. സാനി തോമസ്, മിസ്സ്. രതി, ആൽബിന തോമസ്, ലിനെറ്റ് തങ്കച്ചൻ എന്നിവർ പ്രസംഗിച്ചു. മുക്കം ഡോൺ ബോസ്കോ കോളേജിലെ ബിബിഎ, എംകോം വിദ്യാർത്ഥികളും വർക്ക്ഷോപ്പിൽ പങ്കെടുത്തു.

**മാനസിക ആരോഗ്യ വാരാചരണം നടത്തി**

അൽഫോൻസാ കോളേജിൽ വച്ച് ലോകമാനസികാരോഗ്യദിനാചരണത്തിന്റെ ഭാഗമായി മാനസിക ആരോഗ്യവാരാചരണം 'മെന്റെ ഫെലീസ്' സൈക്കോളജി ഡിപ്പാർട്ട്മെന്റ് നേതൃത്വത്തിൽ നടത്തി. അതിന്റെ ഭാഗമായി ഒക്ടോബർ 10-ാം തീയതി മെന്റൽ ഹെൽത്ത് ആൻഡ് സൊസൈറ്റി എന്ന വിഷയത്തിൽ കോളജ് പ്രിൻസിപ്പൽ ഡോക്ടർ കെ. വി ചാക്കോ സെമിനാർ നയിച്ചു. ഒക്ടോബർ 16ന് കോഴിക്കോട് ട്രസ്റ്റ് സെന്റർ ഫോർ മൈൻഡ് ഫുൾ ലിവിംഗ് ഡയറക്ടറും ചീഫ് സൈക്കോളജിസ്റ്റും ആയ ഡോക്ടർ പ്രജീഷ് പാലംതറ ബ്രേക്ക് ദ സ്റ്റിക്ക്മാ ആൻഡ് ഫൈൻഡ് യുവർ വേ എന്ന വിഷയത്തിൽ സെമിനാർ നടത്തി. ഒക്ടോബർ 17 സൈക്കോളജി ഡിപ്പാർട്ട്മെന്റ് അസോസിയേഷൻ ഇലക്ട്രയുടെ നേതൃത്വത്തിൽ ഇന്റർ ഡിപ്പാർ

ട്ട്മെന്റ് എക്സിബിഷൻ നടത്തി. എക്സിബിഷനിൽ വിവിധ സൈക്കോളജിക്കൽ ടെസ്റ്റുകളും എക്സ്പിരിമെന്റ്സുകളും ഉണ്ടായിരുന്നു. സൈക്കോളജി ഡിപ്പാർട്ട്മെന്റ് മേധാവി മിസ്സ് നേഹ മാത്യു, ഡിപ്പാർട്ട്മെന്റ് കോർഡിനേറ്റർ അനുവിന്ദ എം കെ, അസോസിയേഷൻ സ്റ്റാഫ് സെക്രട്ടറി അഞ്ജലി ബാബു, അലീന മാത്യു അസോസിയേഷൻ സെക്രട്ടറി നവനീത് ടി, അനുമോൾ ജോസ് എന്നിവർ നേതൃത്വം നൽകി.

**റവ. ഫാ. സ്കറിയ മങ്കരയിൽ**
മാനേജർ, അൽഫോൻസ കോളേജ്

# കെ. സി. വൈ. എം.
# എസ്. എം. വൈ. എം

**വുമൺസ് : വനിത സംഗമവും കേശദാന യജ്ഞവും നടത്തി**

താമരശ്ശേരി രൂപത കെ സി വൈ എം എസ് എം വൈ എം വുമൺസ് വിങ്ങിന്റെ ആഭിമുഖ്യത്തിൽ കൈതപ്പൊയിൽ ലിസ കോളജിൽ വച്ച് ഒക്ടോബർ 22, 23 തിയ്യതികളിലായി വനിതാ സംഗമവും കേശദാന യജ്ഞവും നടത്തപ്പെട്ടു. നൂറോളം യുവതികൾ പങ്കെടുത്ത പരിപാടി പ്രശസ്ത സിനിമാതാരവും സംരംഭകയുമായി റോഷ്ന ആൻ റോയ് ഉദ്ഘാടനം ചെയ്തു. ഫ്ളവേഴ്സ് ചാനൽ ടോപ് സിംഗർ ഫെയിം ആഗ്നസ് ബിനോയ് മുഖ്യ അതിഥിയായിരുന്നു. രൂപത വൈസ് പ്രസിഡന്റ് ആഷ്‌ലി തെരേസ മാത്യു അധ്യക്ഷത വഹിച്ച യോഗത്തിൽ രൂപത ആനിമേറ്റർ സിസ്റ്റർ റോസീൻ എസ് എ ബി എസ്, സെക്രട്ടറി അലോണ ജോൺസൺ, സംസ്ഥാന സെനറ്റ് അംഗം അലീന സോജൻ, രൂപത ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളക്കാക്കുടിയിൽ, രൂപത പ്രസിഡണ്ട് അഭിലാഷ് കുടിപ്പാറ, എം വി ആർ ക്യാൻസർ സെന്റർ ബ്ലഡ് ബാങ്ക് കൗൺസിലർ അജയ് ദാസ്, ജെറമിയ ഇന്റർനാഷണൽ ഡയറക്ടർ കരോൾ കെ ജോൺ തുടങ്ങിയവർ സംസാരിച്ചു.

വനിതാ സംഗമത്തിൽ തലശ്ശേരി രൂപത മുൻ ഭാരവാഹി ശ്രീമതി ലിനറ്റ്, ഐസ് ബ്രേക്കിങ് സെഷൻ നടത്തി. കോഴിക്കോട് കോർപ്പറേഷൻ കൗൺസിലർ ശ്രീമതി അൽഫോൻസ ജോസഫ് ആദ്യ സെഷൻ നയിച്ചു. ഇസ്രായേൽ പാലസ്തീൻ സമാധാനത്തിനുവേണ്ടി യുവതികൾ തിരികത്തിച്ച് ജപമാല ചൊല്ലി പ്രാർത്ഥിച്ചു. തിങ്കളാഴ്ച രാവിലെ രൂപത ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ വി. ബലിയർപ്പിക്കുകയും സ്ത്രീലൈംഗികതയെ സംബന്ധിച്ച് ക്ലാസ് നയിക്കുകയും ചെയ്തു. തുടർന്ന് ലിസ കോളേജ് കമ്യൂണിറ്റി സുപ്പീരിയർ ഫാ. ജോസ് പന്തക്കൽ അഭിസംബോധന ചെയ്ത് സംസാരിച്ചു. തിരുവമ്പാടി ഫ്ളോറൻസ ബോട്ടീക് സംരഭക ശ്രീമതി ലിനറ്റ്, മണിപ്പൂർ അതിജീവിത, അങ്ങാടിക്കടവ് ഡോൺ ബോസ്കോ കോളേജ്, എം എസ് ഡബ്ല്യു വിദ്യാർത്ഥി ശ്രീമതി ഷാരോൺ എന്നിവർ അനുഭവസാക്ഷ്യം നൽകി

സംസാരിച്ചു. തിരുവമ്പാടി സബ് ഇൻസ്പെക്ടർ ശ്രീമതി സിന്ധു വനിതാ സുരക്ഷാ നിയമങ്ങളെ സംബന്ധിച്ച് ക്ലാസ് നയിച്ചു. ഉച്ചക്ക് ശേഷം കാക്കവയൽ വനപർവ്വം ജൈവവൈവിദ്യ മേഖലയിലേക്ക് നടത്തിയ ട്രക്കിങ്ങോടുകൂടെയാണ് ക്യാമ്പ് സമാപിച്ചത്. നേതൃത്വം നൽകിയവർക്കും സഹകരിച്ച അനിമേറ്റേഴ്സിനും ഡയറക്ടേഴ്സിനും ഹൃദയപൂർവ്വം നന്ദി.

തൃശ്ശൂർ അമല ക്യാൻസർ സെന്ററിലേക്ക് വിഗ് നിർമ്മാണത്തിനായി 6 പേർ അന്നേദിവസം കേശം ദാനം ചെയ്തു. നാൽപതോളം പേർ ഈ വർഷം ഇതുവരെ കേശദാനം നടത്തി.

**മലബാർ റീജിയൺ ഖേലോത്സവ് 2023**

ഒക്ടോബർ 24 ന് ബത്തേരി സെന്റ് മേരീസ് കോളേജ് ഗ്രൗണ്ടിൽ വച്ച് നടന്ന ഖേലോത്സവ് 2023 ൽ താമരശ്ശേരി രൂപത ക്രിക്കറ്റ് ടീം റണ്ണേഴ്സ് അപ്പ് ആയി. കൂടരഞ്ഞി, നരിനട ഇടവകകളിലെ ക്രിക്കറ്റ് താരങ്ങൾക്കും നേതൃത്വം നൽകിയ ജനറൽ സെക്രട്ടറി ജസ്റ്റിൻ സൈമണും നന്ദി അറിയിക്കുന്നു.

**അമ്മയോടൊപ്പം: ജപമാല സമർപ്പണം**

കെ സി വൈ എം സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ ഒക്ടോബർ മാസം കേരളത്തിലെ 32 രൂപതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് നടത്തി വരുന്ന അമ്മയോടൊപ്പം ജപമാല അർപ്പണത്തിന്റെ 25–ാം ദിവസം താമരശ്ശേരി രൂപത, കട്ടിപ്പാറ യൂണിറ്റിന്റെ നേതൃത്വത്തിൽ ഒക്ടോബർ 25–ാം നടത്തി. സംസ്ഥാന സമിതി നേതൃത്വം നൽകിയ പരിപാടിക്ക് സ്പിരിചൽ ടീം കോ– ഓർഡിനേറ്റർ ആഗി മ രിയ, സംസ്ഥാന സിൻഡിക്കേറ്റ് അംഗം അലീന മാത്യു എന്നിവർ നേതൃത്വം നൽകി. കട്ടിപ്പാറ ഇടവക വികാരി ഫാ. മിൽട്ടൺ മുളങ്ങാശ്ശേരി, കട്ടിപ്പാറ യൂണിറ്റ് അംഗങ്ങൾ എന്നിവർ ജപമാലയ്ക്ക് നേതൃത്വം നൽകി.

**നിലാവുകൂട്ടം**

കെ സി വൈ എം – എസ് എം വൈ എം മരുതോങ്കര യൂണിറ്റിൽ ഒക്ടോബർ 23 ന് നിലാവുകൂട്ടം നടത്തി. മരുതോങ്കര യൂണിറ്റ് ഡയറക്ടർ ഫാ. സിബി കളത്തൂർ ഉദ്ഘാടനം ചെയ്തു. അറുപതോളം യുവജനങ്ങൾ പങ്കെടുത്തു.

**അത്‌ലറ്റിക്കോസ് ക്രിക്കറ്റ് ടൂർണ്ണമെന്റ്**

കെ.സി.വൈ.എം എസ് എം വൈ എം താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ തിരുവമ്പാടി മേഖലയുടെ ആതിഥേയത്വത്തിൽ

കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻ സ്കൂൾ ഗ്രൗണ്ടിൽ ഒക്ടോബർ 14 ന് രൂപതാതല ക്രിക്കറ്റ് ടൂർണ്ണമെന്റ് സംഘടിപ്പിച്ചു. 8 ടീമുകൾ മത്സ രിച്ചതിൽ ഒന്നാം സ്ഥാനം കൂടരഞ്ഞി യുണിറ്റും, രണ്ടാം സ്ഥാനം നരിനട യൂണിറ്റും സ്വന്തമാക്കി. ഗ്രൗണ്ട് നൽകിയ കൂടരഞ്ഞി ഇടവക അധികൃതർക്കും നേതൃത്വം നൽകിയി സ്പോട്സ് വിങ് കോ ഓർഡി നേറ്റർ ജസ്റ്റിൻ സൈമണും നന്ദി.

**നിലപാടുകൾ**

1. ജീവനെ പൊതിയുന്ന വിധി: 26 ആഴ്ച്ച വളർച്ചയുള്ള ഗർഭസ്ഥ ശിശുവിനെ ഭ്രൂണഹത്യ ചെയ്യുന്നത് തടയുന്ന സുപ്രീം കോടതി വിധി പ്രശംസനീയം.

26 ആഴ്ച്ച വളർച്ച നേടിയ ഗർഭസ്ഥ ശിശുവിന് ഹൃദയമിടി പ്പും ആരോഗ്യ സ്ഥിതിയും തൃപ്തികരമായിരിക്കെ ഭ്രൂണഹത്യ ന ടത്തുന്നത് നീതിയല്ലെന്ന കോടതിയുടെ വിലയിരുത്തൽ ജീവനോ ടുള്ള കരുതലാണെന്നത് വ്യക്തമാണ്. ജീവൻ നിലനിർത്താനും അതി ന് ആരംഭമേകാനും പ്രചോദനമേകുന്നതാണ് ഈ പുതിയ വിധി. ഭ്രൂണ ഹത്യയോട് ചേർത്ത് വെച്ച് എന്നും ഉയരാറുള്ള വാദമായി രുന്നു “ജനന ശേഷം കുട്ടിയെ വളർത്താനുള്ള തടസ്സങ്ങൾ.” ഈ വിഷയത്തിലും കൃത്യമായ വിശദീകരണം നൽകുന്നതാണ് ഈ പു തിയ വിധി. കുട്ടിയെ വളർത്താനാകില്ലെങ്കിൽ ദത്ത് നൽകുകയാണ് വേണ്ടതെന്ന് കോടതി വിലയിരുത്തുന്നു.

2. ഇസ്രായേലിൽ സമാധാനം പുന:സ്ഥാപിക്കാനായി പ്രാ ർത്ഥിക്കാം

ഇസ്രായേൽ വലിയൊരു തീവ്രവാദി അക്രമത്തിന് ഇരയാക്ക പ്പെടുകയാണ്. ഈ രാജ്യം നിലവിൽ വന്ന നാൾ മുതൽ ഇന്ന് വരെ അവിടുത്തെ പൗരന്മാർക്ക് പരിപൂർണ്ണ സമാധാനം ആസ്വദിക്കാനാ വാത്ത വിധം തീവ്രവാദം ആ രാഷ്ട്രത്തെ വേട്ടയാടുകയാണ്. ലോകത്തിന്റെ മുമ്പിൽ എന്നും ഇസ്രായേൽ തന്നെയാണ് പ്രതിക്കൂട്ടിൽ നിന്നിട്ടുള്ളത്. അതുകൊണ്ട് തന്നെ ഇത്തവണയും ഇസ്രായേലിൽ ഹമാസ് എന്ന പലസ്തീൻ തീവ്രവാദ സംഘടനയുടെ നരവേട്ടയാ ൽ കൊലചെയ്യപ്പെട്ട ആയിരങ്ങളുടെ എണ്ണവും കണക്കിലില്ലാതെ കടന്നു പോവുകയാണ്. ഇതൊക്കെ പത്രമാധ്യമങ്ങളിൽ വാർത്തയായി ഉയർന്നു വരുമ്പോഴും ആരും, എവിടെയും ഒരു ഹാഷ് ടാഗ് സമര മോ ഐക്യദാർഢ്യമോ പ്രഖ്യാപിക്കുന്നില്ല. കാരണം വിശപ്പടക്കാൻ ലോകാരോഗ്യ സംഘടന സമ്മാനിച്ച സംഭാവന പോലും ആയു

ധശേഖരണത്തിനായി നീക്കി വെച്ച എതിർ രാഷ്ട്രത്തിലെ കരയുന്ന അമ്മമാരുടെ ചിത്രങ്ങൾ നമ്മുടെ കണ്ണുകളിൽ ഒരു മൂടൽ മഞ്ഞായി എന്നോ തങ്ങി നിൽക്കുകയാണ്. ആ മറയിൽ ഇസ്രായേൽ എന്ന രാഷ്ട്രത്തിൽ പിടഞ്ഞു വീണ് മരിക്കുന്ന ആയിരങ്ങളും അവരുടെ കുടുംബങ്ങളും മറച്ചു വെയ്ക്കപ്പെടുകയാണ്. തീവ്രവാദി അക്രമങ്ങൾ ലോകത്തിന് തന്നെ ഭീഷണിയാണ്. ദരിദ്ര ചിത്രങ്ങളുടെ സഹതാപത്തിന്റെ മറവിൽ നടത്തുന്ന അതിക്രമങ്ങൾ ചെറുക്കപ്പെടേണ്ടതാണ്.

**കെ സി വൈ എം വാട്സ് ആപ്പ് ചാനൽ ആരംഭിച്ചു**

ആധുനികതയുടെ കാലത്ത് സാമൂഹ്യ മാധ്യമങ്ങളിൽ കത്തോലിക്ക യുവജന പ്രസ്ഥാനത്തിന്റെ ശബ്ദമാകാൻ കെ.സി.വൈ.എം. താമരശ്ശേരി വാട്സ് ആപ്പ് ചാനൽ ആരംഭിച്ചു. വാട്ട്സ്ആപ്പ് ചാനലിലൂടെ കെ.സി.വൈ.എം. താമരശ്ശേരി രൂപതയുടെ വാർത്തകളും അറിയിപ്പുകളും എല്ലാവരിലേക്കും എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ സംരഭം ആരംഭിച്ചിരിക്കുന്നത്. നേതൃത്വം നൽകിയ യുവദർശൻ മീഡിയ ടീമിന് അഭിനന്ദനങ്ങൾ.

**അറിയിപ്പുകൾ**

1. 2024 വർഷത്തെ യൂണിറ്റ് ഭാരവാഹി തിരഞ്ഞെടുപ്പ്

2023 വർഷത്തെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരണവും പുതിയ സമിതികളുടെ തിരഞ്ഞെടുപ്പും നവംബർ 15 ന് മുമ്പ് പൂർത്തിയാക്കണമെന്ന് ഓർമിപ്പിക്കുന്നു.

**നിർദ്ദേശങ്ങൾ**

1. പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ പോസ്റ്റ് വഹിക്കുന്നവർ ആക്ടീവ് മെമ്പേഴ്സ് ആണ് എന്ന് ഉറപ്പുവരുത്തണം. മേഖലാസമിതിയിലേക്ക് ഒരു യൂണിറ്റിൽനിന്ന് രണ്ടുപേർ (ഒരു ആൺകുട്ടി, ഒരു പെൺകുട്ടി) തിരഞ്ഞെടുത്ത് അയക്കണമെന്ന് ഓർമിപ്പിക്കുന്നു

2. പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, വൈസ് പ്രസിഡണ്ട്, ജോയിൻ സെക്രട്ടറി, 4 എക്സിക്യൂട്ടീവ് അംഗങ്ങൾ, 2 മേഖലാസമിതി അംഗങ്ങൾ, സ്പിരിച്ചൽ ടീം കോഡിനേറ്റർ, ടാസ്ക് ഫോഴ്സ് കോഡിനേറ്റർ, ബ്ലഡ് ഡൊണേഷൻ ആർമി കോഡിനേറ്റർ എന്നീ പോസ്റ്റുകളിലേക്ക് തിരഞ്ഞെടുപ്പ് നടക്കേണ്ടതാണ്. എക്സിക്യൂട്ടീവ് അംഗങ്ങളിൽ +1, +2 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ പ്രതിനിധികൾ ഉണ്ടാവേണ്ടതാണ്.

3. തിരഞ്ഞെടുക്കപ്പെടുന്ന സമിതി യൂണിറ്റ് ഡയറക്ടറുടെ മുൻപാകെ സത്യപ്രതിജ്ഞ ചൊല്ലി സ്ഥാനമേറ്റെടുക്കേണ്ടതാണ്.

4. കഴിഞ്ഞ ഒരു വർഷക്കാലത്തെ വരവ് ചിലവ് കണക്കുകൾ ജനറൽബോഡിയിൽ അവതരിപ്പിക്കുകയും പാസാക്കുകയും ബാക്കി തുക യൂണിറ്റ് ഡയറക്ടർ കൈവശം ഏൽപ്പിക്കേണ്ട തുമാണ്

*2. മേഖല വാർഷിക ജനറൽബോഡിയും തിരഞ്ഞെടുപ്പും*

മേഖല, വാർഷിക സെനറ്റും തിരഞ്ഞെടുപ്പും നവംബർ ഡിസംബർ മാസങ്ങളിലായി പൂർത്തിയാക്കേണ്ടതാണ്. മേഖലയുടെ കഴിഞ്ഞ ഓഗസ്റ്റ് മാസം മുതലുള്ള റിപ്പോർട്ട് അവതരണം, കണക്ക് അവതരണം, യൂണിറ്റുകളുടെ പ്രവർത്തന റിപ്പോർട്ട് അവതരണം, സംഘടനാ ചർച്ച, 2024 വർഷത്തെ ഭാരവാഹി തെരഞ്ഞെടുപ്പ് എന്നിവ നടത്തേണ്ടതാണ്.

**മേഖല ഇലക്ഷൻ തിയ്യതികൾ**

*നവംബർ 19*

ഉച്ചക്ക് 1.00 മണിക്ക് – വിലങ്ങാട് മേഖല, 2.30 ന് – മരുതോങ്കര മേഖല, 4.30 ന് – കൂരാച്ചുണ്ട് മേഖല

*നവംബർ 26*

ഉച്ചക്ക് 1.00 മണിക്ക് – കോടഞ്ചേരി മേഖല, 2.30 ന് – താമരശ്ശേരി മേഖല, 4.30 ന് – പാറോപ്പടി മേഖല

*ഡിസംബർ 3*

ഉച്ചക്ക് 1.00 മണിക്ക് – തോട്ടുമുക്കം മേഖല, 4.30 ന് – തിരുവമ്പാടി മേഖല

*ഡിസംബർ 10*

ഉച്ചക്ക് 1.30 ന് – കരുവാരക്കുണ്ട് മേഖല, 1. 30 ന് പെരിന്തൽമണ്ണ മേഖല 4.00 ന് – മലപ്പുറം മേഖല

*3. ഉൽസവ് 2023 – സംസ്ഥാന കലോൽസവം*

നവംബർ 4,5 തിയ്യതികളിലായി സംസ്ഥാന രചനാമത്സരങ്ങൾ നടത്തപ്പെടുന്നു. ഡിസംബർ ആദ്യവാരത്തിൽ സംസ്ഥാന കലോൽസവം കാഞ്ഞിപ്പള്ളി രൂപതയുടെ ആധിധേയത്വത്തിൽ നടത്തപ്പെടുന്നു. ഇത്തവണ വ്യക്തിഗത ഇനങ്ങളിൽ മാത്രമേ മത്സരങ്ങൾ ഉണ്ടാവുകയുള്ളു. ഗ്രൂപ്പ് ഇനത്തിൽ ഷോട്ട് ഫിലിം മത്സരം മാത്രമേ ഉള്ളൂ എന്ന് അറിയിക്കുന്നു.

*4. ഖേലോൽസവ് 2023*

സംസ്ഥാനതല സ്പോർട്സ് മീറ്റ് നവംബർ മാസം 26 ന് എറണാകുളം തൃക്കാക്കര ഭാരത് മാതാ കോളേജ് ഗ്രൗണ്ടിൽ വച്ച് നടത്തപ്പെടുന്നു.

**യുവ 2023 കലോൽസവം**

താമരശ്ശേരി രൂപത കെ സി വൈ എം എസ് എം വൈ എം കലോത്സവം യുവ 2023 കോടഞ്ചേരി ഹയർസെക്കന്ററി കോപ്ലക്സിൽ വച്ച് ഒക്ടോബർ 2 ന് നടത്തപ്പെട്ടു. 11 മേഖലകളിൽ നിന്നായി 600 റോളം കലാപ്രതിഭകൾ 26 ഇനങ്ങളിലായി നടന്ന മത്സരങ്ങളിൽ പങ്കെടുത്തു. കലോത്സവത്തിൽ തിരുവമ്പാടി മേഖല ചാമ്പ്യൻപട്ടം നേടി. രണ്ടാം സ്ഥാനം മരുതോങ്കര മേഖലയും മൂന്നാം സ്ഥാനം കൂരാച്ചുണ്ട് മേഖലയും സ്വന്തമാക്കി. കലോത്സവം വിജയകരമാക്കാൻ സഹായിച്ച കോടഞ്ചേരി പള്ളി വികാരി ഫാ. കുര്യാക്കോസ് ഐക്കുളമ്പിൽ, ഫാ. ആൽബിൻ വിലങ്ങുപാറ എന്നിവർക്കും കലോൽസവം കോ– ഓർഡിനേറ്റർ ശ്രീമതി അലീന മാത്യുവിനും കോടഞ്ചേരി മേഖലയിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട നാൽപതോളം വോളണ്ടിയേഴ്സിനും കോടഞ്ചേരി യുണിറ്റിനും ഹൃദയപൂർവ്വം നന്ദിയർപ്പിക്കുന്നു.

കലോത്സവം സിനിമാതാരം ശ്രീ. സുരേഷ് ബാബു ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് ശ്രീ. അഭിലാഷ് കുടിപ്പാറ അധ്യക്ഷത വഹിച്ചു. രൂപത അധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ അഭിസംബോധന ചെയ്ത് സംസാരിക്കുകയും സമ്മാനദാനം നിർവ്വഹിക്കുകയും ചെയ്തു. കോടഞ്ചേരി പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. അലക്സ് സമാപനം സമ്മേളനം ഉദ്ഘാടനം ചെയ്തു.

**കലോത്സവ വിജയികൾ**

*രചന മത്സരവിജയികൾ*

**1. നോട്ടീസ് രചന**

*ഒന്നാം സ്ഥാനം* – റോസ് റിനൂപ് കാക്കനാട്ട്, കല്ലാനോട്
*രണ്ടാം സ്ഥാനം* – ജെസ്ന ജോൺ മാങ്ങൻ, മാങ്കാവ്
*മൂന്നാം സ്ഥാനം* – അലൻ ഡിക്സ്റ്റോ കാപ്പിൽ, ചെമ്പനോട

**2. മുദ്രാവാക്യ രചന**

*ഒന്നാം സ്ഥാനം* – മനു ആന്റണി ചാച്ചിറയിൽ, കൂമംകുളം
*രണ്ടാം സ്ഥാനം* – റിച്ചാർഡ് ജോസഫ് ഉറുമ്പിൽ, പുല്ലൂരാംപാറ
*മൂന്നാം സ്ഥാനം* – ജിത്തു ജോസഫ് തുരുത്തിക്കാട്ടിൽ, പുഷ്പഗിരി

**3. പോസ്റ്റർ രചന**

*ഒന്നാം സ്ഥാനം* – മിഷേൽ വലിയവീട്ടിൽ, മാവൂർ
*രണ്ടാം സ്ഥാനം* – ദിയ വിനോദ്, ചേവായൂർ
*മൂന്നാം സ്ഥാനം* – ആൽബിൻ ജോസഫ് വേങ്ങത്താനം, കോടഞ്ചേരി

**4. ട്രോൾ മെയ്ക്കിങ്**

*ഒന്നാം സ്ഥാനം* – എബി പാംപ്ലാനി, മഞ്ഞുവയൽ
*രണ്ടാം സ്ഥാനം* – ജോയൽ, മൈലെള്ളാംപാറ
*മൂന്നാം സ്ഥാനം* – ബിബിൻ ബിജു തുലാപ്പള്ളിൽ, കൂമംകുളം

**5. കവിത രചന**

*ഒന്നാം സ്ഥാനം* – ആൻ മരിയ ജോസഫ് കുളത്തിനാൽ, വെണ്ടേക്കുംപൊയിൽ
*രണ്ടാം സ്ഥാനം* – ലയ ക്രിസ്റ്റി ജോർജ് കൂരാപ്പള്ളിൽ, കൂരാച്ചുണ്ട്
*മൂന്നാം സ്ഥാനം* – പ്രിഷ ജോൺ അരിമണ്ണിൽ, മരുതോങ്കര

**6. കഥാ രചനാ**

*ഒന്നാം സ്ഥാനം* – റാണി സി വർഗീസ്, ചേവായൂർ
*രണ്ടാം സ്ഥാനം* – അക്സ തെരേസ അരഞ്ഞാണിയിൽ, പുല്ലൂരാംപാറ
*മൂന്നാം സ്ഥാനം* – അമൽ ജോർജ് കുഴിമണ്ണിൽ, പാലൂർക്കോട്ട

**7. ഉപന്യാസം**

*ഒന്നാം സ്ഥാനം* – ആതിര ബാബു ആലപ്പാട്ടുക്കോട്ടയിൽ, വിലങ്ങാട്
*രണ്ടാം സ്ഥാനം* – ആഷ്ന കൊങ്ങമല, കരുവാരക്കുണ്ട്
*മൂന്നാം സ്ഥാനം* – ആൻ മരിയ ജോസഫ് കുളത്തിനാൽ, വെണ്ടേക്കുംപൊയിൽ

**8. പത്രവാർത്ത**

*ഒന്നാം സ്ഥാനം* – സോന ഡോണി പ്ലാത്തോട്ടത്തിൽ, പുല്ലൂരാംപാറ
*രണ്ടാം സ്ഥാനം* – റോസ് മേരി അഗസ്റ്റിൻ തലച്ചിറ, ചക്കിട്ടപ്പാറ
*മൂന്നാം സ്ഥാനം* – അൽന ജോസ്, കാളികാവ്

**9. കാർട്ടൂൺ**

*ഒന്നാം സ്ഥാനം* – വിമൽ മാത്യു ഉറുമ്പിൽ, പൂഴിത്തോട്
*രണ്ടാം സ്ഥാനം* – ജിൻഷ തോമസ് പുളികുത്തിയിൽ, വിലങ്ങാട്
*മൂന്നാം സ്ഥാനം* – നിത്യ സിറിൽ കൊച്ചുപുരയ്ക്കൽ, ചീരട്ടാമല

**10. ഡിജിറ്റൽ പോസ്റ്റർ**

*ഒന്നാം സ്ഥാനം* – അനീഷ് കെ ജോസ് കീഴേത്ത്, വേനപ്പാറ
*രണ്ടാം സ്ഥാനം* – അഖിൽ ജോൺ ചീരമറ്റം, പശുക്കടവ്
*മൂന്നാം സ്ഥാനം* – അജയ് ആഗസ്തി പനക്കപ്പിള്ളിൽ, തേക്കുംകുറ്റി

**കലാമത്സര വിജയികൾ**

***1. നാടോടി നൃത്തം (ആൺ)***

*ഒന്നാം സ്ഥാനം* – ജോബിൻസ് പി. കെ പാലക്കാതകിടിയേൽ, കുണ്ടുതോട്
*രണ്ടാം സ്ഥാനം* – ആഷിൻ ജോർജ് വാഴേപറമ്പിൽ, പുല്ലൂരാംപാറ

**2. നാടോടി നൃത്തം (പെൺ)**

*ഒന്നാം സ്ഥാനം* – അക്സ സാബു അറക്കൽ, കൂരാച്ചുണ്ട്
*രണ്ടാം സ്ഥാനം* – എയ്ഞ്ചൽ മരിയ, കൊച്ചുപുരയ്ക്കൽ, കൂടരഞ്ഞി
*മൂന്നാം സ്ഥാനം* – ആഷ്ന സിബി കുമ്പപ്പിള്ളിൽ, കോടഞ്ചേരി
ലിസിയ വി. എസ് വാഴപ്പിള്ളി, മാങ്കാവ്

**3. ലളിതഗാനം (ആൺ)**

*ഒന്നാം സ്ഥാനം* – ആൽബിൻ രാജു തൈവേലിക്കകത്ത്, മരുതോങ്കര
*രണ്ടാം സ്ഥാനം* – അലൻ ജോർജ് മംഗലയിൽ, കൂടരഞ്ഞി
*മൂന്നാം സ്ഥാനം* – മെൽബിൻ ജോബി പുൽപ്രായിൽ, തോട്ടുമുക്കം

**4. ലളിതഗാനം (പെൺ)**

*ഒന്നാം സ്ഥാനം* – അഞ്ജലി ജിജി രണ്ടുപ്ലാക്കൽ, മഞ്ഞക്കുന്ന്
*രണ്ടാം സ്ഥാനം* – ജ്യോതിസ് ജോസ് നിരപ്പത്ത്, തിരുവമ്പാടി
*മൂന്നാം സ്ഥാനം* – സ്നേഹ ഫ്രാൻസീസ് പനക്കൽ, ചിപ്പിലിത്തോട്

**5. മോണോആക്ട് (ആൺ)**

*ഒന്നാം സ്ഥാനം* – മനു ജോയി മുണ്ടപ്ലാക്കൽ. തോട്ടുമുക്കം
*രണ്ടാം സ്ഥാനം* – റിച്ചാർഡ് ജോസഫ് ഉറുമ്പിൽ, പുല്ലൂരാംപാറ
*മൂന്നാം സ്ഥാനം* – മെൽബിൻ സാബു പുതുപ്പള്ളിതകിടിയേൽ, ചാപ്പൻതോട്ടം

**6. മോണോആക്ട് (പെൺ)**

*ഒന്നാം സ്ഥാനം* – റിയ റോയി അന്തീനാട്ട്, പശുക്കടവ്
*രണ്ടാം സ്ഥാനം* – വിൻസി വിൽസൺ കുന്നത്ത്കുടിയിൽ, മരഞ്ചാട്ടി
*മൂന്നാം സ്ഥാനം* – ഇവാഞ്ചലിൻ ജോഷി തരകൻ, മാങ്കാവ്

**7. മിമിക്രി (ആൺ)**

*ഒന്നാം സ്ഥാനം* – കോളിൻ ബിനോയി കളപുരക്കൽ, മഞ്ഞക്കടവ്
*രണ്ടാം സ്ഥാനം* – ഡൊമിനിക് അഗസ്റ്റിൻ തറക്കുന്നേൽ, പശുക്കടവ്
*മൂന്നാം സ്ഥാനം* – അജയ് ചാർലി പെരിയപ്പുറത്ത്, പുല്ലൂരാംപാറ

**8. മിമിക്രി (പെൺ)**

*ഒന്നാം സ്ഥാനം* – മിൽന മാത്യു കുറുമുട്ടത്ത്, കൂരാച്ചുണ്ട്
*രണ്ടാം സ്ഥാനം* – അക്സ സാബു അറക്കൽ, കൂരാച്ചുണ്ട്
*മൂന്നാം സ്ഥാനം* – അമേയ ബെന്നി പെരിക്കിലത്തിൽ, പുല്ലൂരാംപാറ

**9. പ്രസംഗം (ആൺ)**

*ഒന്നാം സ്ഥാനം* – ഷാരോൺ തോമസ് വട്ടവയലിൽ, തേക്കുംകുറ്റി
*രണ്ടാം സ്ഥാനം* – ജെറാൾഡ് ജോൺ പന്തപ്പിള്ളിൽ, മരഞ്ചാട്ടി
*മൂന്നാം സ്ഥാനം* – ജോയൽ കുര്യൻ കൊക്കപുഴ, ചക്കിട്ടപ്പാറ
ജോസ്ബിൻ കുര്യാക്കോസ് തൂനാട്ട്, കൂരാച്ചുണ്ട്

**10. പ്രസംഗം (പെൺ)**

*ഒന്നാം സ്ഥാനം* – ആൻ മേരി അഗസ്റ്റിൻ തലച്ചിറ, ചക്കിട്ടപ്പാറ
*രണ്ടാം സ്ഥാനം* – ബ്ലെസ്സി തങ്കച്ചൻ വരകപ്പള്ളിൽ, കൂടരഞ്ഞി
*മൂന്നാം സ്ഥാനം* – ആൻ മരിയ ഷിജു തെങ്ങുംപള്ളിയിൽ, പുല്ലൂരാംപാറ
ദിയ ബാബു എടപ്പാട്ടുകാവുങ്കൽ, ഈരൂട്

**11. സ്പോട്ട് കൊറിയോ (ആൺ)**

*ഒന്നാം സ്ഥാനം* – അഖിൽ ജോസഫ് കുത്രപ്പള്ളി, പാലൂർക്കോട്ട
*രണ്ടാം സ്ഥാനം* – അജയ് ചാർലി പെരിയപുറത്ത്, പുല്ലൂരാംപാറ
സോബിൻ ജയിംസ് മ്ലാവുകണ്ടത്തിൽ, പുഷ്പഗിരി
*മൂന്നാം സ്ഥാനം* – ആഷിഷ് ബിജു കാളിക്കാട്ട്, കോടഞ്ചേരി
നെവിൽ ജോസ് കുന്നത്ത്, കോടഞ്ചേരി

**12. സ്പോട്ട് കൊറിയോ (പെൺ)**

*ഒന്നാം സ്ഥാനം* – അക്സ സാബു അറക്കൽ, കൂരാച്ചുണ്ട്
*രണ്ടാം സ്ഥാനം* – ഫെലിഷ സോണി മന്നാശേരിൽ, വേനപ്പാറ
റിയ ജോൺസൺ ഓലിക്കൽ, വിലങ്ങാട്
*മൂന്നാം സ്ഥാനം* – കാവ്യ ജോസ് പുതുശേരി, പന്തല്ലൂർ

പൃഷ ജോൺ അരിമണ്ണിൽ, മരുതോങ്കര

**13. ഫോട്ടോഗ്രാഫി (ആൺ)**

*ഒന്നാം സ്ഥാനം* – ഡെന്നിസ് സന്തോഷ് ഇടക്കളത്തൂർ, പുല്ലൂരാംപ
ാറ
*രണ്ടാം സ്ഥാനം* – ജോയൽ തോമസ് പുരയിടത്തിൽ, ചക്കിട്ടപ്പാറ
*മൂന്നാം സ്ഥാനം* – ആർലെറ്റെസ് ഷാജിലാൽ എടക്കര, മഞ്ഞുവയൽ

**14. ഫോട്ടോഗ്രാഫി (പെൺ)**

*ഒന്നാം സ്ഥാനം* – ലിനറ്റ് തങ്കച്ചൻ കളപ്പാട്ട്, പുല്ലൂരാംപാറ
*രണ്ടാം സ്ഥാനം* – അഞ്ജന ജേക്കബ് താത്തലയിൽ, കാറ്റുള്ളമല
*മൂന്നാം സ്ഥാനം* – സോന സാന്റി നമ്പേലിൽ, തോട്ടുമുക്കം

**ഗ്രൂപ്പ് ഇനങ്ങൾ**

**1. ചവിട്ടു നാടകം**

*ഒന്നാം സ്ഥാനം* – തിരുവമ്പാടി മേഖല
*രണ്ടാം സ്ഥാനം* – കോടഞ്ചേരി മേഖല
*മൂന്നാം സ്ഥാനം* – മരുതോങ്കര മേഖല

**2. ഡിബേറ്റ്**

*ഒന്നാം സ്ഥാനം* – താമരശ്ശേരി മേഖല
*രണ്ടാം സ്ഥാനം* – കൂരാച്ചുണ്ട് മേഖല
*മൂന്നാം സ്ഥാനം* – തിരുവമ്പാടി മേഖല, തോട്ടുമുക്കം മേഖല

**3. ഗാനമേള**

*ഒന്നാം സ്ഥാനം* – തിരുവമ്പാടി മേഖല
*രണ്ടാം സ്ഥാനം* – മരുതോങ്കര മേഖല
*മൂന്നാം സ്ഥാനം* – തോട്ടുമുക്കം മേഖല

**4. കെ സി വൈ എം ആന്തം**

*ഒന്നാം സ്ഥാനം* – തിരുവമ്പാടി മേഖല
*രണ്ടാം സ്ഥാനം* – താമരശ്ശേരി മേഖല
*മൂന്നാം സ്ഥാനം* – തോട്ടുമുക്കം മേഖല

**5. മുദ്രാവാക്യം വിളി**

*ഒന്നാം സ്ഥാനം* – മരുതോങ്കര മേഖല
*രണ്ടാം സ്ഥാനം* – കൂരാച്ചുണ്ട് മേഖല
*മൂന്നാം സ്ഥാനം* – താമരശ്ശേരി മേഖല, തിരുവമ്പാടി മേഖല

**6. മൈം**

*ഒന്നാം സ്ഥാനം* – പാറോപ്പടി മേഖല
*രണ്ടാം സ്ഥാനം* – തിരുവമ്പാടി മേഖല
തോട്ടുമുക്കം മേഖല
*മൂന്നാം സ്ഥാനം* – കൂരാച്ചുണ്ട് മേഖല
പെരിന്തൽമണ്ണ മേഖല

**7. മാർഗംകളി**

*ഒന്നാം സ്ഥാനം* – കോടഞ്ചേരി മേഖല
*രണ്ടാം സ്ഥാനം* – മരുതോങ്കര മേഖല

**8. നാടൻപാട്ട്**

*ഒന്നാം സ്ഥാനം* – തിരുവമ്പാടി മേഖല
*രണ്ടാം സ്ഥാനം* – വിലങ്ങാട് മേഖല
*മൂന്നാം സ്ഥാനം* – കൂരാച്ചുണ്ട് മേഖല

**9. പരിചുമുട്ടു കളി**

*ഒന്നാം സ്ഥാനം* – കോടഞ്ചേരി മേഖല
*രണ്ടാം സ്ഥാനം* – തിരുവമ്പാടി മേഖല
*മൂന്നാം സ്ഥാനം* – മരുതോങ്കര മേഖല

**10. ക്വിസ്**

*ഒന്നാം സ്ഥാനം* – കൂരാച്ചുണ്ട് മേഖല
*രണ്ടാം സ്ഥാനം* – മരുതോങ്കര മേഖല
*മൂന്നാം സ്ഥാനം* – തിരുവമ്പാടി മേഖല

**11. തെരുവ് നാടകം**

*ഒന്നാം സ്ഥാനം* – തിരുവമ്പാടി മേഖല
*രണ്ടാം സ്ഥാനം* – മരുതോങ്കര മേഖല
*മൂന്നാം സ്ഥാനം* – തോട്ടുമുക്കം മേഖല

**12. ഷോർട്ട് ഫിലിം**

*ഒന്നാം സ്ഥാനം* – തിരുവമ്പാടി മേഖല
*രണ്ടാം സ്ഥാനം* – താമരശ്ശേരി മേഖല
*മൂന്നാം സ്ഥാനം* – കൂരാച്ചുണ്ട് മേഖല

കലാ പ്രതിഭ : അക്സ ബാബു അറയ്ക്കൽ, കൂരാച്ചുണ്ട് ഇടവക

കലാപ്രതിഭ : അജയ് ചാർലി, പെരിയപ്പുറത്ത്, പുല്ലൂരാംപാറ ഇടവക

**ആദരാഞ്ജലികൾ**

അകാലത്തിൽ വേർപിരിഞ്ഞ വിലങ്ങാട് ഇടവക അംഗം എയ്ഞ്ചൽ മരിയ റൂബിസിനും പനംപിലാവ് യൂണിറ്റ് അംഗം അജോൺ മങ്ങാട്ടിലിനും കെ സി വൈ എം –എസ് എം വൈ എം താമരശ്ശേരി രൂപതയുടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

**മറ്റ് പ്രവർത്തനങ്ങൾ**

1. ഒക്ടോബർ 1 ന് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന് നാമഹേതുക തിരുനാൾ മംഗളങ്ങൾ നേരുകയും മന്ന പദ്ധതിയിലേക്ക് സഹായം നൽകുകയും ചെയ്തു.
2. മേഖല പ്രസിഡന്റുമാരുടെയും സെക്രട്ടറിമാരുടെയും യോഗവും രൂപത എക്സിക്യൂട്ടീവ് കമ്മറ്റി യോഗവും നടന്നു.
3. പുല്ലൂരാംപാറ മലബാർ സ്പോട്സ് അക്കാദമി കുട്ടികൾക്കായി 10000 രൂപ ഭക്ഷണ സഹായം നൽകി.
4. പി ഒ സി യിൽ വെച്ച് നടന്ന കെ സി വൈ എം സംസ്ഥാന സിന്ഡിക്കേറ്റ് യോഗത്തിൽ രൂപത പ്രതിനിധികൾ സംബന്ധിച്ചു.

**അറിയിപ്പുകൾ**

**യുവജന ഞായർ വിഹിതം**

2023 വർഷത്തെ യുവജന ഞായറിന്റെ വിഹിതം ബഹു. വികാരിയച്ചൻമാർ വൈദിക സെമിനാറിന് വരുമ്പോൾ നൽകണമെന്ന് ഓർമ്മിപ്പിക്കുന്നു.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ**
കെ.സി.വൈ.എം – എസ്.എം.വൈ.എം

# എയ്ഡർ എഡ്യൂക്കെയർ

**എഡ്യു കെയർ – കോളിങ്**

രൂപതയിലെ 2000 ത്തോളം വരുന്ന പ്ലസ് ടു വിദ്യാർത്ഥികളെ നിലവിൽ എഡ്യു കെയർ സംവിധാനത്തിൽ നിന്ന് കണക്ട് ചെയ്യാനും ഈ വിദ്യാഭ്യാസ സഹായ സംവിധാനത്തിന്റെ സാധ്യതകളെ പരിചയപ്പെടുത്താനും സാധിച്ചു. പ്ലസ് വൺ വിദ്യാർത്ഥികളെ നിലവിൽ കണക്ട് ചെയ്തു വരുന്നു. ബഹു. വികാരിയച്ചൻമാരുടെ പിന്തുണയ്ക്ക് നന്ദിയർപ്പിക്കുന്നു.

**എയ്ഡർ എഡ്യു കണക്ട് ടീമിലേക്ക് സ്വാഗതം**

എയ്ഡർ എഡ്യു കണക്ട് ടീം മെമ്പറായി ജോയിൻ ചെയ്ത സി. വിനീത സി എം സിക്ക് സ്വാഗതം നിലവിൽ 13 ബഹു. സിസ്റ്റേഴ്സ് ടീമിൽ പ്രവർത്തിക്കുന്നു.

**എഡ്യു കണക്ട് ടീം ഫോർമേഷൻ മീറ്റുകൾ**

എഡ്യു കണക്ട് ടീം അംഗങ്ങളുടെ 4 ഫോർമേഷൻ മീറ്റിംഗുകൾ ചേർന്നു. ന്യൂ നാഷണൽ എഡ്യുക്കേഷൻ പോളിസിയെ സംബന്ധിച്ച് ഡോ. ചാക്കോ കാളംപറമ്പിൽ ക്ലാസ് നയിച്ചു. മുക്കം തിരുഹൃദയ ദേവാലയത്തിൽ ഒക്ടോബർ 27 ന് നടന്ന ടീം മീറ്റിൽ ഫാ. നോബിൾ തോമസ് പാറയ്ക്കൽ, കോർഹബ് ടീം എം ഡി. മി. സിജോ, ബ്ര. ജസ്വിൽ എന്നിവർ വിദ്യാപീഠം ഓൺലൈൻ എഡ്യുക്കേഷൻ ഗൈഡിങ് സംവിധാനത്തെ സംബന്ധിച്ചും എയ്ഡർ കണക്ട് പ്ലാറ്റ് ഫോമിനെ സംബന്ധിച്ചും ഫോർമേഷൻ നൽകി.

**വിദ്യാപീഠം ലോഞ്ചിങ് – നവംബർ 1 ന്**

വിദ്യാഭ്യാസ മേഖലയിലെ എറ്റവും നൂതനവും വിശ്വാസയോഗ്യവുമായ വിവരങ്ങളും വിദ്യാർത്ഥികൾ വ്യക്തമായ ഭാവിതുറക്കുന്നതുമായ വിദ്യാപീഠം – എൻ റോളിങ് നവംബർ 1 ന് ആരംഭിക്കുന്നു. കുട്ടികൾക്ക് പ്രൊഫൈയൽ നിർമ്മിക്കാനും അടിസ്ഥാന അവകാശങ്ങൾ 2021 ലെ സർവ്വേ ഡാറ്റാ പ്രകാരം മനസിലാക്കാനും ഉന്നതവിദ്യാഭ്യാസത്തിന്റെ മേഖലകളക്കുറിച്ച് പഠിക്കാനും വിദ്യാപീഠം ഏറെ സഹായകരമാകുന്നു. വിദ്യാപീഠം ഓൺലൈൻ പ്ലാറ്റ് ഫോമിന് ഒരു ഇടവകയ്ക്ക് 4000 രൂപ വരെ ചിലവ് വരുന്നു. നിലവിൽ രൂപതയിൽ നിന്ന് ഈ ചിലവ് വഹിക്കുന്നതാണ്.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ**
ഏയ്ഡർ എഡ്യൂകെയർ

# മരിയൻ പ്രോ–ലൈഫ് മൂവ്മെന്റ്

**എലീശ്വാ സംഗമം പുല്ലൂരാംപാറയിൽ**

താമരശ്ശേരി രൂപത മരിയൻ പ്രോ ലൈഫിന്റെ ആഭിമുഖ്യത്തിൽ പുല്ലൂരാംപാറ സെൻറ് ജോസഫ് ദേവാലയത്തിൽ വച്ച് രൂപതയിലെ എല്ലാ ഗർഭിണികൾക്കും വേണ്ടി ഒരു സംഗമം സംഘടിപ്പിക്കുന്നു. ഗർഭിണികൾക്കായി പ്രത്യേക ക്ലാസും കൗൺസിലിങ്ങിനുള്ള സൗകര്യവും ഉണ്ടായിരിക്കുന്നതാണ്. സാധിക്കുന്നവർ എല്ലാവരും പങ്കാളികളോടൊപ്പമാണ് വരേണ്ടത്

**സാറാസ് കപ്പിൾസ് ഫോറം**

താമരശ്ശേരി രൂപതയിലെ മരിയൻ പ്രോ–ലൈഫ് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന മക്കളില്ലാത്ത ദമ്പതികളുടെ കൂട്ടായ്മയായ സാറാസ് കപ്പിൾസ് ഫോറത്തിന്റെ രൂപതല സമ്മേളനം ഡിസംബർ 9–ാം തീയതി ശനിയാഴ്ച താമരശ്ശേരി മേരിമാത കത്തീഡ്രലിൽ വച്ച് നടത്തപ്പെടുന്നു. അഭിവന്ദ്യ മാർ റെമിജിയോസ് പിതാവിന്റെയും ഡോ. അബ്രാഹം ജേക്കബിന്റെയും പ്രത്യേക ക്ലാസ് ഉണ്ടായിരിക്കുന്നതാണ്. എല്ലാ ദമ്പതിമാരും പ്രസ്തുത സെമിനാറിൽ പങ്കെടുക്കണമെന്ന് സ്നേഹപൂർവ്വം ഓർമിപ്പിക്കുന്നു. രാവിലെ 9 മണിക്ക് ആരംഭിച്ച് ഒരു മണിയോടുകൂടി പ്രോഗ്രാം അവസാനിക്കുന്നു.

**സുപ്രീം കോടതിവിധി സ്വാഗതാർഹം**

സ്വവർഗ്ഗവിവാഹത്തിന് നിയമ സാധ്യത നൽകാനാവില്ല എന്ന സുപ്രീംകോടതി വിധി വിവാഹ ബന്ധത്തിന്റെയും കുടുംബം എന്ന സംവിധാനത്തിന്റെയും പവിത്രതയെ ഉയർത്തിപ്പിടിക്കുന്നതാണെന്ന് താമരശ്ശേരി മരിയൻ പ്രോലൈഫ് രൂപത എക്സിക്യൂട്ടീവ് . ക്രൈസ്തവർ വിവാഹത്തെ ഒരു കൂദാശയായും ക്രിസ്തുവും സഭയും തമ്മിലുള്ള ഉടമ്പടിയായുമായിട്ടാണ് കാണുന്നത്. ലോകത്തിലെ പല രാജ്യങ്ങളും സ്വവർഗ വിവാഹത്തിന് നിയമസാധുത നൽകുന്നുണ്ടെങ്കിലും ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ, മതേതരത്വ രാജ്യമായ ഇന്ത്യ ജാതി മത വർഗ്ഗ ഭിന്നതകൾക്ക് അതീതമായി വിവാഹം എന്ന സംവിധാനത്തെ ഉയർത്തിപ്പിടിക്കുന്ന സുപ്രീം കോടതി വിധിയെ എത്ര പ്രകീർത്തിച്ചാലും മതിയാവില്ല. സ്വവർഗ്ഗവി

വാഹം വിവാഹമെന്ന ദൈവിക പദ്ധതിക്കും ധാർമിക നിയമങ്ങൾക്കും വിരുദ്ധമാണ്. വിവാഹ പവിത്രതയെ ജാതി മത വിഭന്നതകൾക്ക് അതീതമായി ഉയർത്തിപ്പിടിക്കുന്ന പരമോന്നത നീതിപീഠത്തിന്റെ വിധി ലോക ചരിത്രത്തിലെ തന്നെ വേറിട്ട വിധിന്യായമാണെന്ന് താമ രശ്ശേരി രൂപത മരിയൻ പ്രോ–ലൈഫ് രൂപത കമ്മിറ്റി അഭിപ്രായപ്പെട്ടു. രൂപത എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ ഡയറക്ടർ ഫാ. ജോസ് പെണ്ണാപ റമ്പിൽ ആനിമേറ്റർ സിസ്റ്റർ മെറിൻ എസ്. എച്ച് പ്രസിഡന്റ് സജീ വ് പുരയിടത്തിൽ സെക്രട്ടറി ജോൺസൺ തെങ്ങുംതോട്ടത്തിൽ കെ.സി.ബി.സി. പ്രോ–ലൈഫ് സമിതി ട്രഷറർ ടോമി പ്ലാത്തോട്ട ത്തിൽ എന്നിവർ പ്രസംഗിച്ചു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ–ലൈഫ് മൂവ്മെന്റ്

# കരിസ്മാറ്റിക് മൂവ്മെന്റ്

സെപ്റ്റംബർ 17 മുതൽ നടത്താനിരുന്ന സോണിന്റെ പൊതുവായ പ്രവർത്തനങ്ങൾ പ്രത്യേകിച്ച് യുവജന സംഗമങ്ങൾ നിപ്പ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മാറ്റി വെക്കേണ്ടിവന്നു.

ജൂബിലി ഒരുക്ക സഹസ്രദിന ഉപവാസ പ്രാർത്ഥന സെപ്തംബർ 20-ാം തിയ്യതി 10മണി മുതൽ ഒരു മണി വരെ ദേവഗിരി സെന്റ് ജോസഫ് പള്ളിയിൽ വച്ച് കുറഞ്ഞ ആളുകളുടെ പങ്കാളിത്വത്തിലും, ബാക്കിയുള്ളവരെ ഓൺലൈനിലും പങ്കെടുപ്പിച്ചുകൊണ്ട് നടത്തി. ദേവഗിരി പള്ളി വികാരി പോൾ കുരീക്കാട്ടിൽ അച്ചൻ ആരാധനക്ക് എല്ലാ ഒരുക്കങ്ങളും ചെയ്തു തന്നു. സോണൽ മദ്ധ്യസ്ഥ പ്രാർത്ഥനാ കോ-ഓർഡിനേറ്റർ ബാബുസാറിന്റെയും സബ്സോൺ കോ-ഓർഡിനേറ്റർ ജോസ് വടക്കേലിന്റേയും നേതൃത്വത്തിൽ പ്രോഗ്രാമുകൾ ഭംഗിയായി നടത്താൻ സാധിച്ചു. സബ്സോൺ ആനിമേറ്റർ ബിനോയ് ചുനയ്മാക്കിൽ അച്ചന്റെ സമാപന പ്രാർത്ഥനയോടെ ഉപവാസ പ്രാർത്ഥന അവസാനിച്ചു.

മലപ്പുറം സബ്സോണിൽ സെപ്റ്റംബർ 22-ാം തിയ്യതി ക്രിസ്റ്റീൻ കുട്ടികൾക്കായി ഏകദിന ധ്യാനം നടത്തി. വിവിധ ഇടവകകളിൽ നിന്നുമായി 96 കുട്ടികൾ സെമിനാറിൽ പങ്കെടുത്തു. സിസ്റ്റർ റെനി cmc, സിസ്റ്റർ ജോസ്ന cmc, സിസ്റ്റർ ജോസ്മേരി cmc, സിസ്റ്റർ ഗ്രേസി രാര, എന്നിവർ ശുശ്രൂഷകൾ നയിച്ചു. ഫാ. ജോസഫ് കുഴിക്കാട്ടുമാലിയിൽ സെമിനാർ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. ഫാ. സെബാസ്റ്റ്യൻ ചെമ്പുകണ്ടത്തിൽ ദിവ്യബലി അർപ്പിച്ച് കുഞ്ഞുങ്ങൾക്കായി പ്രാർത്ഥിച്ചു. സബ്സോൺ കോ-ഓർഡിനേറ്റർ ഷാജി അരീക്കലിന്റേയും ടീം അംഗങ്ങളുടേയും കഠിനാധ്വാനമാണ് ഈ പ്രോഗ്രാം ഇത്രയും വിജയത്തിലെത്തിച്ചത് സോണിന്റെ നന്ദി അറിയിക്കുന്നു.

സെപ്തംബർ 26-ാം തിയ്യി PMOC യിൽ ചേർന്ന സോൺ സർവ്വീസ് ടീമിന്റേയും പാരിഷ് മിനിസ്ട്രിയുടേയും സംയുക്ത മീറ്റിംഗിൽ ആരോഗ്യ പ്രശ്നങ്ങൾ നിമിത്തം സജീവമായി പ്രവർത്തിക്കാൻ കഴിയാതിരുന്ന പ്രകാശ് പുളിന്താനത്തിനു പകരം കോ-ഓർഡിനേറ്ററായി അഗസ്റ്റിൻ മഠത്തിലിനേയും, സെക്രട്ടറിയായി ചാണ്ടി ചുമടു

താണ്ടിയിലിനേയും ചുമതല ഏൽപ്പിച്ചു.

YU4C (യുവജനങ്ങൾ) യെ സഹായിക്കുവാനായി സബ്സോണുകളിൽ നിന്നും തിരഞ്ഞെടുത്ത റിസോഴ്സിന് വേണ്ടിയുള്ള രണ്ടാമത്തെ ട്രെയിനിംഗ് പ്രോഗ്രാം ഗൂഗിൾ മീറ്റ് വഴി ഒക്ടോബർ 4–ാം തിയ്യതി രാത്രി 8.30 മുതൽ 10 മണി വരെ നടന്നു. ദേശീയ കാരിസ് സേവന സമിതി അംഗം ഷാജി വൈക്കത്ത് പറമ്പിൽ ക്ലാസ്സ് നയിച്ചു. സോണൽ ആനിമേറ്റർ സായി പാറൻകുളങ്ങര അച്ചന്റെ ആമുഖസന്ദേശത്തോടെആരംഭിച്ച കൂട്ടായ്മയിൽ എൺപതോളം പേർ പങ്കെടുത്തു. കോ–ഓർഡിനേറ്റർ സാജൻ അറക്കപ്പറമ്പിലിന്റെ പ്രാർത്ഥനയോടെയും നന്ദി പ്രകാശനത്തോടെയും യോഗം അവസാനിച്ചു.

രൂപതയിലെ കുഞ്ഞുമക്കളുടെ വിശ്വാസ പരിശീലന സഹായത്തിനായി ഓരോ ഇടവകയിൽ നിന്നും കണ്ടെത്തിയ ആനിമേറ്റർമാരുടെ സംഗമം ഒക്ടോബർ 6–ാം തിയ്യതി രാത്രി 8.30 മുതൽ 10 മണി വരെ ഗൂഗിൾമീറ്റിൽ നടന്നു. അഭിവന്ദ്യ പിതാവ് റെമിജിയോസ് ഇഞ്ചനാനിയിൽ തന്റെ സെമിനാരി പരിശീലനത്തിലെ നന്മകൾ എടുത്ത് പറഞ്ഞ്കൊണ്ട് ഹൃദ്യമായ സന്ദേശം നൽകിക്കൊണ്ട് യോഗം ഉദ്ഘാടനം നിർവ്വഹിച്ചു. KCSC കോ–ഓർഡിനേറ്റർ ജോസഫ് താമരവെളി അച്ചൻ തനിക്ക് കുഞ്ഞുനാളിൽ അൾത്താര ബാലനായിരിക്കുമ്പോൾ ലഭിച്ച പരിശീലനമാണ് തന്നെ ഒരു വൈദികനും ഇന്നത്തെ നിലയിൽ എത്താൻ സഹായിച്ചതെന്നും ഓർമ്മിച്ചുകൊണ്ട് മുഖ്യപ്രഭാഷണം നടത്തി. ക്രിസ്റ്റീൻ ആനിമേറ്റേഴ്സിന്റെ ഉത്തരവാദിത്വം എത്ര വലുതാണെന്ന ബോധ്യവും നൽകി. 98 പേർ പങ്കെടുത്ത യോഗത്തിൽ സായി പാറൻകുളങ്ങര അച്ചൻ സ്വാഗതം ആശംസിച്ചു. ക്രിസ്റ്റീൻ സോണൽ കോ–ഓർഡിനേറ്റർ ആന്റണി ചൂരപൊയ്കയിലിന്റെ നന്ദി പ്രകാശനത്തോടെ യോഗം അവസാനിച്ചു. ദൈവത്തിന് സ്തുതി.

**ഫാ. തോമസ് പാറൻകുളങ്ങര**
സോണൽ ആനിമേറ്റർ

# ബഥാനിയ ധ്യാനകേന്ദ്രം

"അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു." (1 പത്രോസ് 2:24)

101 ദിനങ്ങളിലൂടെ പ്രാർത്ഥനയുടെ ആഘോഷമായി മാറിയ അഖണ്ഡ ജപമാല സമർപ്പണത്തിന്റെയും ദിവ്യകാരുണ്യ ആരാധനയുടേയും വിജയകരമായ സമാപന ശുശ്രൂഷകളിലായിരുന്നു ഈ നാളുകളിൽ ബഥാനിയ. പൊതുനിയോഗങ്ങളായ കുടുംബവിശുദ്ധീകരണത്തിനും ലോക സമാധാനത്തിനുവേണ്ടിയും പ്രാർത്ഥിക്കുന്നതിനോടൊപ്പം പരി. അമ്മയുടെ മുമ്പിൽ സമർപ്പിക്കപ്പെട്ട ലക്ഷക്കണക്കിന് പ്രാർത്ഥനാ നിയോഗങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുന്ന പതിനായിരങ്ങളാണ് ഈ നാളുകളിൽ ബഥാനിയായിൽ വന്നുപോയത്.

**അഖണ്ഡജപമാല 100–ാം ദിന ശുശ്രൂഷകൾ**

അഖണ്ഡജപമാല സമർപ്പണത്തിന്റെ 100–ാം ദിനമായ ഒക്ടോബർ 26–ാം തിയ്യതി വൈകുന്നേരം കത്തിച്ച മെഴുകുതിരികളുമായി ആയിരങ്ങൾ അണി നിരന്ന ജപമാല റാലി അനേക മനസ്സുകളിൽ ജ്വലിച്ചു നിൽക്കുന്ന ഒരു അനുഭവമായി.

ജപമാല റാലിയെത്തുടർന്ന് വി. ബലിയർപ്പിച്ചത് മാനന്തവാടി രൂപതാംഗമായ ബഹുമാനപ്പെട്ട ജെയ്സ് പൂതവേലിൽ വി. കുർബ്ബാന മദ്ധ്യേ നൽകിയ വചന സന്ദേശത്തിലൂടെ പരി. അമ്മ നമുക്ക് എപ്പോഴും ആശ്രയിക്കാവുന്ന ഈശോ നൽകിയ അനുഗ്രഹമാണ് എന്ന് അച്ചൻ തന്റെ സന്ദേശത്തിൽ പങ്കുവച്ചു.

**101–ാം ദിന സമാപന ശുശ്രൂഷകൾ**

2023 ജൂലൈ 19–ാം തിയ്യതി ആരംഭിച്ച അഖണ്ഡ ജപമാല സമർപ്പണ ശുശ്രൂഷകളുടെ സമാപനം ഒക്ടോബർ 27–ാം തിയ്യതി വെള്ളിയാഴ്ചയായിരുന്നു. 2424 മണിക്കൂറുകൾ നീണ്ടു നിന്ന ഈ വലിയ പ്രാർത്ഥനാ ശുശ്രൂഷക്ക് ചേർന്ന വിധം ഉജ്ജ്വലമായിരുന്നു സമാപന ശുശ്രൂഷകൾ. അന്നേദിവസം വെളുപ്പിന് 3 മണിക്ക് കരുണക്കൊന്തയോടെയും വി. കുരിശിന്റെ വഴി പ്രാർത്ഥനയോടെ യുമാണ്

സമാപന ശുശ്രൂഷകൾ ആരംഭിച്ചത്. സമാപന ശുശ്രൂഷക ളിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുവാൻ അതിരാവിലെ തന്നെ ധാരാളം പേർ എത്തിയിരുന്നു.

സമാപന ജപമാലക്ക് ബഥാനിയ അസി. ഡയറക്ടർ ബഹു. ജസ്‌വിൻ തുറവയ്ക്കൽ അച്ചനും. ദിവ്യകാരുണ്യ ആരാധനക്ക് ബഥാനിയ ഡയറക്ടർ ബഹു. സെബാസ്റ്റ്യൻ പുളിക്കൽ അച്ചൻ നേതൃത്വം നൽകി. ദിവ്യകാരുണ്യ പ്രദക്ഷിണത്തിൽ ബഥാനിയായിൽ തിങ്ങി നിറഞ്ഞ ആയിരങ്ങളുടെ ഇടയിലൂടെയാണ് ദിവ്യകാരു ണ്യനാഥൻ എഴുന്നള്ളിയത്. അനുഗ്രഹം പ്രാപിക്കാൻ കടന്നു വന്ന വിശ്വാസിസമൂഹം ഹല്ലേലുയ്യ വിളികളോടെയാണ് ഈശോയെ എതിരേറ്റു.

സമാപന ദിവസത്തെ വി.കുർബ്ബാനയർപ്പിച്ചത് താമരശ്ശേരി രൂപതയുടെ ഇടയൻ അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവായിരുന്നു. പരി. അമ്മയുടെ മദ്ധ്യസ്ഥതയിലൂടെ നമുക്ക് ലഭിക്കുന്ന അനുഗ്രഹങ്ങൾ അമ്മയിലൂടെ ഈശോയിലേക്ക് എത്താനുള്ള വഴികളാക്കി മാറ്റണം എന്ന് അഭിവന്ദ്യ പിതാവ് വി. കുർബ്ബാന മദ്ധ്യേ ദൈവജനത്തെ ഉദ്ബോധിപ്പിച്ചു.

ഉച്ചയ്ക്ക് ഒന്നരമണിയോടെ ഭക്തി നിർഭരവും അനുഗ്രഹപ്രദവുമായ ഒരു വലിയ ശുശ്രൂഷയ്ക്ക് സമയമായി.

**ധ്യാനങ്ങൾ**

സെപ്റ്റംബർ 29 മുതൽ ഒക്ടോബർ 2 വരെയും ഒക്ടോബർ 20 മുതൽ 23 വരെയുമായിരുന്നു ഈ മാസത്തെ ധ്യാനങ്ങൾ. ധ്യാനങ്ങൾ നയിച്ചത് ബഥാനിയ ഡയറക്ടർ ബഹു. സെബാസ്റ്റ്യൻ പുളിക്കൽ അച്ചനാണ്.

**ഏകദിന കൺവെൻഷൻ**

ഒക്ടോബർ മാസത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും ഏകദിന കൺവെൻഷനുകൾ നടന്നു. ആറാം തിയ്യതി നടന്ന ആദ്യ വെള്ളിയാഴ്ച ശുശ്രൂഷകളിൽ ആയിരങ്ങൾ പങ്കെടുത്തു. അഖണ്ഡജപമാലയിൽ പങ്കെടുക്കുവാൻ വന്നവർ തങ്ങളുടെ നിയോഗങ്ങൾക്കായി ദിവ്യകാരുണ്യ ആരാധനയിലും വിശുദ്ധ കുർബ്ബാനയിലും പ്രത്യേകം പ്രാർത്ഥിക്കുകയുണ്ടായി. ദിവ്യകാരുണ്യ പ്രദക്ഷിണത്തോടെയാണ് ശുശ്രൂഷകൾ അവസാനിച്ചത്.

രാവിലെ 9 മണിക്ക് ആരംഭിച്ച കൺവൻഷനിൽ വിശുദ്ധ കുരിശിന്റെ വഴി, ജപമാല, സ്തുതി ആരാധന, ദിവ്യകാരുണ്യ

ആരാധന, ഡലിവറൻസ് ശുശ്രൂഷ, വിശുദ്ധ കുർബ്ബാന, വിശുദ്ധ കുമ്പസാരം, സ്പിരിചൽ ഷെയറിംഗ് എന്നിവയുണ്ടായിരുന്നു.

**സ്പിരിച്ച്വൽ ഷെയറിംഗ്**

അഖണ്ഡജപമാലയുടെ ഭാഗമായി ഞായർ ഒഴികെ എല്ലാ ദിവസവും സ്പിരിച്ച്വൽ ഷെയറിംഗ് ഉണ്ടായിരുന്നു. രാവിലെ 9 മണിക്ക് ആരംഭിച്ച ഈ ശുശ്രൂഷകൾ നയിച്ചത് പ്രത്യേകം പരിശീലനം ലഭിച്ച ബഹു. സിസ്റ്റേഴ്സും അത്മായരുമാണ്.

**വി.കുർബ്ബാനയും വി.കുമ്പസാരവും**

ബഥാനിയായിൽ ഞായർ ഒഴികെ എല്ലാ ദിവസവും മൂന്ന് വി. കുർബ്ബാനകൾ ഉണ്ടായിരുന്നു. രാവിലെ 6 മണിക്കും ഉച്ചയ്കക്ക് 12 മണിക്കും വൈകീട്ട് 7 മണിക്കും അർപ്പിക്കപ്പെട്ട വി. ബലികളിൽ ധാരാളം പേർ സംബന്ധിക്കുകയുണ്ടായി.

അകലങ്ങളിൽ നിന്നുപോലും ധാരാളം പേർ ബഥാനിയായിൽ വന്ന് വി.കുമ്പസാരത്തിലൂടെ അനുഗ്രഹം പ്രാപിക്കുകയുണ്ടായി.

**മദ്ധ്യസ്ഥ പ്രാർത്ഥന**

ബഥാനിയക്കുവേണ്ടിയും ലോകം മുഴുവനു വേണ്ടിയും ഈ ദിവസങ്ങളിലും പതിവുപോലെ മദ്ധ്യസ്ഥ പ്രാർത്ഥന നടക്കുകയുണ്ടായി. ഉപവസിച്ചും മെറ്റലിൽ മുട്ടുകുത്തി നിന്നും മദ്ധ്യസ്ഥം പ്രാർത്ഥിക്കുന്ന ബഥാനിയ ടീമിന്റെ സമർപ്പണമാണ് ബഥാനിയായിലെ ശുശ്രൂഷകളിലൂടെ അനേകർ അനുഗ്രഹിക്കപ്പെടാൻ കാരണമാകുന്നത്.

**നവംബർ മാസത്തിലെ ശുശ്രൂഷകൾ**

| | | |
|---|---|---|
| 03 ആദ്യവെള്ളി | : | ഏകദിന കൺവെൻഷൻ |
| 10 വെള്ളി | : | ഏകദിന കൺവെൻഷൻ<br>ജീവിത വിശുദ്ധീകരണ ധ്യാനം |
| 17 വെള്ളി | : | ഏകദിന കൺവെൻഷൻ |
| 24 വെള്ളി | : | ഏകദിന കൺവെൻഷൻ<br>ജീവിത വിശുദ്ധീകരണ ധ്യാനം |

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# വികസനവേദി

**പച്ചമരുന്ന് നിർമ്മാണം**

വെറ്റിലപ്പാറ, തോട്ടുമുക്കം ഗ്രാമവികസന സമിതികളുടെ നേതൃത്വത്തിൽ പച്ചമരുന്ന് നിർമ്മാണ പരിശീലനം നടത്തി. താലീസ് പത്രാദി ചൂർണ്ണം നിർമ്മിച്ചു. സി.ഒ.ഡി.ഏരിയ കോഓർഡിനേറ്റർ ഷൈനി സിബി നേതൃത്വം നല്കി.

പുതുപ്പാടി ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ മൈലള്ളാംപാറ നവജ്യോതി സംഘത്തിൽ പച്ചമരുന്ന് ചന്ദ്രകലാലേപം വേദനസംഹാരി നിർമ്മാണം നടത്തി. ഏരിയ കോ–ഓർഡിനേറ്റർ ത്രേസ്യാമ്മ തോമസ് പരിശീലനം നല്കി.

**ഓണാഘോഷം**

കാറ്റുള്ളമല ദർശന മഹിളാസമാജത്തിന്റെ നേതൃത്വത്തിൽ ഓണാഘോഷം സംഘടിപ്പിച്ചു. വിവിധ മത്സരങ്ങൾ നടത്തി. വിജയികൾക്ക് സമ്മാനങ്ങൾ നല്കി തുടർന്ന് ഓണസദ്യയും ഉണ്ടായിരുന്നു. സി.ഒ.ഡി. ഏരിയ കോ–ഓർഡിനേറ്റർ മോളി സെബാസ്റ്റ്യൻ നേതൃത്വം നല്കി.

കോടഞ്ചേരി ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ GVS ഓഫീസിൽ വച്ച് ഓണാഘോഷ പരിപാടി നടത്തി. സൗത്ത് ഇന്ത്യൻ ബാങ്ക് മാനേജർ രശ്മി. വി. എ. ഉദ്ഘാടനം ചെയ്തു. GVS പ്രസിഡന്റ് റോസമ്മ സിറിയക് അധ്യക്ഷത വഹിച്ചു. സി.ഒ.ഡി. ഏരിയ കോ–ഓർഡിനേറ്റർ സോളി ബെന്നി നേതൃത്വം നല്കി. വിവിധ കായിക മത്സരങ്ങൾ നടത്തി. സമ്മാന വിതരണം ബാങ്ക് മാനേജർ രശ്മി വി. എ. നിർവഹിച്ചു.

**സീറോ മലബാർ മാട്രിമോണി**

കത്തോലിക്കാ യുവതി യുവാക്കൾക്കായി ഉത്തമ ജീവിത പങ്കാളിയെ കണ്ടെത്താൻ സഹായിക്കുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടുകൂടി വിവിധ രൂപതകളിൽ ആരംഭിച്ച മാട്രിമോണികൾ ഇനി ഒറ്റ കുടക്കീഴിൽ

സീറോ മലബാർ മാട്രിമോണി എന്ന പേരിലായിരിക്കും. സീറോ മലബാർ, സീറോ മലങ്കര, ലത്തീൻ എന്നീ രൂപതകളിലെ വിവാഹാർത്ഥികൾക്കു ഇപ്പോൾ സൗജന്യമായി രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷന് സി.ഒ.ഡി. ഓഫീസിൽ നേരിട്ടെത്തിയോ syromalabarmatrimony വെബ്സൈറ്റ് വഴിയോ രജിസ്റ്റർ ചെയ്യാവുന്ന താണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടാം: 9447929223 , 7012117016

**മറ്റുപരിപാടികൾ**

താമരശ്ശേരി രൂപതയുടെ മേലധ്യക്ഷൻ മാർ റെമീജിയോസ് പിതാവിന്റെ നാമഹേതുക തിരുന്നാൾ ആഘോഷത്തിന്റെ ഭാഗമായി സി.ഒ.ഡി. കുടുംബം ആശംസകൾ അർപ്പിച്ചു. സി.ഒ.ഡി ഏരിയ കോ-ഓർഡിനേറ്റർ ത്രേസ്യാമ്മ ആശംസ അർപ്പിച്ചു സംസാരിച്ചു. പിതാവ് കേക്ക് മുറിച്ച് എല്ലാവർക്കും മധുരപലഹാരം നല്കി. സി.ഒ.ഡി ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തിക്കൽ ലാപ്ടോപ്പ് സമ്മാനായി പിതാവിന് നല്കി. സി.ഒ.ഡി അസ്സിസ്റ്റന്റ് ഡയറക്ടർ സ്റ്റാഫ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

Plants Our Passion താമരശ്ശേരി, ചീഫ് കോ-ഓർഡിനേറ്റർ ശ്രീ. അബ്ദുൾ റഷീദ് സി.ഒ.ഡി ഓഫീസ് സന്ദർശിക്കുകയും ചങ്ങലംപരണ്ട എന്ന ഔഷധ ചെടിയെ പരിചയപെടുത്തുകയും അതിന്റെ ഔഷധ ഗുണത്തെക്കുറിച്ചു സംസാരിക്കുകയും ചെയ്തു. ചതവ്, ഉളുക്ക്, അസ്ഥികൂടൽ എന്നിവക്ക് ഈ ചെടി വളരെ പ്രയോജനകരമാണ്.

**ഫാ. ജോർജ്ജ് ചെമ്പരത്തിക്കൽ**
ഡയറക്ടർ, വികസനവേദി

# യേശുനിധി

2023 സെപ്റ്റംബർ മാസത്തിൽ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെചേർക്കുന്നു.

| | | |
|---|---|---|
| **Education** | | |
| 1 | Chippilithode | 10,000.00 |
| 2 | Kodanchery | 10,000.00 |
| 3 | Mailellampara | 5,000.00 |
| 4 | Manjeri | 10,000.00 |
| 5 | Pandalloor | 5,000.00 |
| 6 | Poothampara | 8,000.00 |
| 7 | Thekkumkutty | 8,000.00 |
| 8 | Thiruvambady | 8,000.00 |
| 9 | Thottumukkam | 8,000.00 |
| 10 | Valillapuzha | 8,000.00 |
| 11 | Valiyakolly | 8,000.00 |
| 12 | Venappara | 10,000.00 |
| 13 | Vilangad | 10,000.00 |
| **Home** | | |
| 14 | Chakkittappara | 15,000.00 |
| 15 | Kallanode | 10,000.00 |
| 16 | Koorachundu | 8,000.00 |
| 17 | Koorachundu | 8,000.00 |
| 18 | Koorachundu | 8,000.00 |
| 19 | Manjakunnu | 8,000.00 |
| 20 | Mukkam | 20,000.00 |
| 21 | Nooramthode | 8,000.00 |
| 22 | Panamplave | 8,000.00 |
| 23 | Pulloorampara | 10,000.00 |
| 24 | Thalayad | 10,000.00 |
| 25 | Thottumukkam | 10,000.00 |
| 26 | Vilangad | 10,000.00 |
| **Marriage** | | |
| 27 | Karimbu | 10,000.00 |
| 28 | Mariapuram | 20,000.00 |
| **Medical** | | |
| 29 | Adackakundu | 10,000.00 |
| 30 | Balussery | 8,000.00 |
| 31 | Chippilithode | 5,000.00 |
| 32 | Chippilithode | 10,000.00 |
| 33 | Karimbu | 8,000.00 |
| 34 | Kondotty | 8,000.00 |
| 35 | Kondotty | 10,000.00 |
| 36 | Manjakunnu | 8,000.00 |
| 37 | Manjuvayal | 8,000.00 |
| 38 | Muthukad | 8,000.00 |
| 39 | Panamplave | 5,000.00 |
| 40 | Passukadave | 8,000.00 |
| 41 | Perinthalmanna | 8,000.00 |
| 42 | Poilomchal | 8,000.00 |
| 43 | Poothampara | 8,000.00 |
| 44 | Pulloorampara | 8,000.00 |
| 45 | Pushpagiri | 8,000.00 |
| 46 | Thottumukkam | 8,000.00 |
| 47 | Valliyadu | 6,000.00 |
| 48 | Venappara | 8,000.00 |
| 49 | Vilakkamthode | 10,000.00 |
| 50 | Vilangad | 8,000.00 |
| 51 | Vilangad | 8,000.00 |
| 52 | Vilangad | 8,000.00 |
| **Miscellaneous** | | |
| 53 | Kakkavayal | 5,000.00 |
| 54 | Payyanad | 10,000.00 |
| | **Total** | **4,78,000.00** |

**ഫാ. കുര്യാക്കോസ് മുകാല**
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

**സെപ്റ്റംബർ 2023**

28 രാവിലെ, താമരശ്ശേരി അരാധന സന്യാസ സമൂഹത്തിന്റെ പ്രവിശ്യാ ഭവനത്തിൽ ദിവ്യബലിയർപ്പിച്ചു.

29 വൈകുന്നേരം, പുല്ലൂരാംപാറ ബഥാനിയായിൽ ധ്യാനത്തിൽ സംബന്ധിക്കുന്നവർക്കായി ദിവ്യബലിയർപ്പിച്ചു.

30 രാവിലെ, രൂപത മൈനർ സെമിനാരിയിൽ നാമഹേതുക തിരുന്നാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിക്കുകയും ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

രൂപതാഭവനിൽ, താമരശ്ശേരി രൂപതയിലെ വിവിധ സന്യാസിനീ ഭവനങ്ങളിലെ സുപ്പീരിയേർസിന്റെ മീറ്റിങ്ങിലും, അഭിവന്ദ്യ പിതാവിന്റെ നാമഹേതുക തിരുന്നാളിനോടനുബന്ധിച്ച് നടന്ന ആഘോഷങ്ങളിലും പങ്കെടുത്തു.

വൈകുന്നേരം ചെലവൂർ, ചെറുപുഷ്പ സന്യാസ സഭയുടെ പ്രവിശ്യാഭവനിൽ വി. കൊച്ചുത്രേസ്യായുടെ തിരുന്നാളിനോടനുബന്ധിച്ച് നടന്ന ആഘോഷങ്ങളിൽ പങ്കെടുക്കുകയും സന്ദേശം നൽകുകയും ചെയ്തു.

**ഒക്ടോബർ 2023**

1 രാവിലെ, താമരശ്ശേരി മേരിമാതാ കത്തീഡ്രൽ ദൈവാലയത്തിൽ, നാമഹേതുക തിരുന്നാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിക്കുകയും ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

വൈകുന്നരം, നാമഹേതുകത്തിരുന്നാളിനോടനുബന്ധിച്ച് രൂപതാഭവനിൽ വച്ചുനടന്ന ആഘോഷങ്ങളിൽ പങ്കെടുത്തു.

2 രാവിലെ, നന്മ കോരങ്ങാട് നിർമ്മിക്കുന്ന ശിഹാബ്തങ്ങൾ ഡയാലിസിസ് സെന്ററിന്റെ മെയിൻ വാർപ്പ് ഉദ്ഘാടനം ചെയ്തു.

താഴെക്കോട് ഇടവകയിൽ ബഹു. മാത്യു പുളിമൂട്ടിൽ അച്ചന്റെ പരേതനായ പിതാവ് ആന്റണി പുളിമൂട്ടിലിന്റെ നാല്പത്തൊന്നാം ചരമദിനത്തോടനുബന്ധിച്ച് ദിവ്യബലി അർപ്പിച്ചു.

വൈകുന്നേരം, കോടഞ്ചേരിയിൽ വെച്ച് നടന്ന താമരശ്ശേരി രൂപ

ത കെ.സി.വൈ.എം. – എസ്.എം.വൈ.എം. രൂപതാ കലോത്സവത്തിൽ വിജയികളായവർക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു.

വൈകുന്നേരം, കൈതപ്പൊയിൽ ലിസ കോളേജിൽ വി. കൊച്ചുത്രേസ്യായുടെ തിരുന്നാളിനോടനുബന്ധിച്ച് നടന്ന ആഘോഷങ്ങളിൽ പങ്കെടുത്തു.

3 രാവിലെ, ദേവഗിരി ഇടവകയിൽ ഒരു കുടുംബത്തിലെ ആറാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നല്കി.

4 രാവിലെ, അമ്പായത്തോട് സ്നേഹനിവാസിൽ വി. ക്ലാരയുടെ തിരുന്നാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

ഉച്ചയ്ക്ക്, ഊരകം സെന്റ് അൽഫോൻസ സ്കൂളിൽ നടന്ന മത സൗഹാർദ്ദ സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചു.

ഉച്ചകഴിഞ്ഞ്, ഊരകം സെന്റ് അൽഫോൻസ സ്കൂളിൽ നടന്ന നാമഹേതുക തിരുന്നാൾ ആഘോഷങ്ങളിൽ പങ്കെടുത്തു.

വൈകുന്നരം, വേനപ്പാറയിൽ പുതുതായി നിർമ്മിക്കുന്ന ഡയാലിസിസ് നിർമ്മാണ കമ്മറ്റി മീറ്റിങ്ങിൽ പങ്കെടുത്തു.

വൈകുന്നേരം, ബഥാനിയായിൽ വെച്ചുനടന്ന നാമഹേതുകതിരുന്നാൾ ആഘോഷങ്ങളിൽ പങ്കെടുത്തു.

5 രാവിലെ, ചാവറ ഹോസ്പിറ്റൽ കപ്പേളയിൽ ദിവ്യബലി അർപ്പിച്ചു.

വൈകുന്നേരം, പേരാമ്പ്ര ഇടവകയിൽ വച്ച് നടന്ന താമരശ്ശേരി രൂപത മതബോധന കേന്ദ്രത്തിന്റെ കൂരാച്ചുണ്ട് ഫൊറോന തല പരിശീലന പരിപാടിയായ പവർസെല്ലിൽ സംബന്ധിച്ചവർക്കു വേണ്ടി ക്ലാസ്സ് എടുത്തു.

6 രാവിലെ, താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരിയിൽ ദിവ്യബലിയർപ്പിക്കുകയും ക്ലാസ്സ് എടുക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, വിയാനി പ്രീസ്റ്റ് ഹോമിൽ ചികിത്സ കഴിഞ്ഞെത്തിയ ബഹു. ഫ്രാൻസിസ് കള്ളികാട്ടച്ചനെയും വിശ്രമത്തിലായിരിക്കുന്ന മറ്റ് വൈദികരെയും സന്ദർശിച്ചു.

വൈകുന്നേരം, കോഴിക്കോട് രൂപതാഭവനിൽ വെച്ച് അഭിവന്ദ്യ വർഗ്ഗീസ് ചക്കാലക്കൽ പിതാവിനോടൊപ്പം ശ്രീമതി കൊച്ചുത്രേസ്യ മുണ്ടന്താനത്ത് രചിച്ച 'കുട്ടികൾക്കുള്ള ദൈവവചനങ്ങൾ' എന്ന പുസ്തകം പ്രകാശനം ചെയ്ത് ആശംസകൾ നേർന്നു.

കോഴിക്കോട് നിർമ്മല ഹോസ്പിറ്റലിൽ, ബഹു. ജേക്കബ് പ്ലാക്കൂട്ടത്തിലച്ചന്റെ രോഗവസ്ഥയിലായിരിക്കുന്ന മാതാവിനെ സന്ദർശിച്ചു.

വൈകുന്നേരം, കോഴിക്കോട് ഗുഡ് ഷെപ്പേർഡ് വൈദിക വിശ്രമ മന്ദിരത്തിൽ നടന്ന നാമഹേതുക തിരുന്നാൾ ആഘോഷങ്ങളിൽ സംബന്ധിച്ചു.

ക്രിസ്റ്റീൻ കോഴിക്കോട് സോൺ, താമരശ്ശേരി രൂപത, ഓൺലൈനായി നടത്തിയ ആനിമേറ്റേഴ്സ് സംഗമവും പ്രവർത്തനവർഷവും ഉദ്ഘാടനം ചെയ്തു.

7 രാവിലെ, കുണ്ടായിത്തോട് ഇടവകയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

പി.എം.ഒ.സി.യിൽ വെച്ച് നടന്ന താമരശ്ശേരി രൂപത ജെറിയാട്രിക് കെയറിന്റെ നേതൃത്വത്തിൽ നടന്ന മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിനായി നടന്ന പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു.

അരീക്കോട് വെച്ച് നടന്ന എസ്.എസ്.എൽ.സി. ബാച്ചിന്റെ സംഗമത്തിൽ സംബന്ധിച്ചു.

ഉച്ചകഴിഞ്ഞ്, മഞ്ഞക്കുന്ന് ഇടവകയിൽ അജപാലന സന്ദർശനത്തിന്റെ ഭാഗമായി രോഗീ സന്ദർശനം നടത്തി.

8 മഞ്ഞക്കുന്ന് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

9 രാവിലെ, താമരശ്ശേരി സാന്തോം മൈനർ സെമിനാരിയിൽ പുതുതായി നിർമ്മിച്ച കപ്പേള വെഞ്ചരിച്ചു.

വൈകുന്നേരം, രൂപതാഭവനിൽ മോൺ. അബ്രാഹം വയലിലിന്റെ നാമഹേതുകത്തിരുന്നാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

10 രാവിലെ, ഗോരഖ്പൂർ രൂപതയുടെ നിയുക്തമെത്രാൻ മാർ മാത്യു നെല്ലിക്കുന്നേലിനെ രൂപതാഭവനിൽ സ്വീകരിച്ചു.

രൂപതാഭവനിൽ നടന്ന കോർഡിനേഷൻ കമ്മറ്റി മീറ്റിങ്ങിൽ സംബന്ധിച്ചു.

വൈകുന്നേരം, അൽഫോൻസ മൈനർ സെമിനാരിയിൽ സുവർണ്ണ–രജത ജൂബിലി ആഘോഷിക്കുന്ന താമരശ്ശേരി രൂപതയിലെ വൈദികരോടൊപ്പം ദിവ്യബലിയർപ്പിക്കുകയും തുടർ

ന്നുള്ള ആഘോഷങ്ങളിൽ സംബന്ധിക്കുകയും ചെയ്തു.

11 രാവിലെ, അഭിവന്ദ്യ മാർ പോൾ ചിറ്റിലിപ്പിള്ളി പിതാവിന്റെ ഭവനം സന്ദർശിച്ചു.

കോതമംഗലം രൂപത, വാഴക്കാല ഇടവകയിൽ ഫിലിപ്പ് നേരി സന്യാസ സമൂഹത്തിന്റെ പുതിയ ഭവനം 'തച്ചന്റെ വീടിന്റെ' വെഞ്ചരിപ്പ് കർമ്മം അഭിവന്ദ്യ മാർ ജോർജ്ജ് മഠത്തിക്കണ്ടം പിതാവിനോടൊപ്പം നിർവ്വഹിച്ചു.

വൈകുന്നേരം, കോതമംഗലം എസ്.ഡി. പ്രവിശ്യാഭവനം സന്ദർശിച്ചു.

12 രാവിലെ, കൂടരഞ്ഞി ഇടവകയിൽ പരേതനായ തങ്കച്ചൻ ഇലഞ്ഞിക്കലിന്റെ നാല്പത്തിയൊന്നാം ചരമദിനത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

പുല്ലൂരാംപാറ ഇടവകയിൽ ചികിത്സയിൽ ആയിരിക്കുന്ന ബഹു. മാത്യു കൊല്ലംപറമ്പിൽ അച്ചനെ ഭവനത്തിൽ സന്ദർശിച്ചു.

കരിമ്പ് ഇടവകയിൽ ഒരു ഭവനം വെഞ്ചരിച്ചു.

13 രാവിലെ, പി.എം.ഒ.സി. യിൽ പ്രീകാന കോഴ്സിൽ പങ്കെടുക്കുന്നവർക്കുവേണ്ടി ദിവ്യബലി അർപ്പിക്കുകയും ക്ലാസ്സ് എടുക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, രൂപതാഭവനിൽ വെച്ച് നടന്ന ഇൻഫാമിന്റെ മീറ്റീങ്ങിൽ പങ്കെടുത്തു.

വൈകുന്നേരം, പോപ്പ് ബനഡിക്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്ന പുതിയ കോഴ്സുകൾ ഓൺലൈനായി ഉദ്ഘാടനം ചെയ്തു.

14 രാവിലെ, കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വെച്ച് എ.കെ.സി.സിയുടെ ആഭിമുഖ്യത്തിൽ നടന്ന നാഷണൽ യൂത്ത് കോൺഗ്രസ് NYC 2k23 ഉദ്ഘാടനം ചെയ്തു.

ഉച്ചകഴിഞ്ഞ്, കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വെച്ച് എ.കെ.സി.സിയുടെ വർക്കിംഗ് കമ്മറ്റി മീറ്റിങ്ങിൽ പങ്കെടുത്തു.

15 കല്ലുരുട്ടി ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

വൈകുന്നരം, രൂപതാ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ മിഷൻ ഗ്രാമങ്ങളെ പരിചയപ്പെടുത്തുന്ന ഓൺലൈനായി നടന്ന സംഗമത്തിൽ പങ്കെടുത്തു.

16 സൗത്ത് ഇന്ത്യൻ ബാങ്ക്, രൂപതയുടെ സേവന വിഭാഗമായ സി. ഒ.ഡി. യ്ക്ക് നൽകുന്ന വാഹനത്തിന്റെ താക്കോൽ കൈമാറ്റ ചടങ്ങിൽ സംബന്ധിച്ചു.

വൈകുന്നേരം, മാഹി സെന്റ് തെരേസാസ് പള്ളിയിൽ വി. അമ്മത്രേസ്യായുടെ തിരുന്നാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

17 രാവിലെ, താമരശ്ശേരി രൂപത മൈനർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികൾക്കായി ക്ലാസ്സെടുത്തു.

വൈകുന്നേരം, ചക്കിട്ടപാറ ഇടവകയിൽ ദിവ്യബലിയർപ്പിക്കുകയും, വി. അന്തോണീസിന്റെ നാമത്തിൽ പുതുതായി നിർമ്മിച്ച ഗ്രോട്ടോ വെഞ്ചരിക്കുകയും ചെയ്തു.

18 രാമനാഥപുരം രൂപതയിൽ വാൽപ്പാറ ഇടവകയിൽ വി. ലൂക്കാശ്ലീഹായുടെ തിരുന്നാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിക്കുകയും ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

19 രാമനാഥപുരം രൂപതയിൽ വാൽപ്പാറ ഇടവകയിൽ വി. കുർബാന അർപ്പിച്ചു.

20 രാവിലെ, ബഹു. ജോർജ്ജ് പൈമ്പള്ളി അച്ചന്റെ രോഗാവസ്ഥയിലായിരിക്കുന്ന മാതാവിനെ ഓമശ്ശേരി ശാന്തി ആശുപത്രിയിൽ സന്ദർശിച്ചു.

മുക്കം ഇടവകയിൽ, ബഹു. റോണി പോൾ കാവിൽ അച്ചന്റെ രോഗാവസ്ഥയിലായിരിക്കുന്ന മാതാവിനെ ഭവനത്തിൽ ചെന്ന് സന്ദർശിച്ചു.

കുന്ദമംഗലം ഇടവകയിൽ നിർമ്മാണത്തിലിരിക്കുന്ന ആൽഫ മരിയ ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിച്ച് നിർമ്മാണ പുരോഗതി വിലയിരുത്തി.

ഉച്ചയ്ക്ക്, കോഴിക്കോട് മിംസ് ഹോസ്പിറ്റലിൽ ചികിത്സയിൽ ആയിരിക്കുന്ന മോൺ. ആന്റണി കൊഴുവനാലിനെ സന്ദർശിച്ചു.

ഉച്ചകഴിഞ്ഞ്, കോഴിക്കോട് ക്രിസ്തുദാസി സന്യാസ സഭയുടെ ജനറലേറ്റ് സന്ദർശിച്ചു.

വൈകുന്നേരം, ചാപ്പൻതോട്ടം ഇടവകയിൽ വിശ്രമത്തിലായിരിക്കുന്ന ബഹു. മാത്യു തകിടിയേൽ അച്ചനെ ഭവനത്തിൽ ചെന്ന് സന്ദർശിച്ചു.

വൈകുന്നേരം, ചാത്തൻകോട്ടുനട സെന്റ് മേരീസ് ധ്യാന സെന്ററിൽ വെച്ച് നടന്ന താമരശ്ശേരി രൂപത മതബോധന കേന്ദ്രത്തിന്റെ മരുതോങ്കര ഫൊറോന തല പരിശീലന പരിപാടിയായ പവർസെല്ലിൽ സംബന്ധിച്ചവർക്കുവേണ്ടി ക്ലാസ്സ് എടുത്തു.

21 രാവിലെ, താമരശ്ശേരി ആരാധന പ്രവിശ്യാ ഭവനത്തിൽ സന്യാസിനികൾക്കായി ക്ലാസ്സെടുത്തു.

ഉച്ചകഴിഞ്ഞ്, തിരുവമ്പാടി ഇടവകയിൽ അഭിവന്ദ്യ തൂങ്കുഴി പിതാവിന്റെ പരേതയായ സഹോദരി അന്നമ്മ കട്ടക്കലിനുവേണ്ടി ഭവനത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

വൈകുന്നേരം, തിരുവമ്പാടിയിൽ, താമരശ്ശേരി രൂപത കെരിഗ്മ സർവ്വീസ് ടീമിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന സ്നേഹസന്ദേശ യാത്രയുടെ രൂപതാതല ഉദ്ഘാടനം നിർവ്വഹിച്ചു.

പുല്ലൂരാംപാറ, ബഥാനിയായിൽ ധ്യാനത്തിൽ സംബന്ധിക്കുന്നവർക്കു വേണ്ടി ദിവ്യബലിയർപ്പിച്ചു.

22 ചക്കിട്ടപാറ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

23 രാവിലെ, പാലക്കാട് രൂപത, കാരാപ്പാടം സെന്റ് ജോസഫ്സ് ഇടവകയിൽ ബഹു. വിൻസെന്റ് കണ്ടത്തിൽ അച്ചന്റെ സഹോദരി വത്സ ജോബിയുടെ നാല്പത്തിയൊന്നാം ചരമ ദിനത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

വൈകുന്നേരം, മാനന്തവാടി രൂപത, കണിയാരം സെന്റ് ജോസഫ്സ് ഇടവകയിൽ ഒരു വിവാഹ വാഗ്ദാനം ആശീർവദിച്ചു.

24 ഉച്ചയ്ക്ക്, പാലാ രൂപത, തുടങ്ങനാട് ഇടവകയിൽ, താമരശ്ശേരി രൂപത വൈദികനായ പരേതനായ ഫ്രാൻസിസ് കള്ളികാട്ടച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

25 വൈകുന്നേരം, മേരിക്കുന്ന് നിർമ്മല ഹോസ്പിറ്റലിൽ ചികിത്സയിൽ ആയിരിക്കുന്ന താമരശ്ശേരി രൂപത വൈദികൻ ബഹു. മാത്യു തകിടിയേൽ അച്ചനെ സന്ദർശിച്ചു.

26 രാവിലെ, താമരശ്ശേരി ചാവറ ഹോസ്പിറ്റലിൽ മുതിർന്നവർ ക്കുള്ള സൗജന്യ ഹൃദ്രോഗ നിർണ്ണയ ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

വെറ്റിലപ്പാറ ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

വൈകുന്നേരം, ചാപ്പൻതോട്ടം ഇടവകയിൽ, താമരശ്ശേരി രൂപത വൈദികനായ പരേതനായ മാത്യു തകിടിയേൽ അച്ചന്റെ മൃത സംസ്കാര ശുശ്രൂഷകൾക്ക്, അഭിവന്ദ്യ പിതാക്കന്മാരായ മാർ ജോർജ്ജ് വലിയമറ്റം പിതാവിനോടും മാർ തോമസ് ഇലവനാൽ പിതാവിനോടുമൊപ്പം കാർമ്മികത്വം വഹിച്ചു.

27 രാവിലെ, പുല്ലൂരാംപാറ ബഥാനിയായിൽ അഖണ്ഡജപമാലയുടെ സമാപനത്തിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, തിരുവമ്പാടി ഇടവകയിൽ ബഹു. ജോർജ്ജ് പൈമ്പിള്ളി അച്ചന്റെ രോഗാവസ്ഥയിലായിരിക്കുന്ന മാതാവിനെ ഭവനത്തിൽ സന്ദർശിച്ച് രോഗീലേപനം നൽകി.

വൈകുന്നേരം, അഗസ്ത്യാമൂഴി ആശുപത്രിയിൽ ചികിത്സയിൽ ആയിരിക്കുന്ന ബഹു. ജോസഫ് കാപ്പിലച്ചനെ സന്ദർശിച്ചു.

28 രാവിലെ, കോഴിക്കോട്, മേരിക്കുന്ന് എം.എസ്.ജെ. പ്രവിശ്യാ ഭവനത്തിൽ ഏതാനും അർത്ഥിനികളുടെ വ്രതവാഗ്ദാന ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിക്കുകയും ദിവ്യബലിയർപ്പിക്കുകയും ചെയ്തു.

# POPE FRANCIS ON SOLEMNITY OF ALL SAINTS



Dear Brothers and Sisters,

On this solemn Feast of All Saints, the Church invites us to reflect on the great hope, that is based on Christ's Resurrection: Christ is risen and we will also be with him. The Saints and Blesseds are the most authoritative witnesses of Christian hope, because they lived it fully in their lives, amidst joys and sufferings, putting into practice the Beatitudes that Jesus (cf. Mt 5:1-12a). The evangelical Beatitudes, in fact, are the path to holiness.

Dear brothers and sisters, choosing purity, meekness and mercy; choosing to entrust oneself to the Lord in poverty of spirit and in affliction; dedicating oneself to justice and peace - all this means going against the current in respect to this world's mindset, in respect to the culture of possession, of meaningless fun, of arrogance against the weakest. This evangelical path was trodden by the Saints and Blesseds.

Today's solemnity that honours All Saints reminds us of the personal and universal vocation to holiness, and proposes sure models for this journey that each person walks in a unique way, an unrepeatable way. It is enough to think of the inexhaustible variety of gifts and real-life stories there are among the saints: they are not all the same, each one has their own personality, and developed their own life of holiness according to their own personality. Each one of us can do it, take this path: meekness, meekness, please, and we will head toward holiness..

താമരമൊട്ടുകൾ നവംബർ 2023

# THAMARAMOTTUKAL

Registered with Registrar of Newspapers of India.

| RNI NO. 71212/99 | Date of Publication : 31-10-2023 |



Our Lord JESUS CHRIST, KING of the Universe

Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 25, issue 11, November 2023, Pages 80.